
VOL NO: 07 I ISSUE 21
www.nerpatham.com
mail@nerpatham.com
2023 MAY 27 I ₹10

# നേർപഥം
വാരിക

# ഹയർ സെക്കന്ററി: ഒരു മലബാർ വിവേചനം



എസ്.എസ്.എൽ.സി പരീക്ഷയുടെ വിജയാരവങ്ങൾക്കിടയിലും ഉയർന്ന ശതമാനക്കണക്കിന്റെ സന്തോഷങ്ങൾക്കിടയിലും പതിവുപോലെ ആശങ്കയിലാണ് മലബാറിലെ വിദ്യാർഥികൾ. ആളും ആരവവും ഫ്ളക്സാഘോഷവും അരങ്ങൊഴിഞ്ഞാൽ ഉപരിപഠനത്തിന് എന്തുവഴിയെന്ന ഗൗരവപരമായ ചോദ്യത്തിലേക്ക് പുരികം ചുളിക്കേണ്ടതുണ്ട് ഇവർക്ക്! തെക്കൻ കേരളത്തിൽ ധാരാളം സീറ്റുകൾ ഒഴിഞ്ഞു കിടക്കുമ്പോഴും സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ്, താൽക്കാലിക ബാച്ച്, വി.എച്ച്.സി, ഐ.ടി.ഐ... എല്ലാം കൂട്ടിയാലും മലബാറിലെ കാൽ ലക്ഷത്തോളം വിദ്യാർഥികൾ പടിക്ക് പുറത്താണ്. ആണ്ടുതോറുമുള്ള രാഷ്ട്രീയ കോലാഹലങ്ങൾക്കും സമരാഭാസങ്ങൾക്കുമപ്പുറം ക്രിയാത്മകവും ജനാധിപത്യപരവുമായ നടപടികളാണ് സർക്കാരിന്റെ ഭാഗത്തു നിന്നും ഇനി ആവശ്യമായിട്ടുള്ളത്.

## നബി ﷺ യുടെ ഹജ്ജ്

|| ആദികാരണം ആശ്രയവാദത്തിൽ
|| അർഥം തേടി അലയുന്ന ‘പ്രവാചകൻ!’
|| ഉയരുന്ന വിജയശതമാനവും ഉയരാത്ത സൗകര്യങ്ങളും

നബി ﷺ യുടെ അനുചരന്മാരുടെ സഹചാരികളാണ് താബിഉകൾ. ഉത്തമ തലമുറയിൽപെട്ട മഹാന്മാരാണിവർ. ഇസ്‌ലാമിന് ഇവർ ചെയ്ത സേവനങ്ങൾ എണ്ണമറ്റതാണ്.

വിശ്വാസം, വിജ്ഞാനം, വിചാരം എന്നിവ സംഗമിക്കുന്ന അവരുടെ ചരിത്ര സ്മരണകൾ വിശ്വാസികൾക്ക് ഏറെ പുതുമയും ആത്മീയ ഉണർവും നൽകുമെന്നതിൽ സംശയമില്ല.

വ്യത്യസ്ത പദവികളിലുള്ള നൂറ്റിഏഴ് താബിഉകളുടെ ജീവിതത്തിന്റെ ഏടുകളാണ് ഈ കൃതിയുടെ ഉള്ളടക്കം. ഏറെ ആവേശവും അതിലേറെ കൗതുകവും നിറഞ്ഞതാണ് ഇതിലെ ഓരോ അധ്യായങ്ങളും. ചരിത്ര വിജ്ഞാനിയത്തിന്റെ ആഴം അറിഞ്ഞ പണ്ഡിതൻ അബ്ദുൽ ജബ്ബാർ മദീനിയുടെ കഠിന പ്രയത്നത്തിന്റെ അടയാളമാണിത്. മലയാളത്തിൽ ഇത്തരമൊന്ന് വേറെയില്ല.

## രണ്ട് വാല്യങ്ങൾ





**വില:**
**₹500+₹500=₹1000**
**ഇപ്പോൾ:**
**₹750**

WISDOM BOOKS

**PUBLISHING || DISTRIBUTION**
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 7356766478

0331

# നേർപഥം

വാരിക

2023 മെയ് 27
1444 ദുൽഖഅ്ദ് 07
പുസ്തകം 07 / ലക്കം 21






Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്റ്റോറി

10



ഹയർ സെക്കന്ററി:
ഒരു മലബാർ വിവേചനം
മുജീബ് ഒട്ടുമ്മൽ

മുഖമൊഴി
05
ഉയരുന്ന വിജയശതമാനവും
ഉയരാത്ത സൗകര്യങ്ങളും

ഹദീസ് പാഠം
06
നബി(സ്വ)യുടെ
ഹജ്ജ്
അബ്ദുൽ ഖാലിക്ക്

ലേഖനം
26
ദിക്റിന്റെ
വഴിയിലെ തടസ്സങ്ങൾ
ശമീർ മദീനി

ലേഖനം
18
ആദികാരണം
ആശ്രയവാദത്തിൽ
ഷാഹുൽ പാലക്കാട്

ലേഖനം
29
അർഥം തേടി അലയുന്ന
'പ്രവാചകൻ!'
പി പി അബ്ദുർറഹ്മാൻ
കൊടിയത്തൂർ

ക്വുർആൻ ദർശനം
23
സൂറ: ഫുസ്സിലത്ത്
അബ്ദുർറഹ്മാനുബ്നു
നാസിറുസ്സഅ്ദി

ബാലപഥം
34
അവധിക്കാലവും
വിരുന്നുയാത്രയും
ഉസ്മാൻ പാലക്കാഴി

# മക്കളെ കൊലയ്ക്ക് കൊടുക്കുന്ന രക്ഷിതാക്കൾ!

'നിർബന്ധിച്ച് വൈദ്യപഠനത്തിന് ചേർത്തു, മെഡിക്കൽ കോളേജ് ഡീനിന്റെ മകൾ ജീവനൊടുക്കി' (മാതൃഭൂമി 28.4.23).

'ചെന്നൈയിലെ മാങ്കോട്ടുള്ള മുത്തുകുമാരൻ മെഡിക്കൽ കോളേജ് ഡീനായ കാശിനാഥന്റെ മകൾ ഷൈലയാണ് ഈ കടുംകൈ ചെയ്തത്. ആദ്യവർഷ പഠനത്തിന് ശേഷം പലതവണ പഠനം നിർത്താൻ ഷൈല ശ്രമിച്ചെങ്കിലും വീട്ടുകാർ തുടരാൻ നിർബന്ധിക്കുകയായിരുന്നു. രണ്ട് മാസത്തോളം വിഷാദ രോഗിയെപോലെ വീടിനകത്ത് തന്നെ കഴിച്ചു കൂട്ടിയ ഷൈല ജീവനൊടുക്കുകയായിരുന്നു.'

ഡോക്ടർ, എഞ്ചിനീയർ എന്നീ പദവികൾക്കപ്പുറത്തും ലോകമുണ്ടെന്ന് മനസ്സിലാക്കാൻ കൂട്ടാക്കാത്ത രക്ഷിതാക്കളാണ് കുട്ടികൾക്ക് നേടാൻ പ്രയാസമായത് അവർ നേടിയേ തീരൂ എന്ന് ശഠിക്കുന്നത്. തങ്ങളുടെ മക്കളുടെ സ്വതസിദ്ധമായ അഭിരുചികൾക്കും കഴിവുകൾക്കും ആഗ്രഹാഭിലാഷങ്ങൾക്കും അനുസൃതമായവ നേടാൻ സഹായമായി വർത്തിക്കുന്നതാണ് ബുദ്ധി എന്ന് അവർ തിരിച്ചറിയേണ്ടിയിരിക്കുന്നു.

തങ്ങൾ കെട്ടിയുണ്ടാക്കുന്ന ആകാശക്കോട്ടകളുടെ ലോകത്തേക്ക് പറന്നുയരാൻ കഴിയാതെ പോകുന്ന മക്കളെ, അതിന്നായി നിർബന്ധിക്കുകയും ശകാരിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്ന രക്ഷിതാക്കളെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളാണ് കാത്തിരിക്കുന്നതെന്ന അനുഭവയാഥാർഥ്യമാണ് ചെന്നൈയിൽ ജീവനൊടുക്കിയ വൈദ്യപഠന വിദ്യാർഥിനി സമൂഹത്തോട് വിളിച്ചുപറഞ്ഞിരിക്കുന്നത്

**-റഹ്മാൻ മധുരക്കുഴി**

# അവധിക്കാലം കഴിഞ്ഞു: ചില ഓർമപ്പെടുത്തലുകൾ

ലോകത്തിലെ ഏറ്റവും ആദരണീയവും മഹത്തരമായതും സമൂഹത്തിൽ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തുന്നതുമായ തൊഴിലാണ് അധ്യാപനം. ഒരു കുട്ടിയിലെ പ്രതിഭയുടെ വികസനത്തിന് അടിത്തറ ഒരുക്കിക്കൊടുക്കാൻ ഒരു നല്ല ഗുരുനാഥന് കഴിയും.

വിദ്യാർഥികളുടെ അറിയാനുള്ള താൽപര്യത്തെ പ്രചോദിപ്പിക്കുന്നവരാണ് യഥാർഥ അധ്യാപകർ. ജീവിതത്തിൽ ഒരു അറിവും നിസ്സാരമല്ല. കുട്ടികളെ നല്ല പൗരന്മാരാക്കുന്നതിൽ അധ്യാപകരുടെ റോൾ വളരെ വലുതാണ്. പാഠപുസ്തകങ്ങൾക്കകത്തുള്ളതിനപ്പുറമുള്ള അറിവിന്റെയും വിവേകത്തിന്റെയും ജീവിതത്തിന്റെയും മൂല്യവത്തായ പാഠങ്ങൾ പകർന്നുനൽകുന്നവരാകണം അധ്യാപകർ. തങ്ങളുടെ കൈകളിൽ വിശ്വസിച്ചേൽപിക്കപ്പെട്ട സൂക്ഷിപ്പു മുതലാണ് വിദ്യാർഥി സമൂഹം എന്ന കാര്യം അധ്യാപകർ വിസ്മരിച്ചുകൂടാ.

മക്കളെ ഉപദേശിക്കാനും തെറ്റുകളിൽനിന്ന് പിന്തിരിപ്പിക്കാനുമുള്ള അവകാശം അധ്യാപകർക്കുണ്ട് എന്ന ബോധം രക്ഷിതാക്കൾക്കു വേണം. ചെറിയ ശിക്ഷ നൽകുകയോ തെറ്റു ചൂണ്ടിക്കാട്ടി ഉപദേശിക്കുകയോ ചെയ്താൽ പോലും അധ്യാപകരെ തല്ലാനും തെറിപറയാനും തയ്യാറാകുന്ന രക്ഷതാക്കൾ മക്കൾക്കു നൽകുന്നത് എന്തു സന്ദേശമാണ്?

തങ്ങളുടെ വികലമായ ചിന്തകളും ആശയങ്ങളും അടിച്ചേൽപിക്കാനുള്ള പരീക്ഷണ വസ്തുവായി ശിഷ്യന്മാരെ കണക്കാക്കുന്ന ചില ഗുരുനാഥന്മാരുണ്ട്. ചിലർ വിദ്യനുകരാനെത്തുന്ന കുരുന്നുകൾക്കിടയിൽ ഭിന്നിപ്പും ചേരിതിരിവും ഉണ്ടാക്കുന്നു. അധ്യാപകവൃത്തിയെ കേവലം ഒരു തൊഴിലായും ആ തൊഴിലിനു സമൂഹം നൽകുന്ന പിന്തുണ എന്തും ചെയ്യാനുള്ള അംഗീകാരമായും കരുതുന്നവർ പൊതുസമൂഹത്തിന്റെ നന്മയല്ല അഗ്രഹിക്കുന്നതെന്ന് വ്യക്തം. അധ്യാപകരുടെ വാക്കും നോട്ടവും നടപ്പും ഇരിപ്പും വേഷവിധാനവുമെല്ലാം കൊച്ചു കുട്ടികളെ വല്ലാതെ സ്വാധീനിക്കുമെന്നതിനാൽ അവർ മാതൃകയായി വർത്തിക്കുന്നവരാകണം.

**-ആഷിഖ. എ.വി,നടുവട്ടം**

# ഉയരുന്ന വിജയശതമാനവും ഉയരാത്ത സൗകര്യങ്ങളും

2022-23ലെ പത്താം ക്ലാസ് പരീക്ഷയുടെ റിസൽട്ട് പുറത്തുവന്നതിന്റെ ഹരത്തിലാണ് വിദ്യാർഥികളും അവരുടെ രക്ഷിതാക്കളും അധ്യാപകരും സ്കൂൾ അധികൃതരുമെല്ലാം. വിജയ ശതമാനം 99.70 ആണ്. വിജയിക്കാത്തവർ വിരളം. മുഴുവൻ എ പ്ലസ് നേടിയവരുടെ എണ്ണം 68,604. ആകെ 3061 സ്കൂളുകളിൽ 2581 ഇടത്തും മുഴുവൻ വിദ്യാർഥികളും ഉപരിപഠന യോഗ്യത നേടി.

വിജയ ശതമാനം ഇത്തരത്തിൽ ഉയരാൻ കാരണം എല്ലാ കുട്ടികളും ഒരുപോലെ നന്നായി പഠിച്ചതോ 'ജയിപ്പിച്ച് വിട്ടതോ' എന്ന ചോദ്യം അപ്രസക്തമല്ല. അതെന്തോ ആകട്ടെ, ജയിച്ച കുട്ടികൾക്കെല്ലാം ഉപരി പഠനത്തിനുള്ള അവസരമുണ്ടോ? പ്ലസ് വൺ കോഴ്സിന് അപേക്ഷിക്കുന്ന കുട്ടികൾക്കെല്ലാം പ്രവേശനം കിട്ടുമോ? ഓരാ ജില്ലയിലെയും ഉപരി പഠനത്തിനു യോഗ്യത നേടിയ കുട്ടികൾക്ക് അവരവരുടെ ജില്ലകളിൽതന്നെ പഠിക്കാനുള്ള സീറ്റുകളുണ്ടോ? ഇല്ല എന്നുതന്നെയാണ് ഉത്തരം. പല ജില്ലകളിലും ആവശ്യമായ സീറ്റുകൾ ഇല്ല. മലബാർ മേഖലയിലാണ് സീറ്റുകളുടെ കുറവ് കൂടുതലുള്ളത്. അതിൽതന്നെ മലപ്പുറം ജില്ലയിലാണ് കൂടുതൽ കുറവ്.

കോഴിക്കോട് ജില്ലയിൽ തുടർപഠനത്തിന് യോഗ്യത നേടിയവരും നിലവിലുള്ള സീറ്റുകളും തമ്മിൽ 9218ന്റെ അന്തരമാണുള്ളത്. മലപ്പുറം ജില്ലയിലാകട്ടെ 35877 സീറ്റുകളുടെ കുറവാണുള്ളത്. 77827 കുട്ടികൾ തുടർപഠനത്തിന് അവസരം നേടിയ മലപ്പുറം ജില്ലയിൽ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് മേഖലകളിലുള്ള ആകെ സീറ്റ് 41950 മാത്രമാണ്. 35877 കുട്ടികൾക്ക് സീറ്റില്ലെന്നർഥം.

മലബാർ മേഖലയിലെ മറ്റു ജില്ലകളിലെ സീറ്റ് കുറവിന്റെ കണക്ക് ഇങ്ങനെ: പാലക്കാട് 4834, വയനാട് 1786, കണ്ണൂർ 4714, കാസർകോട് 3581. തിരുവനന്തപുരത്ത് 990, കൊല്ലത്ത് 2181, പത്തനംതിട്ടയിൽ 6277, ആലപ്പുഴയിൽ 3630, കോട്ടയത്ത് 5497, ഇടുക്കിയിൽ 1855, എറണാകുളത്ത് 895, തൃശൂരിൽ 441 എണ്ണം സീറ്റുകൾ അധികമാണ് എന്നതോർക്കുക. അത്രയും സീറ്റുകൾ ഒഴിഞ്ഞുകിടക്കുമ്പോഴാണ് മലബാർ ജില്ലകളിലെ കുട്ടികൾ പുറത്തിരിക്കേണ്ടി വരുന്നത്.

മലബാർ ജില്ലകളിലെ ഹയർ സെക്കന്ററി സീറ്റ് ക്ഷാമം പരിഹരിക്കാൻ മലപ്പുറം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ ജില്ലകളിൽ 150 അധിക ബാച്ച് അനുവദിക്കണമെന്ന് കാർത്തികേയൻ നായർ സമിതി ശുപാർശ ചെയ്തിരുന്നു. എന്നാൽ സർക്കാർ ഇതുവരെയും അത് പരിഗണിച്ചിട്ടില്ല. ഈ ജില്ലകളിൽ 10 ശതമാനം സീറ്റ് വർധന അനുവദിക്കാമെന്നും മറ്റു ജില്ലകളിൽ സീറ്റ് വർധന പാടില്ലെന്നും നിർദേശത്തിലുണ്ട്. ഇത് പരിഗണിച്ചാൽ ഒരു ബാച്ചിൽ പരമാവധി 55 വിദ്യാർഥികൾക്കായിരിക്കും പ്രവേശനമുണ്ടായിരിക്കുക.

സീറ്റ് വർധന 10 ശതമാനത്തിലേക്ക് ചുരുക്കുകയും പുതിയ ബാച്ച് അനുവദിക്കാതിരിക്കുകയും ചെയ്താൽ ഉപരിപഠനത്തിന് അവസരം ലഭിക്കുന്നവരുടെ എണ്ണം ഗണ്യമായി കുറയും. അധിക ബാച്ചില്ലെന്നും കുട്ടികളില്ലാത്ത ബാച്ചുകളുടെ പുനഃക്രമീകരണമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നുമാണ് നേരത്തെ അധ്യാപക സംഘടനകളുടെ യോഗത്തിൽ വിദ്യാഭ്യാസ മന്ത്രി വ്യക്തമാക്കിയിരുന്നത്. ഈ നിലപാടുമായി സർക്കാർ മുന്നോട്ടു പോകുകയാണെങ്കിൽ ഇത്തവണയും വിദ്യാർഥികളുടെ ഉപരിപഠന മോഹം തകരും. കഴിഞ്ഞ അധ്യായന വർഷത്തിൽ കാസർകോട് മുതൽ പാലക്കാട് വരെയുള്ള ജില്ലകളിൽ 25,054 പ്ലസ് വൺ സീറ്റുകളാണ് കുറവുണ്ടായിരുന്നത്. മാർജിനൽ വർധനവിലൂടെ 4875 സീറ്റുകൾ ലഭിച്ചെങ്കിലും 20179 വിദ്യാർഥികൾക്ക് അവസരം നിഷേധിക്കപ്പെടുന്ന സ്ഥിതിയുണ്ടായി. ഓരോ ക്ലാസിലും അറുപത്തിയഞ്ചിൽ കൂടുതൽ വിദ്യാർഥികളെയിരുത്തുന്നതും വലിയ പ്രയാസമാണ് സൃഷ്ടിച്ചത്. സർക്കാർ ഉചിതമായ തീരുമാനമെടുക്കുമെന്നും കുട്ടികളുടെയും രക്ഷിതാക്കളുടെയും ആശങ്കകൾ അകറ്റുമെന്നും പ്രതീക്ഷിക്കാം.



(ഇമാം മുസ്‌ലിം ഉദ്ധരിച്ച ഹദീഥിന്റെ പൂർണരൂപം)

# നബി(സ്വ)യുടെ ഹജ്ജ്

**അബ്ദുൽ ഖാലിക്വ്**

അലി(റ)യുടെ മകൻ ഹുസൈനി(റ)ന്റെ പൗത്രൻ മുഹമ്മദ്(റ) നിവേദനം, ചെയ്യുന്നു: “ഞങ്ങൾ ജാബിറുബ്നു അബ്ദുല്ലാ(റ)യുടെ അടുക്കൽ കടന്നു ചെന്നു. അദ്ദേഹം ഞങ്ങളിലെ ഓരോരുത്തരെയായി പരിചയപ്പെട്ടു. അവസാനം എന്റെ അവസരമെത്തി. എന്നെ മനസ്സിലായപ്പോൾ അദ്ദേഹം വസ്ത്രത്തിനുള്ളിലൂടെ നെഞ്ചിൽ കൈവെച്ചുകൊണ്ട് പറയുകയുണ്ടായി: ‘എന്റെ സഹോദര പുത്രാ! നിനക്ക് സ്വാഗതം. നീ വേണ്ടത് ചോദിച്ചു കൊള്ളുക.’ ഞാൻ അന്ന് ചെറുപ്രായക്കാരനായിരുന്നു. അദ്ദേഹം കണ്ണു കാണാത്ത അവസ്ഥയിലെത്തുകയും ചെയ്തിരുന്നു.

ഞാൻ നബി(സ്വ)യുടെ ഹജ്ജിനെക്കുറിച്ച് ചോദിച്ചു. അപ്പോഴേക്കും നമസ്കാര സമയമായിരുന്നു. അദ്ദേഹം ഒരു പ്രത്യേകതരം വസ്ത്രം തന്റെ ശരീരത്തിൽ ചുറ്റിപ്പിടിപ്പിച്ച് നമസ്കരിക്കുവാൻ നിന്നു. അതിന്റെ ചെറുപ്പം കാരണം രണ്ടറ്റങ്ങളും ചുളിഞ്ഞുകയറിയിരുന്നു. അദ്ദേഹത്തിന്റെ തലയിലിടുന്ന ഷാൾ ഹാങ്കറിന്മേൽ തന്നെയുണ്ടായിരുന്നു. ഞങ്ങളെയും കൂട്ടി നമസ്കാരം പൂർത്തിയാക്കിയ ശേഷം തന്റെ ചൂണ്ടുവിരൽ നിവർത്തിയും ബാക്കി വിരലുകൾ മടക്കിയും പിടിച്ച് അദ്ദേഹം പറയുകയുണ്ടായി:

"നബി(സ്വ) ഹിജ്റയുടെ ഒൻപതാം വർഷം വരെ ഹജ്ജ് ചെയ്തിരുന്നില്ല, ഹിജ്റയുടെ പത്താം വർഷം നബി(സ്വ) ഹജ്ജിനു പോകുന്നതായി പ്രഖ്യാപനം നടത്തുകയുണ്ടായി. അതറിഞ്ഞ് അറേബ്യയുടെ നാനാ ദിക്കുകളിൽനിന്നും ധാരാളം പേർ മദീനയിൽ വന്നുചേർന്നു. നബി (സ്വ)യുടെ ഹജ്ജ് കണ്ടു പഠിക്കു കയും പകർത്തുകയും അദ്ദേഹത്തിന്റെ കൂടെ ഹജ്ജ് നിർവഹിക്കുകയെന്ന ജീവിതാഭിലാഷം പൂർത്തീകരിക്കുകയുമായിരുന്നു അവരുടെയെല്ലാം ലക്ഷ്യം. നബി(സ്വ)യുടെ കൂടെ ഞങ്ങളും പുറപ്പെട്ടു, ദുൽഖുലൈഫയിലെത്തിയപ്പോൾ അസ്മാഅ് ബിൻത് ഉമൈസ്(റ) അബൂബക്റി(റ)ന്റെ മകൻ മുഹമ്മദിനെ പ്രസവിക്കുകയുണ്ടായി. എന്ത് ചെയ്യണമെന്നറിയാൻ അവർ നബി(സ്വ)യുടെ അടുത്തേക്ക് ആളെയയച്ചു. കുളിച്ചു വൃത്തിയായി ഇഹ്റാം ചെയ്യുവാനും രക്തം വരുന്ന ഭാഗത്ത് തുണിയുപയോഗിച്ച് നന്നായി കെട്ടുവാനും അവരോട് നബി (സ്വ) കൽപിച്ചു. നബി(സ്വ) ദുൽഖുലൈഫയിൽ വെച്ച് നമസ്കരിച്ചു. ശേഷം ഖസ്വാ എന്ന തന്റെ ഒട്ടകപ്പുറത്തു കയറി സവാരിയാരംഭിച്ചു. ബൈദാഇലെത്തിയപ്പോൾ ഞാൻ നാലുപാടും നോക്കി. നബി (സ്വ)ക്ക് ചുറ്റും നടക്കുന്നവരും സവാരിക്കാരായും കണ്ണെത്താദൂരം വരെ വിശ്വാസി സമൂഹം സഞ്ചരിക്കുന്നത് ഞാൻ കാണുകയുണ്ടായി. നബി(സ്വ)ക്ക് വഹ്‌യ് വന്നുകൊണ്ടിരിക്കുകയും അവിടുന്ന് ഞങ്ങൾക്കത് വിശദീകരിച്ചു തന്നുകൊണ്ടുമിരുന്നു. നബി(സ്വ)യുടെ കർമങ്ങൾക്കനുസരിച്ച് ഞങ്ങളും പ്രവർത്തിച്ചുകൊണ്ടിരുന്നു. അവിടുന്ന് തൗഹീദിന്റെ തൽബിയത്ത് ഉച്ചത്തിൽ ചൊല്ലിക്കൊണ്ടിരുന്നു: 'ലബ്ബൈകല്ലാഹുമ്മ ലബ്ബൈക്, ലബ്ബൈക ലാ ശരീക ലക ലബ്ബൈക്, ഇന്നൽ ഹംദ വന്നിഅ്മത ലക വൽ മുൽക്, ലാ ശരീക ലക.'

ജനങ്ങൾ അവർ ചൊല്ലിക്കൊണ്ടിരുന്നതും ചൊല്ലിക്കൊണ്ടിരുന്നു, നബി അവരോട് ഒന്നും പറയുകയുണ്ടായില്ല, തന്റെ തൽബിയ്യത്തിൽ മാറ്റം വരുത്തുകയും ചെയ്തില്ല.

ജാബിർ തുടർന്നു പറയുകയുണ്ടായി: 'ഞങ്ങളാരും ഹജ്ജല്ലാതെ മറ്റൊന്നും ഉദ്ദേശിച്ചിട്ടുണ്ടായിരുന്നില്ല. ഉംറയെക്കുറിച്ച് ഞങ്ങൾക്ക് യാതൊരു അറിവുമുണ്ടായിരുന്നില്ല.'

എന്നാൽ നബി(സ്വ) കഅ്ബയുടെ അടുത്തെത്തി ഹജറുൽ അസ്‌വദിനെ ചുംബിക്കുകയും മൂന്ന് ചുറ്റ് റമൽ ചെയ്തും നാലു ചുറ്റ് നടന്നും ത്വവാഫ് പൂർത്തിയാക്കുകയും ചെയ്തു. നിങ്ങൾ ഇബ്റാഹീം നിന്ന സ്ഥലത്തുവച്ച് നമസ്കരിക്കുക എന്ന ആയത്ത് പാരായണം ചെയ്തുകൊണ്ട് മക്വാമു ഇബ്റാഹീമിനടുത്ത് വന്ന് അത് കഅ്ബയുടെ ഇടയിൽ വരുന്ന രൂപത്തിൽ നിന്ന് രണ്ടു റക്അത്തു നമസ്കരിച്ചു. ഒന്നാമത്തെ റക്അത്തിൽ സൂറത്തുൽ കാഫിറൂനും രണ്ടാമത്തേതിൽ ഇഖ്‌ലാസുമായിരുന്നു പാരായണം ചെയ്തിരുന്നത്. അതു കഴിഞ്ഞ് ഹജറുൽ അസ്‌വദിനടുത്ത് വന്ന് അതിനെ തൊട്ടുമുത്തി.

ശേഷം സ്വഫായിലേക്കു പുറപ്പെടുകയും അതിനു മുകളിലേക്ക് കയറിയപ്പോൾ 'നിശ്ചയമായും സ്വഫയും മർവയും അല്ലാഹുവിന്റെ ചിഹ്നങ്ങളിൽ പെട്ടതാകുന്നു...' എന്ന ആയത്ത് പാരായണം ചെയ്യുകയുമുണ്ടായി. കഅ്ബാ ശരീഫ് കാണുന്നതുവരെ നബി (സ്വ) അതിനു മുകളിലേക്കു കയറി. ക്വിബ്‌ലയിലേക്കു തിരിഞ്ഞുകൊണ്ട് തന്നെ 'ലാ ഇലാഹ ഇല്ലല്ലാഹു. വഹ്ദഹു ലാ ശരീക ലഹു, ലഹുൽ മുൽകു വലഹുൽ ഹംദു, വഹുവ അലാ കുല്ലി ശൈഇൻ ക്വദീർ, ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു, അൻജസ വഅ്ദഹു, വ നസ്വറ അബ്ദഹു, വ ഹസമൽ അഹ്സാബ വഹ്ദഹു' എന്നു പ്രാർഥിച്ചു. മൂന്നു പ്രാവശ്യമായിരുന്നു അതു പറഞ്ഞിരുന്നത്.

പിന്നീട് സ്വഫയിൽനിന്നിറങ്ങി മർവയിലേക്കു പോയി. താഴ്‌വരയുടെ താഴ്ഭാഗത്ത് കാൽ നേരെ ചവിട്ടാവുന്ന സ്ഥലത്ത് എത്തിയപ്പോൾ അവിടുന്ന് ഓടുവാൻ തുടങ്ങി. മർവയിലേക്കുള്ള കയറ്റമാരംഭിച്ചപ്പോൾ അവിടുന്ന് ഓട്ടം നിർത്തി നടക്കുവാൻ തുടങ്ങി. മർവയിലും സ്വഫായിൽ ചെയ്തതു പോലെയുള്ള പ്രാർഥന നിർവഹിച്ചു. സഅ്‌യിന്റെ അവസാന ചുറ്റിൽ സ്വഫായിൽ എത്തിയപ്പോൾ അവിടുന്ന് പറഞ്ഞു: 'എനിക്ക് വൈകിത്തോന്നിയ കാര്യം മുമ്പുതന്നെ തോന്നുകയും ഞാൻ ബലിമൃഗങ്ങളെ കൂടെ കൊണ്ടുവരികയും ചെയ്തിട്ടി

**സഅ്‌യിന്റെ അവസാന ചുറ്റിൽ സ്വഫായിൽ എത്തിയപ്പോൾ അവിടുന്ന് പറഞ്ഞു: 'എനിക്ക് വൈകിത്തോന്നിയ കാര്യം മുമ്പുതന്നെ തോന്നുകയും ഞാൻ ബലിമൃഗങ്ങളെ കൂടെ കൊണ്ടുവരികയും ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ ഞാൻ ഇപ്പോഴത്തെ ത്വവാഫും സഅ്‌യും ഉംറക്കുള്ളതാക്കി മാറ്റുമായിരുന്നു. അതിനാൽ ബലിമൃഗം കൊണ്ടുവരാത്തവരെല്ലാം ഇപ്പോൾ ഉംറയിലേക്ക് മാറുകയും ഇഹ്റാമിൽനിന്നു വിരമിക്കുകയും ചെയ്യട്ടെ.' അപ്പോൾ സുറാക്വ(റ) ചോദിക്കുകയുണ്ടായി: 'പ്രവാചകരേ, ഈ വർഷത്തേക്കു മാത്രമാണോ ഇത്, അതല്ല സ്ഥിരം നിയമമോ?' നബി(സ്വ) തന്റെ കൈകൾ പരസ്പരം കോർത്തുപിടിച്ചുകൊണ്ട് പറഞ്ഞു: 'അന്ത്യനാൾവരേക്കും ഹജ്ജും ഉംറയും ഒരുമിച്ചാവുക തന്നെ ചെയ്തിരിക്കുന്നു.'**

ല്ലായിരുന്നുവെങ്കിൽ ഞാൻ ഇപ്പോഴത്തെ ത്വവാഫും സഅ്‌യും ഉംറക്കുള്ളതാക്കി മാറ്റുമായിരുന്നു. അതിനാൽ ബലിമൃഗം കൊണ്ടുവരാത്തവരെല്ലാം ഇപ്പോൾ ഉംറയിലേക്ക് മാറുകയും ഇഹ്‌റാമിൽനിന്നു വിരമിക്കുകയും ചെയ്യട്ടെ.' അപ്പോൾ സുറാക്വ(റ) ചോദിക്കുകയുണ്ടായി: 'പ്രവാചകരേ, ഈ വർഷത്തേക്കു മാത്രമാണോ ഇത്, അതല്ല സ്ഥിരം നിയമമോ?' നബി(സ്വ) തന്റെ കൈകൾ പരസ്പരം കോർത്തുപിടിച്ചുകൊണ്ട് പറഞ്ഞു: 'അന്ത്യനാൾവരേക്കും ഹജ്ജും ഉംറയും ഒരുമിച്ചാവുക തന്നെ ചെയ്തിരിക്കുന്നു.'

അപ്പോഴേക്കും യമനിൽനിന്ന് നബി(സ്വ)ക്കുള്ള ഒട്ടകങ്ങളെയുമായി അലി(റ)യും സംഘവും എത്തിച്ചേർന്നു. അപ്പോൾ ഫാത്വിമ(റ) ഇഹ്‌റാമിൽനിന്ന് വിരമിച്ചതായാണ് അദ്ദേഹത്തിനു കാണുവാൻ സാധിച്ചത്. ഇഹ്‌റാമിൽനിന്ന് വിരമിച്ചതിന് ഫാത്വിമയോട് കയർത്തുകൊണ്ട് അലി(റ) സംസാരിക്കുകയും ചെയ്തു. അപ്പോൾ അവർ പറഞ്ഞു: 'ഞാൻ എന്റെ പിതാവിന്റെ കൽപന അനുസരിച്ചാണ് പ്രവർത്തിച്ചിട്ടുള്ളത്.' അലി(റ) അപ്പോൾ നബി(സ്വ)യുടെ അടുത്തെത്തി പ്രസ്തുത വിഷയത്തിൽ സംശയ നിവാരണം നടത്തുകയും ചെയ്തു. അലി(റ) ഇഹ്‌റാമിൽ പ്രവേശിച്ചപ്പോൾ നബി(സ്വ)യെ പോലെ നിയ്യത്ത് ചെയ്യുന്നു എന്നായിരുന്നു പറഞ്ഞിരുന്നത്. അപ്പോൾ ബലിമൃഗങ്ങൾ കൂടെയുള്ളവർ ഇഹ്‌റാമിൽ തന്നെ നിൽക്കുവാൻ നബി(സ്വ) കൽപിക്കുകയും ചെയ്തു.

ദുൽഹിജ്ജ എട്ടിന് എല്ലാവരും മിനായിലേക്ക് പുറപ്പെട്ടു. ദുഹ്ർ, അസ്വ്ർ, മഗ്‌രിബ്, ഇശാഅ്, ഫജ്ർ എന്നീ അഞ്ചു വക്തുകൾ അവിടെവച്ച് അതാതിന്റെ സമയങ്ങളിൽ നമസ്‌കരിച്ചു. സുബ്ഹി നമസ്‌കാര ശേഷം സൂര്യൻ ഉദിക്കുന്നതുവരെ കാത്തിരുന്നു, നബി(സ്വ)ക്ക് അറഫക്കടുത്ത നമിറയിൽ ടെന്റുണ്ടാക്കിയിരുന്നു. നബി(സ്വ) അതിലേക്ക് നീങ്ങി. ജാഹിലിയ്യ കാലത്ത് ക്വുറൈശികളുടെ പതിവു പോലെ നബി(സ്വ) മുസ്ദലിഫയിലെ മശ്അറുൽ ഹറാമിൽനിന്ന് പുറത്തേക്ക് കടക്കുകയില്ലെന്നായിരുന്നു ക്വുറൈശികളുടെ ധാരണ. എന്നാൽ അവിടുന്ന് നമിറയിലെ ഖുബ്ബയിലെത്തി ഉച്ചവരെ വിശ്രമിച്ചു. ഉച്ചസമയത്ത് താഴ്‌വരയുടെ അടുത്തേക്ക് നീങ്ങി ജനങ്ങളോട് ഇപ്രകാരം പ്രഭാഷണം നടത്തി:

'ജനങ്ങളേ, ഈ വിശുദ്ധ മാസത്തിൽ, ഈ പുണ്യഭൂമിയിൽ ഈ ദിവസത്തിനുള്ള പവിത്രത പോലെ നിങ്ങളുടെ ശരീരവും സമ്പത്തും ആദരിക്കപ്പെടേണ്ടതാണ്. എല്ലാവിധ ജാഹിലിയ്യാ ദുരാചാരങ്ങളുമിതാ ഞാൻ എന്റെ കാലുകൾക്ക് കീഴിൽ കുഴിച്ചു മൂടുന്നു. ജാഹിലിയ്യാ കാലത്തുണ്ടായിരുന്ന മുഴുവൻ പ്രതിക്രിയകളുമിതാ ഞാൻ ദുർബലപ്പെടുത്തുന്നു. ആദ്യമായി ഞാൻ ദുർബലപ്പെടുത്തുന്നത് ഞങ്ങളുടെ അവകാശമായ ഹാരിസ് ഇബിനു റബീഅയുടെ മോചന ദ്രവ്യമാണ്. ബനൂ സഅദ് ഗോത്രക്കാരുടെയടുത്ത് മുലയൂട്ടുന്നയവസരത്തിൽ ഹുദൈൽ ഗോത്രക്കാരിൽ പെട്ടയാളുകളാണ് അവനെ വധിച്ചത്. ജാഹിലിയ്യാ കാലത്തെ മുഴുവൻ പലിശകളും ഞാനിതാ ദുർബലപ്പെടുത്തന്നു. ആദ്യമായി ഞാൻ ദുർബലപ്പെടുത്തുന്നത് അബ്ബാസ്ബ്നു അബ്ദുൽ മുത്ത്വലിബിന് ലഭിക്കുവാനുള്ളതാണ്. അതൊന്നായി ഞാനിതാ റദ്ദാക്കുന്നു.

സ്ത്രീകളുടെ വിഷയത്തിൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. അല്ലാഹുവിനെ മുൻനിർത്തി കരാറിലേർപ്പെട്ടുകൊണ്ടാണ് നിങ്ങളവരെ ഏറ്റെടുത്തിട്ടുള്ളത്. അവന്റെ നിയമങ്ങൾക്കു വിധേയമായിട്ടാണ് നിങ്ങൾക്കവരെ അനുവദിക്കപ്പെട്ടിരിക്കുന്നത്. നിങ്ങൾക്ക് വെറുപ്പുള്ള ഒരാളും നിങ്ങളുടെ വിരിയിൽ ചവിട്ടാതെ നോക്കണമെന്നത് അവരുടെമേൽ നിങ്ങൾക്കുള്ള അവകാശമാണ്. അങ്ങനെ ചെയ്താൽ നിങ്ങൾക്കവരെ കഠിനമല്ലാത്ത രൂപത്തിൽ തല്ലാവുന്നതാണ്. അവർക്ക് പാർപ്പിടവും ഭക്ഷണവും നൽകൽ നിങ്ങളുടെ ബാധ്യതയാണ്.

ഞാൻ നിങ്ങളുടെയിടയിലൊരു കാര്യമുപേക്ഷിച്ച് പോകുന്നു. നിങ്ങളതു മുറുകെ പിടിക്കുന്നുവെങ്കിൽ നിങ്ങൾ വഴിതെറ്റിപ്പോവുകയില്ല. അല്ലാഹുവിന്റെ ഗ്രന്ഥമാകുന്നു അത്.

ഇസ്‌ലാം ദീൻ മുഴുവനായി ഞാൻ നിങ്ങൾക്ക് എത്തിച്ചുതന്നിരിക്കുന്നുവോ എന്ന വിഷയത്തിൽ എന്നെ അല്ലാഹു വിചാരണചെയ്യുന്നതാണ്. അപ്പോൾ നിങ്ങളുടെ മറുപടിയെന്തായിരിക്കും?'

'താങ്കളുടെ ദൗത്യം താങ്കൾ

**സഅ്‌യിന്റെ അവസാന ചുറ്റിൽ സ്വഫായിൽ എത്തിയപ്പോൾ അവിടുന്ന് പറഞ്ഞു: 'എനിക്ക് വൈകിത്തോന്നിയ കാര്യം മുമ്പുതന്നെ തോന്നുകയും ഞാൻ ബലിമൃഗങ്ങളെ കൂടെ കൊണ്ടുവരികയും ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ ഞാൻ ഇപ്പോഴത്തെ ത്വവാഫും സഅ്‌യും ഉംറക്കുള്ളതാക്കി മാറ്റുമായിരുന്നു. അതിനാൽ ബലിമൃഗം കൊണ്ടുവരാത്തവരെല്ലാം ഇപ്പോൾ ഉംറയിലേക്ക് മാറുകയും ഇഹ്‌റാമിൽനിന്നു വിരമിക്കുകയും ചെയ്യട്ടെ.' അപ്പോൾ സുറാക്വ(റ) ചോദിക്കുകയുണ്ടായി: 'പ്രവാചകരേ, ഈ വർഷത്തേക്കു മാത്രമാണോ ഇത്, അതല്ല സ്ഥിരം നിയമമോ?' നബി(സ്വ) തന്റെ കൈകൾ പരസ്പരം കോർത്തുപിടിച്ചുകൊണ്ട് പറഞ്ഞു: 'അന്ത്യനാൾവരേക്കും ഹജ്ജും ഉംറയും ഒരുമിച്ചാവുക തന്നെ ചെയ്തിരിക്കുന്നു.'**



പരിപൂർണമായി നിർവഹിക്കുകയും അല്ലാഹുവിന്റെ സന്ദേശം എത്തിച്ചുതരികയും ചെയ്തിരിക്കുന്നുവെന്നതായിരിക്കും ഞങ്ങൾ സാക്ഷ്യം വഹിക്കുക.' അതുകേട്ട് നബി(സ്വ) ഇപ്രകാരം പറയുകയുണ്ടായി: 'അല്ലാഹുവേ, ഇവർ പറയുന്നതിന് നീ സാക്ഷി, നീ സാക്ഷി, നീ സാക്ഷി!' അവിടുന്ന് മൂന്നു പ്രാവശ്യം തന്റെ ചൂണ്ടുവിരൽ ആകാശത്തേക്ക് ഉയർത്തുകയും ജനങ്ങളിലേക്ക് താഴ്ത്തുകയും ചെയ്തുകൊണ്ട് അത് ആവർത്തിക്കുകയുണ്ടായി.

പിന്നീട് ബാങ്കും ഇക്വാമത്തും വിളിച്ച് ദുഹ്ർ രണ്ടു റക്അത്ത് നമസ്കരിച്ചു, ശേഷം അസ്വ്റും അപ്രകാരം നിർവഹിച്ചു. സുന്നത്തുകളൊന്നും അതിനിടയിലോ ശേഷമോ മുമ്പോ നമസ്കരിക്കുകയുണ്ടായില്ല.

നമസ്കാര ശേഷം തന്റെ വാഹനപ്പുറത്തു കയറി അറഫാ മൈതാനത്തിലേക്ക് പ്രവേശിച്ചു. ജബൽ മുശാത്ത് തന്റെ മുന്നിൽ വരുന്ന രൂപത്തിൽ കഅ്ബയുടെ ഭാഗത്തേക്ക് വാഹനത്തെ തിരിച്ചു നിർത്തുകയും ചെയ്തു. സൂര്യൻ അസ്തമിച്ച് നന്നായി മറയുകയും വെളിച്ചം അടങ്ങുകയും ചെയ്യുന്നതുവരെ അവിടെ നിന്ന് നബി(സ്വ) സുദീർഘമായി പ്രാർഥിച്ചുകൊണ്ടിരുന്നു.

അതിനു ശേഷം ഉസാമയെ തന്റെ പിന്നിലിരുത്തി അവിടുന്ന് മുസ്ദലിഫയിലേക്ക് പുറപ്പെട്ടു. ഒട്ടകത്തെ സാവകാശം നടക്കുന്നതിനു വേണ്ടി കടിഞ്ഞാൺ വലിച്ചു പിടിക്കുക മൂലം അതിന്റെ തല ഒട്ടകപ്പുറത്തിരിക്കുന്നവർ കാലുകൾ വെക്കാൻ ബന്ധിക്കുന്ന മരക്കഷ്ണത്തിൽ മുട്ടുന്ന രൂപത്തിലായിരുന്നു. അവിടുന്ന് തന്റെ കൈകളുയർത്തി 'ജനങ്ങളേ, സാവകാശം ചലിക്കുക' എന്നു പറഞ്ഞുകൊണ്ടിരുന്നു. കുന്നുകളുടെ ഭാഗത്തു കൂടി നടന്നുപോകുമ്പോൾ അതു കയറുന്നതിനുവേണ്ടി അവിടുന്ന് ഒട്ടകത്തെ അൽപം അയച്ചുകൊടുത്തുകൊണ്ടിരുന്നു.

മുസ്ദലിഫയിലെത്തിയപ്പോൾ ഇശാഉം മഗ്രിബും ഒരു ബാങ്കും രണ്ട് ഇക്വാമത്തും കൊടുത്തു ഒരുമിച്ചു നമസ്കരിച്ചു. അതിനു ശേഷമോ മുമ്പോ ഒന്നും നമസ്കരിച്ചില്ല. പിന്നീട് ഫജ്ർ വരെ കിടന്നുറങ്ങി. സുബ്ഹിയുടെ സമയത്ത് എഴുന്നേറ്റ് ബാങ്കും ഇക്വാമത്തും വിളിച്ച് സുബ്ഹി നമസ്കാരം നിർവഹിച്ച ശേഷം മശ്അറുൽ ഹറാമിന്റെ ഭാഗത്തേക്ക് പുറപ്പെട്ടു. നന്നായി നേരം പുലരുന്നതുവരെ അവിടെ ക്വിബ്‌ലയിലേക്ക് തിരിഞ്ഞുനിന്ന് തക്ബീറുകളും തഹ്‌ലീലുകളും ചൊല്ലുകയും പ്രാർഥിക്കുകയും ചെയ്തുകൊണ്ടിരുന്നു.

പിന്നീട് സൂര്യോദയത്തിനു മുമ്പായി ഫദ്ൽ ഇബ്നു അബ്ബാസിനെ തന്റെ കൂടെ കയറ്റി മിനായിലേക്ക് പുറപ്പെട്ടു, ഫദ്ൽ സുന്ദരനും സുമുഖനുമായ ചെറുപ്പക്കാരനായിരുന്നു. തന്റെയടുത്തു കൂടി പെൺകുട്ടികൾ നടന്നുപോകുന്നതു കണ്ടപ്പോൾ ഫദ്ൽ അവരെ നോക്കി. നബി ഫദ്‌ലിന്റെ മുഖത്തു കൈവച്ച് അതു തടയുകയും ഫദ്ൽ മുഖം മറുഭാഗത്തേക്ക് തിരിച്ച് വീണ്ടും നോക്കുകയും ചെയ്തപ്പോൾ നബി(സ്വ) വീണ്ടും കൈ മുഖത്തു വെക്കുകയും അതു തടയുകയും ചെയ്തു.

വാദി മുഹസ്സർ താഴ്‌വരയിലെത്തിയപ്പോൾ അവിടുന്ന് അൽപം വേഗം കൂട്ടി സഞ്ചരിച്ചു. പിന്നീട് ജംറത്തുൽ കുബ്റയുടെ ഭാഗത്തേക്കുള്ള വഴിയിലൂടെ സഞ്ചരിക്കുകയും ജംറയിലെത്തി കടലമണിയോളം വലിപ്പമുള്ള ഏഴു കല്ലുകൾകൊണ്ട് അതിനെ എറിയുകയും ചെയ്തു. ഓരോ കല്ല് എറിയുമ്പോഴും അവിടുന്ന് തക്ബീർ ചൊല്ലുന്നുണ്ടായിരുന്നു.

പിന്നീട് അറവു നടത്തുന്ന പ്രദേശത്ത് ചെന്ന് അറുപത്തിയേഴോളം ഒട്ടകങ്ങളെ നേരിട്ടുതന്നെ അറുക്കുകയും ബാക്കിയുള്ളവയെ അറുക്കാൻ കത്തി അലി(റ)യെ ഏൽപിക്കുകയും അറവിൽ അദ്ദേഹത്തെ പങ്കാളിയാക്കുകയും ചെയ്തു. ശേഷം ഓരോ ബലിമൃഗത്തിന്റെയും ശരീരത്തിൽനിന്നും ഒരോ കഷ്ണമെടുത്ത് പാകം ചെയ്യുവാൻ അവിടുന്ന് നിർദേശം നൽകി. അതു പാകമായപ്പോൾ അതിൽ നിന്ന് അൽപം മാംസം ഭക്ഷിക്കുകയും കറി കുടിക്കുകയും ചെയ്തു.

പിന്നീട് വാഹനപ്പുറത്തു കയറി ത്വവാഫുൽ ഇഫാദക്കു വേണ്ടി മക്കയിലേക്ക് പുറപ്പെട്ടു. മക്കയിൽ വെച്ചായിരുന്നു ദുഹ്ർ നമസ്കരിച്ചത്. പിന്നീട് സംസം വെള്ളം കൈകാര്യം ചെയ്തിരുന്ന ബനൂ മുത്ത്വലിബ് ഗോത്രക്കാരുടെയടുക്കൽ നിന്നും സംസം വാങ്ങി കുടിക്കുയും ആളുകൾ പിന്നീട് നിങ്ങളെ തോൽപിച്ച് ആധിപത്യം നേടുമായിരുന്നില്ലെങ്കിൽ ഞാൻ നേരിട്ട് നിങ്ങളുടെ കൂടെ കോരിക്കുടിക്കുമായിരുന്നുവെന്ന് അവിടുന്ന് പറയുകയും ചെയ്തു''(മുസ്‌ലിം 1218).



**എസ്.എസ്.എൽ.സി പരീക്ഷയുടെ വിജയാരവങ്ങൾക്കിടയിലും ഉയർന്ന ശതമാനക്കണക്കിന്റെ സന്തോഷങ്ങൾക്കിടയിലും പതിവുപോലെ ആശങ്കയിലാണ് മലബാറിലെ വിദ്യാർഥികൾ. ആളും ആരവവും ഫ്ലക്സാഘോഷവും അരങ്ങൊഴിഞ്ഞാൽ ഉപരിപഠനത്തിന് എന്തുവഴിയെന്ന ഗൗരവപരമായ ചോദ്യത്തിലേക്ക് പുരികം ചുളിക്കേണ്ടതുണ്ട് ഇവർക്ക്! തെക്കൻ കേരളത്തിൽ ധാരാളം സീറ്റുകൾ ഒഴിഞ്ഞു കിടക്കുമ്പോഴും സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ്, താൽക്കാലിക ബാച്ച്, വി.എച്ച്.സി, ഐ.ടി.ഐ... എല്ലാം കൂട്ടിയാലും മലബാറിലെ കാൽ ലക്ഷത്തോളം വിദ്യാർഥികൾ പടിക്ക് പുറത്താണ്. ആണ്ടുതോറുമുള്ള രാഷ്ട്രീയ കോലാഹലങ്ങൾക്കും സമരാഭാസങ്ങൾക്കുമപ്പുറം ക്രിയാത്മകവും ജനാധിപത്യപരവുമായ നടപടികളാണ് സർക്കാരിന്റെ ഭാഗത്തു നിന്നും ഇനി ആവശ്യമായിട്ടുള്ളത്.**

# ഹയർ സെക്കന്ററി: ഒരു മലബാർ വിവേചനം

**മുജീബ് ഒട്ടുമ്മൽ**
:97444 31890



**2023** മാർച്ച് മാസത്തിൽ നടന്ന എസ്എസ്എൽസി പരീക്ഷയുടെ ഫലം വന്നിരിക്കുകയാണ്. വിജയാരവങ്ങൾക്കിടയിലും മിടുക്കരായ മലബാറിലെ വിദ്യാർഥികൾ ഇഷ്ടപ്പെട്ട വിഷയം തെരഞ്ഞെടുത്ത് പഠിക്കാൻ സാധിക്കുമോ എന്ന പരിഭവത്തിലാണുള്ളത്. എല്ലാവിഷയത്തിലും എ പ്ലസ് നേടിയ വിദ്യാർഥികൾക്ക് പോലും ഹയർ സെക്കന്ററിയിൽ തങ്ങൾക്കിഷ്ടപ്പെട്ട വിദ്യാലയങ്ങളും കോഴ്സ് കോമ്പിനേഷനും തെരഞ്ഞെടുക്കാനുള്ള അവകാശം നിഷേധിക്കപ്പെടുകയാണ്.

മലബാർ ജില്ലകൾ നേരിടുന്ന നീതി നിഷേധത്തിൽ ഏറ്റവും പ്രധാനമാണ് വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്ന വിവേചനങ്ങൾ. വിജയ ശതമാനത്തിലും ഉന്നത പഠന നിലവാരത്തിലും മികച്ച നേട്ടങ്ങൾ കൊയ്യുമ്പോഴും മലബാറിൽ പൊതുവിദ്യാഭ്യാസ രംഗത്തും ഉന്നതവിദ്യാഭ്യാസ രംഗത്തും പഠന അവസരങ്ങളുടെ കാര്യത്തിൽ അനീതിയുടെ കണക്കുകൾക്ക് ഒരു മാറ്റവും സംഭവിക്കാറില്ല. രണ്ട് പതിറ്റാണ്ടായി ഹയർ സെക്കന്ററി മേഖലയിൽ മലബാറിലെ ഭൂരിഭാഗം ജില്ലകളിലും രൂക്ഷമായ സീറ്റ് പ്രതിസന്ധി ഇപ്പോഴും അനുഭവിക്കുന്നുണ്ട്. എന്നാൽ തെക്കൻ ജില്ലകളിൽ ധാരാളം സീറ്റുകൾ ഒഴിഞ്ഞ് കിടക്കുന്നുമുണ്ട്. മലബാറിലെ ആറ് ജില്ലകളിലായി 225702 കുട്ടികളാണ് പ്ലസ് വൺ പ്രവേശനത്തിന് യോഗ്യത നേടിയത്. നിലവിലുള്ള പ്ലസ് വൺ സീറ്റുകളാകട്ടെ 195050 മാത്രവുമാണ്. 30652 സീറ്റുകളുടെ കുറവ് ഇനിയുമുണ്ട്. യോഗ്യത നേടിയ സിബിഎസ്സി വിദ്യാർഥികളുടെ എണ്ണവും കൂടി പരിഗണിച്ചാൽ സീറ്റുകളുടെ അപര്യാപ്തത അതിനെക്കാൾ എത്രയോ കൂടുതലായിരിക്കും.

മലപ്പുറം ജില്ലയിൽ മാത്രം കാൽ ലക്ഷത്തോളം വിദ്യാർഥികളാണ് ഉപരിപഠനത്തിന് അവസരമില്ലാതെ പുറത്താകുന്നത്. ഇത്തവണ ജില്ലയിൽനിന്ന് പ്ലസ് വൺ യോഗ്യത നേടിയത് 77827 കുട്ടികളാണ്. സർക്കാർ, എയ്ഡഡ് സ്കൂളുകളിലായി ആകെയുള്ളത് 41950 സീറ്റുകൾ മാത്രമാണ്. ഭാരിച്ച ഫീസ് നൽകി പഠിക്കാവുന്ന വിധം അൺ എയ്ഡഡ് സ്കൂളുകളിൽ 11300 സീറ്റുകളുമുണ്ട്. ഇതെല്ലാം

**മലബാർ ജില്ലകൾ നേരിടുന്ന നീതി നിഷേധത്തിൽ ഏറ്റവും പ്രധാനമാണ് വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്ന വിവേചനങ്ങൾ. വിജയ ശതമാനത്തിലും ഉന്നത പഠന നിലവാരത്തിലും മികച്ച നേട്ടങ്ങൾ കൊയ്യുമ്പോഴും മലബാറിൽ പൊതുവിദ്യാഭ്യാസ രംഗത്തും ഉന്നതവിദ്യാഭ്യാസ രംഗത്തും പഠന അവസരങ്ങളുടെ കാര്യത്തിൽ അനീതിയുടെ കണക്കുകൾക്ക് ഒരു മാറ്റവും സംഭവിക്കാറില്ല. രണ്ട് പതിറ്റാണ്ടായി ഹയർ സെക്കന്ററി മേഖലയിൽ മലബാറിലെ ഭൂരിഭാഗം ജില്ലകളിലും രൂക്ഷമായ സീറ്റ് പ്രതിസന്ധി ഇപ്പോഴും അനുഭവിക്കുന്നുണ്ട്. എന്നാൽ തെക്കൻ ജില്ലകളിൽ ധാരാളം സീറ്റുകൾ ഒഴിഞ്ഞ് കിടക്കുന്നുമുണ്ട്.**

> **വിദ്യാഭ്യാസ രംഗത്തെ കടുത്ത നീതിനിഷേധമാണിവിടെ വ്യക്തമാകുന്നത്. വിദ്യാഭ്യാസരംഗവും ബൗദ്ധികശേഷിയുംകൊണ്ട് രാജ്യത്ത് ഒന്നാമതായി നിൽക്കുന്ന കേരള സംസ്ഥാനത്തിലെ ഒരു വിഭാഗം കുട്ടികൾക്ക് ഹയർ സെക്കന്ററി വിദ്യാഭ്യാസം പോലും പ്രാപ്യമല്ലെന്ന് വരുന്നത് എത്ര ദയനീയമാണ്! സമാധാനം വേണമെങ്കിൽ യുദ്ധത്തിന് തയ്യാറാവുക എന്ന ഗ്രീക്ക് പഴഞ്ചൊല്ലിനെ അനുസ്മരിപ്പിക്കുന്ന രീതിയിൽ വിദ്യാഭ്യാസം വളരെ ആസൂത്രിതവും മൃദുവായതുമായ കലാപങ്ങളും അനീതിയും വിദ്യാർഥികൾക്ക് നേരെ അഴിച്ച് വിടുകയാണിവിടെ ചെയ്യുന്നത്. ഇത് ഒരു വിധത്തിൽ ഭാവി തലമുറയോടുള്ള പാതകമാണ്.**

കൂടി 53250 സീറ്റുകൾ മാത്രമാണുള്ളത്. താൽകാലിക ബാച്ചുകളും വിഎച്ച്സിയും ഐടിഐ സീറ്റുകളും കൂടി ഉൾപ്പെടുത്തിയാലും 20000ൽ അധികം കുട്ടികൾ പിന്നെയും മലപ്പുറത്ത് പുറത്താണ്.

തൃശൂർ ജില്ലയിൽ 1487 വിദ്യാർഥികളും പാലക്കാട് ജില്ലയിൽ 7494 വിദ്യാർഥികളും കോഴിക്കോട് ജില്ലയിൽ 9190 വിദ്യാർഥികളും വയനാട് ജില്ലയിൽ 2850 വിദ്യാർഥികളും കണ്ണൂർ ജില്ലയിൽ 10925 വിദ്യാർഥികളും കാസർകോട് ജില്ലയിൽ 5216 വിദ്യാർഥികളും യോഗ്യരായിരുന്നിട്ടും ഉപരിപഠനത്തിന് അവസരമില്ലാതെ പുറത്താകും. അതേസമയം പത്തനംതിട്ട ജില്ലയിൽ 4706 സീറ്റുകളും ആലപ്പുഴയിൽ 1287 സീറ്റുകളും കോട്ടയം ജില്ലയിൽ 3364 സീറ്റുകളും ഇടുക്കിയിൽ 616 സീറ്റുകളും എറണാകുളത്ത് 1105 സീറ്റുകളും അധികമായി ഒഴിഞ്ഞ് കിടക്കുന്നുണ്ട്. മലബാറിലെ എ പ്ലസ് നേടിയവന് ആഗ്രഹിച്ച കോഴ്സ് പഠിക്കാൻ അവസരം ലഭിക്കാതെ വരുമ്പോൾ ഇതര ജില്ലകളിലെ മിനിമം മാർക്കോട് കൂടി പാസ്സായവന് ഏത് കോഴ്സിനും ചേരാമെന്ന സാഹചര്യം നിലനിൽക്കുന്നുവെന്നർഥം.

വിദ്യാഭ്യാസ രംഗത്തെ കടുത്ത നീതിനിഷേധമാണിവിടെ വ്യക്തമാകുന്നത്. വിദ്യാഭ്യാസരംഗവും ബൗദ്ധികശേഷിയുംകൊണ്ട് രാജ്യത്ത് ഒന്നാമതായി നിൽക്കുന്ന കേരള സംസ്ഥാനത്തിലെ ഒരു വിഭാഗം കുട്ടികൾക്ക് ഹയർ സെക്കന്ററി വിദ്യാഭ്യാസം പോലും പ്രാപ്യമല്ലെന്ന് വരുന്നത് എത്ര ദയനീയമാണ്! സമാധാനം വേണമെങ്കിൽ യുദ്ധത്തിന് തയ്യാറാവുക എന്ന ഗ്രീക്ക് പഴഞ്ചൊല്ലിനെ അനുസ്മരിപ്പിക്കുന്ന രീതിയിൽ വിദ്യാഭ്യാസം വളരെ ആസൂത്രിതവും മൃദുവായതുമായ കലാപങ്ങളും അനീതിയും വിദ്യാർഥികൾക്ക് നേരെ അഴിച്ച് വിടുകയാണിവിടെ ചെയ്യുന്നത്. ഇത് ഒരു വിധത്തിൽ ഭാവി തലമുറയോടുള്ള പാതകമാണ്.

**പരിഹാരം പ്രായോഗികമോ?**

ജനകീയ സമരങ്ങളിലൂടെയും മലബാർ വിദ്യാഭ്യാസ അവകാശ പ്രക്ഷോഭങ്ങളിലൂടെയും വിവേചനത്തിന്റ കണക്കുകൾ പുറത്ത് വിടുമ്പോഴാണ് പലപ്പോഴും പരിഹാരങ്ങൾക്കായി സർക്കാർ ആലോചിക്കാറുള്ളത്. അതാവട്ടെ പ്രഹസനവുമാണെന്ന് അധ്യാപകരും രക്ഷിതാക്കളും ആണയിടുന്നുമുണ്ട്.

പ്ലസ്വണ്ണിലേക്ക് യോഗ്യത നേടിയിട്ടുള്ള വിദ്യാർഥികൾക്ക് അവസരം നൽകാനായി ഓരോ വർഷവും മലബാറിൽ സർക്കാർ നടപ്പിലാക്കാറുള്ള പദ്ധതിയാണ് മാർജിനൽ വർധനവ് എന്നത്. മുപ്പത് ശതമാനം സീറ്റ് വർധിപ്പിച്ചുകൊണ്ടാണ് അത് നടപ്പിലാക്കാൻ ശ്രമിക്കാറുള്ളത്. 50 വിദ്യാർഥികൾക്ക് മാത്രം പരിമിതമായ ക്ലാസ്സ് റൂമിലേക്ക് 15 പേരെ കൂടി തിരുകിക്കയറ്റുകയാണ് ചെയ്യാറുള്ളത്. കൗമാരപ്രായക്കാരായ വിദ്യാർഥികളെ ഒരു ക്ലാസ്സ് റൂമിൽ കുത്തിനിറച്ചുകൊണ്ടുള്ള അധ്യാപനം എത്ര അസഹനീയമായിരിക്കും! അവിടെ സ്വസ്ഥമായും അച്ചടക്ക



ത്തോടെയും പഠനം സാധ്യമാകുന്നത് എങ്ങനെയാണ് എന്ന് അധികൃതർ ചിന്താക്കാറുണ്ടോ? ചില ജില്ലകളിൽ 25 കുട്ടികൾക്ക് ക്ലാസ്സ് റൂമിൽ വിശാലമായിരുന്ന് പഠിക്കാൻ അവസരമുണ്ടാകുമ്പോൾ മറ്റു ചില ജില്ലകളിലെ വിദ്യാർഥികൾക്ക് ഞെങ്ങിഞെരുങ്ങി ഇരിക്കേണ്ടി വരുന്ന സാഹചര്യമാണുള്ളത്. എന്നിട്ടും വിദ്യാർഥികൾ അധികവും പുറത്ത് തന്നെയെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

ചില സ്കൂളുകളിൽ താൽക്കാലിക അധിക ബാച്ച് നൽകലാണ് മറ്റൊരു പരിഹാരമായി സർക്കാർ കൊണ്ടുവരുന്ന സംവിധാനം. അവിടെയും ദിവസവേദനം അടിസ്ഥാനമാക്കി വരുന്ന താൽക്കാലിക അധ്യാപകരുടെ സ്ഥിരത ഒരു പ്രശ്നമാണ്. ഇന്റേണൽ മാർക്കിന് പരിഗണിക്കാവുന്ന പ്രവർത്തനങ്ങൾ എങ്ങനെയാണ് സാധ്യമാവുകയെന്നതും ഒരു പ്രശ്നമാണ്. ഈ വിവേചനത്തെ കണ്ടില്ലെന്ന് നടിക്കാൻ സർക്കാറിനും വിദ്യാഭ്യാസവകുപ്പിനും സാധിക്കാതെ വരുമ്പോഴാണ് ഇത്തരം പൊടിക്കൈകളുമായി അധികൃതർ കടന്നുവരുന്നത്.

കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ് സമയത്ത് എൽഡിഎഫ് പ്രകടനപത്രികയിൽ സ്പെഷ്യൽ പാക്കേജ് എന്ന തലക്കെട്ടിന് താഴെ മലബാറിലെ വിദ്യാഭ്യാസ പ്രതിസന്ധി പഠിച്ച് അവ പരിഹരിക്കാനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുമെന്ന് രേഖപ്പെടുത്തിയിരുന്നെങ്കിലും നയപരമായ തീരുമാനങ്ങളോ കാര്യക്ഷമമായ പരിഹാര നടപടികളോ വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചതായി കാണുന്നില്ല. 2021 ആഗസ്റ്റ് രണ്ടിന് എംഎൽഎമാരായ കെ.പി കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, കെ.യു. കേളു, സേവ്യർ ചിറ്റിലപ്പിള്ളി, കെ.യു ജെനീഷ് കുമാർ എന്നിവരുടെ ചോദ്യത്തിന് വിദ്യാഭ്യാസ മന്ത്രി നിയമസഭയിൽ രേഖാമൂലം നൽകിയ മറുപടി ഇങ്ങനെയാണ്: “2021-22 അധ്യയന വർഷം ഹയർ സെക്കന്ററി പ്രവേശനത്തിന് സംസ്ഥാനത്തെ ജില്ലകളിൽ ലഭ്യമായ സീറ്റു വിവരം, പ്രസ്തുത ജില്ലയിൽ ഉപരിപഠനത്തിന് അർഹരായ വിദ്യാർഥികളുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു. പ്രവേശന നടപടികൾ അവസാനിച്ച് കഴിയുമ്പോൾ സീറ്റുകൾ ഒഴിഞ്ഞ് കിടക്കുന്ന സാഹചര്യമാണ് എല്ലാ ജില്ലകളിലുമുള്ളത്. നിലവിൽ സംസ്ഥാനത്തെ ഒരു ജില്ലയിലും ഹയർ സെക്കന്ററി പ്രവേശനത്തിന് സീറ്റുകളുടെ അപര്യാപ്തത നിലനിൽക്കുന്നില്ല.”

കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി പ്ലസ് വണ്ണിൽ അഡ്മിഷൻ ലഭിച്ച വിദ്യാർഥികളുടെ ശരാശരി ജില്ല തിരിച്ച് രേഖപ്പെടുത്തി അത്രയും വിദ്യാർഥികൾ മാത്രമാണ് അതത് ജില്ലകളിൽ പ്ലസ് വൺ പഠനം ആഗ്രഹിക്കുന്നവരായുള്ളത് എന്ന പ്രസ്താവനയിലൂടെ വിചിത്രമായ കണക്കുകളാണ് അതിനോട് ചേർത്തുപറഞ്ഞത്. പ്ലസ് വണ്ണിന് അപേക്ഷിച്ച്, ആവശ്യത്തിന് സീറ്റില്ലാത്തതിനാൽ മാത്രം കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ പ്രവേശനം ലഭിക്കാത്ത മലബാറിലെ വിദ്യാർഥികൾ മന്ത്രിയുടെ ഈ ശരാശരി കണക്കിന് പുറത്തായിയെന്നർഥം.

കേരളാ സർക്കാറിന് കീഴിലെ പ്രൈവറ്റ് ഹയർ സെക്കന്ററി ഓപ്പൺ സ്കൂൾ പഠന സംവിധാനമായ ‘സ്കോൾ കേരള’യുടെ കഴിഞ്ഞ അഞ്ച് വർഷത്തെ അഡ്മിഷൻ കണക്ക് ജില്ല തിരിച്ച് പരിശോധിച്ചാൽ അതിൽ പഠിക്കേണ്ടിവന്ന എൺപത് ശതമാനം വിദ്യാർഥികളും മലബാർ മേഖലയിൽ നിന്നുള്ളവരാണെന്ന് മനസ്സിലാകും. റെഗുലർ സംവിധാനത്തിൽ പ്ലസ് വൺ പഠനം ആഗ്രഹിച്ച് അപേക്ഷ നൽകിയ ശേഷം സീറ്റില്ലാത്തതിനാൽ അത് ലഭിക്കാതെ പോയപ്പോൾ നിർബന്ധിതരായി സ്കോൾ കേരളയിൽ പ്ലസ് വൺ പഠനത്തിന് റജിസ്റ്റർ ചെയ്യേണ്ടി വന്ന ഹതഭാഗ്യരാണിവരിൽ അധികപേരും. ഹയർ

**കേരളാ സർക്കാറിന് കീഴിലെ പ്രൈവറ്റ് ഹയർ സെക്കന്ററി ഓപ്പൺ സ്കൂൾ പഠന സംവിധാനമായ ‘സ്കോൾ കേരള’യുടെ കഴിഞ്ഞ അഞ്ച് വർഷത്തെ അഡ്മിഷൻ കണക്ക് ജില്ല തിരിച്ച് പരിശോധിച്ചാൽ അതിൽ പഠിക്കേണ്ടിവന്ന എൺപത് ശതമാനം വിദ്യാർഥികളും മലബാർ മേഖലയിൽ നിന്നുള്ളവരാണെന്ന് മനസ്സിലാകും. റെഗുലർ സംവിധാനത്തിൽ പ്ലസ് വൺ പഠനം ആഗ്രഹിച്ച് അപേക്ഷ നൽകിയ ശേഷം സീറ്റില്ലാത്തതിനാൽ അത് ലഭിക്കാതെ പോയപ്പോൾ നിർബന്ധിതരായി സ്കോൾ കേരളയിൽ പ്ലസ് വൺ പഠനത്തിന് റജിസ്റ്റർ ചെയ്യേണ്ടി വന്ന ഹതഭാഗ്യരാണിവരിൽ അധികപേരും. ഹയർ സെക്കന്ററി റെഗുലർ സംവിധാനത്തിൽ വിജയശതമാനം എൺപതിന് മുകളിലും സ്കോൾ കേരളയിൽ അൻപതിൽ താഴെയുമാണ്**

**2000 ൽ ഇ.കെ നായനാർ മുഖ്യമന്ത്രിയും പി.ജെ ജോസഫ് വിദ്യാഭ്യാസ മന്ത്രിയുമായിരുന്ന സമയത്താണ് പ്രീഡിഗ്രി കോളേജുകളിൽനിന്ന് പൂർണമായും വേർപ്പെടുത്തി ഹയർ സെക്കന്ററി വിദ്യാഭ്യാസം സ്കൂളുകളിൽ മാത്രമായി പരിമിതപ്പെടുത്തുന്നത്. പൊതുവെ തിരുകൊച്ചി മേഖലയെ അപേക്ഷിച്ച് മലബാറിൽ ഗവൺമെന്റ്, എയ്ഡഡ് മേഖലയിൽ ഹൈസ്കൂളുകൾ കുറവായിരുന്നിട്ടു പോലും അത് കൂടി പരിഗണിച്ചും പരിഹരിച്ചും കൂടുതൽ പ്ലസ് വൺ സീറ്റുകളും ബാച്ചുകളും സ്കൂളുകളും അനുവദിക്കേണ്ടതായിരുന്നു. അതുണ്ടായില്ലന്ന് മാത്രമല്ല, ആദ്യ വർഷങ്ങളിൽതന്നെ തിരുകൊച്ചി മേഖലയിൽ പത്താം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് ആനുപാതികമായി പ്ലസ് വൺ ബാച്ചുകളും അനുവദിക്കുകയുണ്ടായി. മലബാർ മേഖലയിൽ ആദ്യകാലത്ത് എസ്എസ്എൽസി വിജയശതമാനം കുറവായതിനാൽ വലിയ പ്രതിസന്ധി ഉണ്ടാക്കിയില്ല. എന്നാൽ ഓരോ വർഷം കഴിയുന്തോറും വിജയ ശതമാനം ഉയരുകയും സീറ്റ് പ്രതിസന്ധി വർധിക്കുകയും ചെയ്തു.**

സെക്കന്ററി റെഗുലർ സംവിധാനത്തിൽ വിജയശതമാനം എൺപതിന് മുകളിലും സ്കോൾ കേരളയിൽ അൻപതിൽ താഴെയുമാണ്. എസ്എസ്എൽസി പരീക്ഷയിൽ എൺപത് ശതമാനത്തിലധികവും മാർക്ക് നേടിയവർക്ക് സീറ്റ് കിട്ടാതെ വരുന്നു! ഓപ്പൺ സ്കൂളിൽ സ്വന്തം നിലയ്ക്ക് പഠിക്കേണ്ടിവരുന്നവരിൽ അധിക പേർക്കും പരീക്ഷയിൽ പരാജയപ്പെട്ട് തുടർപഠനം അവസാനിപ്പിക്കേണ്ടിവരുന്നു. ഈ ഗതികേട് മലബാറിലെ വിദ്യാർഥികൾക്ക് മാത്രമാണെന്നതിൽനിന്ന് അവർ ക്രൂരമായ അനീതിക്കിരയാവുകയാണ് എന്നല്ലേ മനസ്സിലാകുന്നത്?

**വി. കാർത്തികേയൻ നായർ കമ്മീഷൻ**

2000 ൽ ഇ.കെ നായനാർ മുഖ്യമന്ത്രിയും പി.ജെ ജോസഫ് വിദ്യാഭ്യാസ മന്ത്രിയുമായിരുന്ന സമയത്താണ് പ്രീഡിഗ്രി കോളേജുകളിൽനിന്ന് പൂർണമായും വേർപ്പെടുത്തി ഹയർ സെക്കന്ററി വിദ്യാഭ്യാസം സ്കൂളുകളിൽ മാത്രമായി പരിമിതപ്പെടുത്തുന്നത്. അന്ന് പത്താം ക്ലാസ്സിൽ പരീക്ഷയെഴുതി വിജയിച്ചിരുന്ന കുട്ടികൾക്ക് ആനുപാതികമായി പ്ലസ് വൺ ബാച്ചുകളും സീറ്റുകളും അനുവദിക്കുന്നതിന് പകരം മറ്റു പല പരിഗണനകളിലുമാണ് ബാച്ചുകൾ അനുവദിച്ചത്. പൊതുവെ തിരുകൊച്ചി മേഖലയെ അപേക്ഷിച്ച് മലബാറിൽ ഗവൺമെന്റ്, എയ്ഡഡ് മേഖലയിൽ ഹൈസ്കൂളുകൾ കുറവായിരുന്നിട്ടു പോലും അത് കൂടി പരിഗണിച്ചും പരിഹരിച്ചും കൂടുതൽ പ്ലസ് വൺ സീറ്റുകളും ബാച്ചുകളും സ്കൂളുകളും അനുവദിക്കേണ്ടതായിരുന്നു. അതുണ്ടായില്ലന്ന് മാത്രമല്ല, ആദ്യ വർഷങ്ങളിൽതന്നെ തിരുകൊച്ചി മേഖലയിൽ പത്താം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് ആനുപാതികമായി പ്ലസ് വൺ ബാച്ചുകളും അനുവദിക്കുകയുണ്ടായി. മലബാർ മേഖലയിൽ ആദ്യകാലത്ത് എസ്എസ്എൽസി വിജയശതമാനം കുറവായതിനാൽ വലിയ പ്രതിസന്ധി ഉണ്ടാക്കിയില്ല. എന്നാൽ ഓരോ വർഷം കഴിയുന്തോറും വിജയ ശതമാനം ഉയരുകയും സീറ്റ് പ്രതിസന്ധി വർധിക്കുകയും ചെയ്തു.

2005ന് ശേഷം എസ്എസ്എൽ



സി വിജയശതമാനം മലബാർ ജില്ലകളിൽ 80ന് മുകളിലായി ത്തുടങ്ങിയതോടെ അരലക്ഷത്തി ലേറെ വിദ്യാർഥികൾക്ക് ഓരോ വർഷവും ഉപരിപഠന സൗകര്യമി ല്ലാതെ വന്നു. മലബാറിതര ജില്ലക ളിൽ മുൻവർഷത്തിലും കുറവായാ ണ് വിദ്യാർഥികൾ പത്താം ക്ലാസ്സ് പൂർത്തിയാക്കിയത്. പുതുതലമുറ യിലെ ജനസംഖ്യാ മാറ്റവും ഈ കുറവിന് കാരണമാണ്. മാറിവന്ന അധികാരികൾ ഈ വിഷയം ആധി കാരികമായി പഠിച്ചു ശാസ്ത്രീ യമായി പുനഃസംവിധാനിക്കാൻ യാതൊരു ശ്രമവും നടത്തിയതാ യി കാണാനായില്ല. സാമൂഹിക അനീതിക്കൊപ്പം അശാസ്ത്രീ യമായ വിധം ഹയർ സെക്കന്റ റി ബാച്ചുകളുടെ സംവിധാനം വളരെ വലിയ പ്രശ്നങ്ങൾ സൃഷ്ടി ക്കുന്നുണ്ട്. നിലവിൽ സംസ്ഥാന ത്തുള്ള ബാച്ചുകളുടെ പുനഃക്ര മീകരണങ്ങൾക്കൊപ്പം മലബാർ ജില്ലകളിൽ പുതിയ ബാച്ചുകൾ അനുവദിച്ചുകൊണ്ട് മാത്രമെ ഈ പ്രശ്നത്തിന് പരിഹാരം കാണാനാകൂ.

സംസ്ഥാനത്തെ ഹയർ സെക്ക ന്ററി ബാച്ച് പുനഃക്രമീകരണം സംബന്ധിച്ച് പഠനം നടത്താൻ ഹയർ സെക്കന്ററി മുൻ ഡയറ ക്ടർ പ്രൊഫ. വി.കാർത്തികേ യൻ നായർ ചെയർമാനായി ഒരു കമ്മീഷനെ നിയോഗിച്ചുവെന്ന താണ് ഈ രംഗത്തെ പുതിയ നീക്കം. ഹയർ സെക്കന്ററി വകുപ്പ് ജോയിൻ ഡയറക്ടർ ഡോ.സുരേ ഷ് കുമാർ, എസ്ഐഇടി ഡയറ ക്ടർ ഡോ. അബുരാജ്, റീജ്യ ണൽ ഡെപ്യൂട്ടി ഡയറക്ടർമാരായ അനിൽകുമാർ, അശോക് കുമാർ എന്നിവരാണ് മറ്റു കമ്മീഷൻ അംഗങ്ങൾ.

പഠന റിപ്പോർട്ട് വിദ്യാഭ്യാസ മന്ത്രി ശിവൻകുട്ടിക്ക് കൈമാറി സർക്കാറിന് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് പൊതുജനങ്ങൾക്ക് അറിയാനുള്ള അവകാശമുണ്ടെ ങ്കിലും സർക്കാർ ഇതുവരെ പുത്ത് വിട്ടിട്ടില്ല. കമ്മീഷന്റെ നേതൃ

**താൽക്കാലിക ബാച്ച് ശാശ്വത പരിഹാരമല്ലെന്നും മാർജിനൽ സീറ്റ് വർധനവ് അശാസ്ത്രീയമാണെ ന്നുമുള്ള ഗൗരവമുള്ള നിർദേശങ്ങളാണ് എല്ലാവരും സമർപ്പിച്ച റിപ്പോർട്ടുകളിലുള്ളത്. അധ്യാപക- വിദ്യാർഥി അനുപാതമനുസരിച്ച് ബാച്ചുകൾ പുനഃക്രമീകരിക്കണമെന്ന ആവശ്യവുമുണ്ട്. 150 അധിക ബാച്ചുകളെങ്കിലും മലബാറിന് നൽകണമെന്നാണ് കമ്മീഷന്റ റിപ്പോർട്ടിലുള്ളതെന്ന സൂചനയും പുറത്ത് വരുന്നുണ്ട്. കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കാതെ പ്ലസ് വൺ അലോട്ട്മെന്റ് തുടർന്നാൽ പഠിച്ച് ജയിച്ച കുട്ടികളോട് ചെയ്യുന്ന കടുത്ത അനീതിയായി അത് വിലയിരുത്തപ്പെടും. കമ്മീഷൻ റിപ്പോർട്ട് അവഗണിക്കുന്നത് ഒരു പ്രദേശത്തെ പൂർണമായി അവഗണിക്കുന്നതിന് തുല്യമാകും.**

ത്വത്തിൽ നടന്ന സിറ്റിങ്ങിൽ ബഹുജന, അധ്യാപക, വിദ്യാർഥി സംഘടനകളെല്ലാം വിഷയങ്ങൾ പഠിച്ച് അപഗ്രഥിച്ചുകൊണ്ട് തന്നെ റിപ്പോർട്ടുകൾ കമ്മീഷന് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. സർക്കാരിന്റ ഭാഗ ത്തുനിന്ന് ഇനിയും കാലതാമസം നേരിട്ടാൽ പൊതുജനങ്ങൾക്കിട യിൽ ചർച്ചയാകുംവിധം വിഷയം പുറത്തറിയിക്കാൻ എല്ലാവരും സന്നദ്ധമാകണം.

താൽക്കാലിക ബാച്ച് ശാശ്വത പരിഹാരമല്ലെന്നും മാർജിനൽ സീറ്റ് വർധനവ് അശാസ്ത്രീയമാ ണെന്നുമുള്ള ഗൗരവമുള്ള നിർദേ ശങ്ങളാണ് എല്ലാവരും സമർപ്പിച്ച റിപ്പോർട്ടുകളിലുള്ളത്. അധ്യാ പക- വിദ്യാർഥി അനുപാതമനു സരിച്ച് ബാച്ചുകൾ പുനഃക്രമീക രിക്കണമെന്ന ആവശ്യവുമുണ്ട്. 150 അധിക ബാച്ചുകളെങ്കിലും മലബാറിന് നൽകണമെന്നാണ് കമ്മീഷന്റ റിപ്പോർട്ടിലുള്ളതെന്ന സൂചനയും പുറത്ത് വരുന്നുണ്ട്. കമ്മീഷൻ ശുപാർശകൾ നടപ്പിലാ ക്കാതെ പ്ലസ് വൺ അലോട്ട്മെന്റ് തുടർന്നാൽ പഠിച്ച് ജയിച്ച കുട്ടിക ളോട് ചെയ്യുന്ന കടുത്ത അനീതി യായി അത് വിലയിരുത്തപ്പെടും. കമ്മീഷൻ റിപ്പോർട്ട് അവഗണി ക്കുന്നത് ഒരു പ്രദേശത്തെ പൂർ ണമായി അവഗണിക്കുന്നതിന് തുല്യമാകും.

### വിദ്യാഭ്യാസത്തിന്റ ഗുണനിലവാരം മലബാറിലും സാധ്യമാകണം

സംസ്ഥാനത്തെ എല്ലാ മേഖ ലകളിലെയും വിദ്യാർഥികൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം ലഭ്യമാക്കേണ്ട ചുമതല ഭരണാ ധികാരികൾക്കുണ്ട്. അത് തിരു വിതാകൂറിലെയും കൊച്ചിയിലെ യും മലബാറിലെയും കുട്ടികൾക്ക് ഒരുപോലെ അവകാശപ്പെട്ടതുമാ ണ്. ഭൂമിയുടെ അതിർത്തികൾക്ക നുസരിച്ച് കൊണ്ടുള്ള വിവേചനം കടുത്ത അനീതിയാണ്. ഭാഷയും വേഷവും മതവും വർഗവുമായി വിഭജനത്തിന്റ ഫാഷിസ്റ്റ് രാഷ്ട്രീ യാധികാര കാലത്ത് പ്രബുദ്ധമായ

**ഗുണനിലവാരം എന്ന ആശയത്തിന്റെ രാഷ്ട്രീയം വിദ്യാഭ്യാസസ്ഥാപനങ്ങളെയും അധ്യാപകരെയും വിദ്യാർഥികളെയും പ്രക്ഷുബ്ധമായ മാനസിക പശ്ചാത്തലങ്ങളിലേക്ക് എത്തിക്കുമെന്ന കാര്യത്തിൽ സംശയമില്ല, ഗുണനിലവാരത്തിന് തടസ്സമാകുന്ന കാര്യങ്ങൾ കൂടി സമൂഹത്തിൽ തെളിഞ്ഞ് നിന്നാൽ വിദ്യാർഥികളെ എത്രമാത്രം അത് ബാധിക്കുമെന്ന തിരിച്ചറിവാണ് നമുക്ക് വേണ്ടത്. എല്ലാവർക്കും അവകാശപ്പെട്ടത്, മനസ്സിനെ സംതൃപ്തിപ്പെടുത്തുന്നത്, ഉദ്ദേശ്യങ്ങളെ സാധൂകരിക്കാൻ സഹായിക്കുന്നത് എന്നിങ്ങനെയുള്ള അർഥത്തിലാണ് ഗുണനിലവാരമെന്ന ആശയത്തെ ആധുനിക സാമൂഹികവ്യവസ്ഥയിൽ നാം മനസ്സിലാക്കേണ്ടതെന്ന് റിച്ചാർഡ് ലിക്മാനെ പോലുള്ളവർ നിരീക്ഷിക്കുന്നുണ്ട്. വിദ്യാഭ്യാസ വിചക്ഷണൻമാരുടെയും മനഃശാസ്ത്രജ്ഞരുടെയും താക്കീതുകളും നിർദേശങ്ങളും ഗൗനിക്കാതെ ക്ലാസ്സ് റൂമുകളിൽ വിദ്യാർഥികളെ കുത്തിനിറക്കുന്ന സമീപനം വലിയ അപരാധം തന്നെയാണ്.**

മലയാളികൾക്കിടയിലും വിവേചനമുണ്ടാകുന്നത് അപമാനമാണ്. അതിനാൽ ഗുണനിലവാരമുള്ള വിദ്യാഭ്യാസം എല്ലാവർക്കും നൽകാൻ ഭരണകൂടം പ്രതിജ്ഞാബദ്ധമാകണം.

ക്ലാസ്സ് റൂമുകളും അധ്യാപകരും വിദ്യാർഥികളും കാമ്പസ് സാഹചര്യങ്ങളും പഠനങ്ങളിൽ വലിയ പങ്ക് വഹിക്കുന്നുണ്ട്. ഹയർ സെക്കന്ററി ക്ലാസ്സ് റൂമുകളിലെ പരമാവധി വിദ്യാർഥികളുടെ എണ്ണം 50 ആണ്. കരിക്കുലം നിശ്ചയിക്കുന്ന കാലയളവിൽ ഫലപ്രദമായി അധ്യാപനവും പഠനവും നടക്കണമെങ്കിൽ വിദ്യാർഥികളുടെ എണ്ണം പരമപ്രധാനമാണ്. സയൻസ് വിഷയങ്ങളിൽ വിദ്യാർഥികൾക്ക് പരീക്ഷണലാബ് കാര്യക്ഷമമായി ഉപയോഗപ്പെടുത്താനാകണം. ഭാഷാപഠനങ്ങൾക്കായി ലിംഗ്വിസ്റ്റിക് ലാബുകളിലൂടെ പരിശീലനത്തിന് സൗകര്യമുണ്ടാകണം. സാമ്പത്തികശാസ്ത്രവും ചരിത്രവും ഇതര വിഷയങ്ങളും ഗവേഷണാത്മകമായി സമീപിക്കാൻ സെമിനാറുകൾ, പ്രബന്ധങ്ങൾ, ചർച്ചകൾ തുടങ്ങിയവ ഉപകാരപ്പെടണമെങ്കിൽ വിദ്യാർഥികളുടെ എണ്ണത്തിലെ പരിധി അനിവാര്യമാണ്. ഗുണനിലവാരം എന്ന ആശയത്തിന്റെ രാഷ്ട്രീയം വിദ്യാഭ്യാസസ്ഥാപനങ്ങളെയും അധ്യാപകരെയും വിദ്യാർഥികളെയും പ്രക്ഷുബ്ധമായ മാനസിക പശ്ചാത്തലങ്ങളിലേക്ക് എത്തിക്കുമെന്ന കാര്യത്തിൽ സംശയമില്ല, ഗുണനിലവാരത്തിന് തടസ്സമാകുന്ന കാര്യങ്ങൾ കൂടി സമൂഹത്തിൽ തെളിഞ്ഞ് നിന്നാൽ വിദ്യാർഥികളെ എത്രമാത്രം അത് ബാധിക്കുമെന്ന തിരിച്ചറിവാണ് നമുക്ക് വേണ്ടത്. എല്ലാവർക്കും അവകാശപ്പെട്ടത്, മനസ്സിനെ സംതൃപ്തിപ്പെടുത്തുന്നത്, ഉദ്ദേശ്യങ്ങളെ സാധൂകരിക്കാൻ സഹായിക്കുന്നത് എന്നിങ്ങനെയുള്ള അർഥത്തിലാണ് ഗുണനിലവാരമെന്ന ആശയത്തെ ആധുനിക സാമൂഹികവ്യവസ്ഥയിൽ നാം മനസ്സിലാക്കേണ്ടതെന്ന് റിച്ചാർഡ് ലിക്മാനെ പോലുള്ളവർ നിരീക്ഷിക്കുന്നുണ്ട്. വിദ്യാഭ്യാസ വിചക്ഷണൻമാരുടെയും മനഃശാസ്ത്രജ്ഞരുടെയും താക്കീതുകളും നിർദേശങ്ങളും ഗൗനിക്കാതെ ക്ലാസ്സ് റൂമുകളിൽ വിദ്യാർഥികളെ കുത്തിനിറക്കുന്ന സമീപനം വലിയ അപരാധം തന്നെയാണ്.

ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തിന് ഗുണനിലവാരമുള്ള ക്ലാസ്സ് മുറിയെക്കുറിച്ച്



'നാക്ക്' (നാഷണൽ അസ്സെസ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ കമ്മീഷൻ) അടക്കമുള്ള ഗുണനിലവാര ഏജൻസികൾ പൊതു സമൂഹത്തിന് നൽകുന്ന ചില കാഴ്ചപ്പാടുകളുണ്ട്. കമ്പ്യൂട്ടർ, പ്രൊജക്ടർ, ഇന്റർ ആക്റ്റീവ് വൈറ്റ് ബോർഡ്, അധുനികരീതിയിലുള്ള ഫർണിച്ചറുകൾ എന്നിങ്ങനെ ഭൗതിക സാഹചര്യങ്ങളാൽ ചിട്ടപ്പെടുത്തിയ ഒന്നിനെയാണ് ഗുണനിലവാരമുള്ള ക്ലാസ്സായി ഗുണനിലവാര ഏജൻസികൾ കണക്കാക്കുന്നത്. അധ്യാപകനും വിദ്യാർഥിയും തമ്മിലുള്ള ബൗദ്ധികവിനിമയവും അതിന്റെ നിലവാരവും ഉയർത്തുന്നതിന് നിലവിലെ, പ്രത്യേകിച്ച് മലബാറിലെ ഹയർ സെക്കന്ററി ക്ലാസ്സ് മുറികൾ എത്രമാത്രം അപര്യാപ്തമാണെന്ന് തിരിച്ചറിയാൻ സമൂഹം ഇനിയെങ്കിലും തയ്യാറാകണം.

കേരളത്തിലെ മസ്തിഷ്ക ചോർച്ച തടയാൻ നിയനിർമാണം നടത്തണമെന്നാവശ്യപ്പെടുന്ന സാഹചര്യമാണിന്നുള്ളത്. കേരളത്തിൽനിന്ന് പ്രതിവർഷം 35000 കുട്ടികൾ വിദേശത്തേക്കൊഴുകുന്നു വെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. കോടിക്കണക്കിന് രൂപ ഫീസിനത്തിൽ പുറത്തേക്കൊഴുകുന്നുവെന്ന് കണക്കാക്കപ്പെടുന്നു. ഐ.ടി-എഞ്ചിനിയറിംഗ് മേഖലകളിലെ യുവാക്കളുടെ വിദേശരാജ്യങ്ങളിലേക്കുള്ള പോക്ക് കേരളത്തിന് വലിയ വെല്ലുവിളിയാണെന്നതിൽ സംശയമില്ല. ആദ്യകാലത്ത് ബിരുദാനന്തര ബിരുദം നേടാനാണ് നാട് വിട്ടിരുന്നതെങ്കിൽ ഇന്ന് പ്ലസ്ടു കഴിഞ്ഞയുടനെയാണ് യാത്ര. ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിന്റ അപര്യാപ്തതയും അസൗകര്യവും കാരണം വളരെ ചെറുപ്പത്തിലേ വിദേശത്തേക്ക് കടക്കുമെന്ന സത്യം ഓർത്ത് ആരും പരിഭവപ്പെടുന്നതായി കാണുന്നില്ല. ഉപരിപഠനത്തിനായി വിദേശത്ത് പോകുന്നവർ തിരിച്ചുവരാതെ കുടുംബങ്ങളെ കൂടി കൊണ്ടുപോകുന്നുവെന്നത് കാണാതിരുന്നുകൂടാ. അതിനാൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം ശരിയായവിധം നൽകാനുതകുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടണം. ഉന്നത വിദ്യാഭ്യാസ രംഗം കാര്യക്ഷമമാക്കുകയും കേരളത്തെ വിദ്യാഭ്യാസത്തിന്റ ലോക ഹബ്ബ് ആയി പരിവർത്തിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും വേണം.

**കേരളത്തിലെ മസ്തിഷ്ക ചോർച്ച തടയാൻ നിയനിർമാണം നടത്തണമെന്നാവശ്യപ്പെടുന്ന സാഹചര്യമാണിന്നുള്ളത്. കേരളത്തിൽനിന്ന് പ്രതിവർഷം 35000 കുട്ടികൾ വിദേശത്തേക്കൊഴുകുന്നു വെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. കോടിക്കണക്കിന് രൂപയാണ് ഫീസിനത്തിൽ പുറത്തേക്കൊഴുകുന്നുവെന്ന് കണക്കാക്കപ്പെടുന്നു. ഐ.ടി-എഞ്ചിനിയറിംഗ് മേഖലകളിലെ യുവാക്കളുടെ വിദേശരാജ്യങ്ങളിലേക്കുള്ള പോക്ക് കേരളത്തിന് വലിയ വെല്ലുവിളിയാണെന്നതിൽ സംശയമില്ല. ആദ്യകാലത്ത് ബിരുദാനന്തര ബിരുദം നേടാനാണ് നാട് വിട്ടിരുന്നതെങ്കിൽ ഇന്ന് പ്ലസ്ടു കഴിഞ്ഞയുടനെയാണ് യാത്ര. ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിന്റ അപര്യാപ്തതയും അസൗകര്യവും കാരണം വളരെ ചെറുപ്പത്തിലേ വിദേശത്തേക്ക് കടക്കുമെന്ന സത്യം ഓർത്ത് ആരും പരിഭവപ്പെടുന്നതായി കാണുന്നില്ല.**

വിദ്യാഭ്യാസത്തിൽ രാഷ്ട്രീയം കലർത്തരുതെന്ന മുൻഗാമികളുടെ മുന്നറിയിപ്പുകളെ അവഗണിച്ച് കൊണ്ട് തങ്ങളുടെ ആശയധാരയിലുള്ളവരെ കമ്മീഷനുകളായി നിശ്ചയിച്ച് അവതരിപ്പിക്കുന്ന പല റിപ്പോർട്ടുകളിലും അപ്രായോഗികതയും അനൗചിത്യവും ധാരാളമായി കാണാനാകുന്നുണ്ട്. ഹയർ സെക്കന്ററി മേഖലയിൽ നിയമിച്ച ഖാദർ കമ്മീഷൻ റിപ്പോർട്ട് അത്തരത്തിലുള്ളതാണെന്ന് നിരീക്ഷകർ അഭിപ്രായപ്പെടുന്നു.

നിലവിലുള്ള പ്ലസ്ടു സംവിധാനത്തെ ഹൈസ്കൂളിൽ ലയിപ്പിച്ച് കൗമാരപ്രായക്കാരായ വിദ്യാർഥികൾക്ക് പ്രത്യേകം ശിക്ഷണം നൽകുന്നതിൽനിന്ന് തടയിടുകയാണ് ഖാദർ കമ്മീഷൻ എന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. 'ഒരു പേരിലെന്തിരിക്കുന്നു' എന്ന് ചോദിച്ചത് ഷേക്സ്പിയറാണ്. പേരിന്റെ അർഥവും പേരിന്റ ഉടമയുടെ രൂപഭാവവും, അല്ലെങ്കിൽ സ്വഭാവവും തമ്മിൽ യാതൊരു ചേർച്ചയും ഉണ്ടാകണമെന്നില്ല. സത്യസന്ധത ഒട്ടുമില്ലാത്തയാളായിരിക്കാം, എന്നാൽ പേര് സത്യപാലൻ എന്നായിരിക്കും. ഈ വൈരുധ്യം വ്യക്തികളുടെ കാര്യത്തിൽ മാത്രമല്ല വ്യക്തികൾ നിർമിക്കുന്ന ബൗദ്ധികോൽപന്നങ്ങളുടെ കാര്യത്തിലും കണ്ടേക്കാം. ഇതിനുള്ള ഏറ്റവും നല്ല ഉദാഹരണമാണത്രെ വിദ്യാഭ്യാസ അവകാശനിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേരള സർക്കാർ നിയമിച്ച പ്രൊഫസർ ഖാദറിന്റ നേതൃത്വത്തിലുള്ള കമ്മീഷൻ 2019ൽ സമർപ്പിച്ച റിപ്പോർട്ടിന് നൽകിയ 'മികവിനായുള്ള വിദ്യാഭ്യാസം' എന്ന പേര്. സർക്കാർ അതംഗീകരിച്ച് ഉത്തരവിറക്കുകയും ചെയ്തു.

രാഷ്ട്രീയ താൽപര്യങ്ങൾക്കതീതമായി ഹയർ സെക്കന്ററി വിദ്യാർഥികളും അധ്യാപകരും അനുഭവിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് അവ പരിഹരിക്കാനുള്ള മാർഗങ്ങൾ കണ്ടെത്തുകയാണ് ഉത്തരവാദപ്പെട്ടവർ ചെയ്യേണ്ടത്. ■



ദൈവാസ്തിക്യം, പ്രപഞ്ചം നാസ്തിക 03

# ആദികാരണം ആശ്രയവാദത്തിൽ


ഷാഹുൽ പാലക്കാട്

> **പ്രപഞ്ചത്തിനു പിന്നിൽ കാരണമില്ലായ്മയാണെന്ന ചിന്തയോട് ഒരു ശാസ്ത്ര സിദ്ധാന്തവും യോജിച്ചു പോകുന്നതല്ല. മറിച്ച് ഒരു പ്രത്യേകമായ മുൻ അവസ്ഥയുടെ പരിണിത ഫലമാണ് പ്രപഞ്ചം എന്നു സമർഥിക്കാനാണ് പ്രപഞ്ചത്തിന്റെ കാരണമന്വേഷിക്കുന്ന സകല ശാസ്ത്ര സിദ്ധാന്തങ്ങളും ശ്രമിക്കുന്നത്. പ്രപഞ്ചത്തിനു പിറകിൽ കൃത്യമായ വിശദീകരണം ഉണ്ടാകണമെന്ന കാര്യത്തിൽ ശാസ്ത്രലോകത്തിൻ പൊതുസമ്മതമാണെന്ന് ഇത് തെളിയിക്കുന്നു. അങ്ങനെ ബാഹ്യമായ ഒരു കാരണവും കൂടാതെ പെട്ടെന്ന് ഒരു സമയത്ത് ഈ കാണുന്ന മഹാപ്രപഞ്ചം ചുമ്മാ ഉണ്ടായിവന്നുവെന്ന് വിശ്വസിക്കുന്നത് അക്ഷരാർഥത്തിൽ മേജിക്കിലുള്ള വിശ്വാസമാണ്**

നിലനിൽക്കുക അനിവാര്യമല്ലാത്ത ഏതൊരു അസ്തിത്വവും മറ്റൊന്നിനെ ആശ്രയിച്ചു മാത്രമാണ് നിലനിൽക്കുന്നതെന്ന് ഡിപ്പന്റൻസി ആർഗ്യുമെന്റനുസരിച്ച് യുക്തിപരമായി സ്ഥാപിക്കപ്പെടുന്നു. അപ്പോൾ പ്രപഞ്ചം എന്തിനെ ആശ്രയിച്ചു നിലനിൽക്കുന്നുവെന്ന സ്വാഭാവിക പ്രശ്നത്തിലേക്കത് എത്തുന്നു. സ്വാഭാവികമായും പ്രപഞ്ചം മറ്റൊന്നിനെയും ആശ്രയിച്ചു നിലനിൽക്കുന്നതല്ലായെന്ന് ഉത്തരം പറയാനാകും നാസ്തികർക്ക് താൽപര്യം. എന്നാൽ ആധുനിക ശാസ്ത്രമോ യുക്തിപരമായ അവലോകനങ്ങളോ നാസ്തികരുടെ ഈ ആഗ്രഹചിന്തയുമായി ഒത്തുപോകുന്നതല്ല.

പ്രപഞ്ചത്തിന് കൃത്യമായ ഒരു ബാഹ്യകാരണവും വിശദീകരണവും ഉണ്ടാകണമെന്നത് കൊണ്ടാണല്ലോ ശാസ്ത്രലോകത്ത് അതന്വേഷിക്കുന്ന പഠനങ്ങൾ ഉണ്ടാകുന്നത്. പ്രപഞ്ചത്തിൻ ക്വാണ്ടം ചാഞ്ചാട്ടങ്ങൾ പോലുള്ള ബാഹ്യകാരണങ്ങൾ പ്ര

വർത്തിച്ചിട്ടുണ്ടാകാം എന്ന് പ്രമുഖ നാസ്തിക ചിന്തകരായ ലോറൻസ് ക്രൗസും സ്റ്റീഫൻ ഹോക്കിങ്സും ഒക്കെ ശാസ്ത്രത്തെ ഉദ്ധരിച്ച് സമർഥിച്ചിട്ടുണ്ട്. കാരണമില്ലായ്മയാണ് പ്രപഞ്ചത്തിനു പിന്നിൽ എന്നു പറയുന്നത് തൃപ്തികരമായ മറുപടിയാകില്ലെന്ന് ഇവർക്കുതന്നെ ഉറപ്പുള്ളതുകൊണ്ടല്ലേയിത്? പ്രപഞ്ചത്തിനു പിന്നിൽ കാരണമില്ലായ്മയാണെന്ന ചിന്തയോട് ഒരു ശാസ്ത്ര സിദ്ധാന്തവും യോജിച്ചു പോകുന്നതല്ല. മറിച്ച് ഒരു പ്രത്യേകമായ മുൻ അവസ്ഥയുടെ പരിണിത ഫലമാണ് പ്രപഞ്ചം എന്നു സമർഥിക്കാനാണ് പ്രപഞ്ചത്തിന്റെ കാരണമന്വേഷിക്കുന്ന സകല ശാസ്ത്ര സിദ്ധാന്തങ്ങളും ശ്രമിക്കുന്നത്. പ്രപഞ്ചത്തിനു പിറകിൽ കൃത്യമായ വിശദീകരണം ഉണ്ടാകണമെന്ന കാര്യത്തിൽ ശാസ്ത്രലോകത്തിൻ പൊതുസമ്മതമാണെന്ന് ഇത് തെളിയിക്കുന്നു. അങ്ങനെ ബാഹ്യമായ ഒരു കാരണവും കൂടാതെ പെട്ടെന്ന് ഒരു സമയത്ത് ഈ കാണുന്ന മഹാ



പ്രപഞ്ചം ചുമ്മാ ഉണ്ടായിവന്നുവെന്ന് വിശ്വസിക്കുന്നത് അക്ഷരാർഥത്തിൽ മേജിക്കിലു ള്ള വിശ്വാസമാണ്. ശുദ്ധ ശൂന്യതയിൽനിന്നും ഒരു കാരണവും പ്രവർത്തിക്കാതെ ഒരു അരിമണി പോലും ഉണ്ടാകില്ലെന്ന് വിശ്വസിക്കുന്നവർ ഈ മഹാപ്രപഞ്ചം വെറുതെ ഉണ്ടായി എന്ന് വിശ്വസിക്കുന്നുവെ ങ്കിൽ പരിഹാസ്യമായ വിവരക്കേടായേ അതിനെ കാണാൻ കഴിയൂ.

പ്രപഞ്ചത്തിന്റെ ഫിലോസഫിക്കലായ അവലോകനങ്ങളും അതിന്റെ ബാഹ്യകാരണങ്ങളിലേ ക്കെത്തിക്കുന്നുവെന്ന് കാണാം. സ്വയം അസ്തിത്വമില്ലാത്തവയെല്ലാം മറ്റൊന്നിനെ ആശ്രയിച്ചാണ് നിലനിൽക്കുന്നതെന്ന് നാം മനസ്സിലാക്കിയതാണ്. അതിന്റെയടിസ്ഥാനത്തിൽ ഭൗതികമായ എന്തിനും ബാഹ്യമായ കാരണം ഉണ്ടാകേണ്ടതിന് പറഞ്ഞിട്ടുള്ള ന്യായങ്ങൾ തന്നെ പ്രപഞ്ചത്തിന്റെ കാര്യത്തിലും പ്രായോഗികമാണെന്ന് മനസ്സിലാക്കാം. ഒന്നാമതായി, പ്രപഞ്ചത്തിന് ഒരു ഉൽപത്തിയുണ്ടെന്നതാണ് അതിന് സ്വയം നിലനിൽപില്ലെന്നതിന് തെളിവ്. ഉൽപത്തിയുള്ളതെന്തിനും ബാഹ്യമായ കാരണം വേണ്ടിവരുന്നുവെന്ന് നാം കണ്ടു. രണ്ടാമതായി, പ്രപഞ്ചം നിശ്ചിതമായ ഭൗതിക ഗുണങ്ങൾ പ്രകടിപ്പിക്കുന്നുവെന്നത് അതിന് കാരണമായ ബാഹ്യമായ വിശദീകരണങ്ങൾ എന്തെന്ന ചോദ്യമുണ്ടാക്കുന്നു. ഉദാഹരണത്തിന്, പ്രപഞ്ചം നിശ്ചിതമായ മാനങ്ങളും (dimensions) നിശ്ചിത രൂപവും പ്രകൃതവും നിയമങ്ങളും ഒക്കെയുള്ളതാണ്. കൂടാതെ അടിസ്ഥാന കണങ്ങൾ മുതൽ ഗ്രഹചലനങ്ങൾ വരെയുള്ളവയുടെ ആന്തരികമായ ക്രമവും സജ്ജീകരണവും പ്രപഞ്ചത്തിൽ കാണപ്പെടുന്നു. എങ്കിൽ ഈ ക്രമീകരണങ്ങൾക്കും പരിമിതമായ പ്രപഞ്ച ഗുണങ്ങൾക്കും ഒക്കെ നിശ്ചയമായും പ്രപഞ്ച ബാഹ്യമായ ഒരു വിശദീകരണം അനിവാര്യമായി വരുന്നു.

മറ്റുള്ളവയെ ആശ്രയിച്ചു മാത്രം നിലനിൽപുള്ളവകൊണ്ട് യാതൊന്നിനെയും പൂർണമായി വിശദീകരിക്കുക സാധ്യമല്ല. കാരണം നാം കാണുകയും അനുഭവിക്കുകയും ചെയ്യുന്ന യാതൊന്നിനെയും ആത്യന്തികമായി വിശദീകരിക്കാൻ ആശ്രിതമായി നിലനിൽക്കുന്നവയ്ക്ക് സാധിക്കുന്നില്ല. മറിച്ച് മറ്റൊരു തലത്തിലേക്ക് ചോദ്യത്തെ മാറ്റിവെക്കുക മാത്രമാ

ണവ ചെയ്യുന്നത്. ഉദാഹരണത്തിന്, സമാന്തരമായി വീണുകൊണ്ടിരിക്കുന്ന ഡോമിനോസുകളെ എടുക്കുക. അവയിൽ വീണുകിടക്കുന്ന ഒരു ഡോമിനോയെടുത്ത് അതെന്തുകൊണ്ട് വീണുവെന്ന് ചോദിച്ചാൽ ഉറപ്പായും അതിന് സമാന്തരമായി മുന്നിൽ നിന്നിരുന്ന ഡോമിനോ അതിൻ മുകളിൽ വീണതാകാം കാരണം. എന്നാൽ അതിനെ കാരണമെന്ന് വിളിക്കുന്നതുകൊണ്ട് പ്രത്യേകിച്ച് ഉത്തരമൊന്നും ഉണ്ടാകുന്നില്ല. മറിച്ച് ആ ഡോമിനോ എന്തുകൊണ്ടാണ് വീണതെന്ന സമാനമായ മറുചോദ്യം മാത്രമാണ് അതുണ്ടാക്കുന്നത്. അപ്പോൾ ഒരു ഡോമിനോയിൽ നിന്ന് മറ്റൊരു ഡോമിനോയിലേക്ക് ചോദ്യം നീളുന്നുവെന്നല്ലാതെ ആത്യന്തികമായി ഉത്തരമൊന്നും ഉണ്ടാകുന്നില്ല.

മറിച്ച്, സമാന്തരമായി അടുക്കിവെക്കപ്പെട്ട ഡോമിനോസിൽ ആദ്യത്തെത് ഒരു പ്രത്യേക സമയത്ത് വീഴ്ച തുടങ്ങിയതിന് കൃത്യമായൊരു കാരണമുണ്ടാകും. ആ ഡോമിനോസ് നിരയുടെ മൊത്തത്തിലുള്ള പതനത്തിനു കാരണമായത് ആ ഇടപെടലാണ്. അപ്പോൾ അതാണ് അതിന്റെ മൂലകാരണം. ഈ ഉദാഹരണം പ്രപഞ്ചത്തിലേക്കെടുത്താൽ, സ്വയം അസ്തിത്വമില്ലാത്ത മറ്റൊന്നിനെ ആശ്രയിച്ചുമാത്രം നിലനിൽപുള്ളവ ഈ ഡോമിനോസിനു തുല്യമാണ്. ഇവയെല്ലാം മറ്റെന്തിനെയെല്ലാമോ ആശ്രയിച്ചു നിലനിൽക്കുന്നതുകൊണ്ടുതന്നെ യാതൊന്നും ആത്യന്തികമായി ഒന്നിനെയും വിശദീകരിക്കുന്നില്ല. അപ്പോൾ ഇങ്ങനെ ആശ്രിതമായി മാത്രം നിലനിൽക്കുന്നവയ്ക്ക് ആത്യന്തികമായ മൂലകാരണമെന്നോണം അനിവാര്യമായും സ്വയം നിലനിൽപുള്ളൊരു അസ്തിത്വം ഉണ്ടായിരിക്കണം.

എല്ലാറ്റിന്റെയും ഉൽപത്തിയും നിലനിൽപും സവിശേഷതകളുമൊക്കെ അനിവാര്യമായ നിലനിൽപുള്ള (necessary existence)



അത്തരമൊരു അസ്തിത്വത്തെ ആശ്രയിച്ചാണ്. സകല ലോകങ്ങളുടെയും സൃഷ്ടിപ്പിന് ഹേതുവായ അത്തരമൊരു അസ്തിത്വത്തെ വിശകലനം ചെയ്യലാണ് കോസ്മോളജിക്കൽ ആർഗ്യുമെന്റിലും ഡിപ്പന്റൻസി ആർഗ്യുമെന്റിലും സംഭവിക്കുന്ന ഒടുവിലത്തെ ചർച്ച.

**പ്രപഞ്ചകാരണവും ദൈവവും തമ്മിൽ എന്ത്?**

സകല ഭൗതിക ലോകത്തിന്റെയും നിലനിൽപിനുള്ള തത്വശാസ്ത്രപരമായ ന്യായമെന്നോണം സ്വയം നിലനിൽക്കുന്ന അനിവാര്യമായൊരു അസ്തിത്വം ഉണ്ടാകണമെന്നതിന്റെ യുക്തി വിശദീകരിച്ചു കഴിഞ്ഞു. കോസ്മോളജിക്കൽ ആർഗ്യുമെന്റ് കൊണ്ടും ഡിപ്പന്റൻസി വാദം കൊണ്ടുമെല്ലാം ഒരുപോലെ എത്തിച്ചേരുന്ന തീർപ്പാണിത്. അപ്പോൾ അത്തരമൊരു അസ്തിത്വത്തിന് തീർച്ചയായും ഉണ്ടായിരിക്കേണ്ടതായ ഗുണങ്ങളെയും ഈ വാദങ്ങളുടെ തന്നെ

**അനിവാര്യമായ നിലനിൽപുള്ള രണ്ട് അസ്തിത്വങ്ങൾ ഉണ്ടെന്നുവന്നാൽ അവ രണ്ടിനെയും പരസ്പരം വേർതിരിക്കുന്ന ചില പരിമിതമായ ഗുണങ്ങൾ അവയ്ക്കുണ്ടെന്നു വരും. പരിമിതമായ ഒരു ഭൗതിക ഗുണവും ഇല്ലാത്തതിനെയാണ് ആദിഹേതുവായി കാണുക എന്ന് നമ്മൾ മനസ്സിലാക്കിയതാണ്. അപ്പോൾ സകലതിന്റെയും മൂലകാരണം ഏകമാണ്. മാറ്റം എന്ന ഗുണം ഭൗതികമാണ്. ഏതൊരു മാറ്റവും അതിന്റേതായ സ്വന്തം ഘടകങ്ങളുടെ സ്വാധീനം കൊണ്ടോ ചുറ്റുപാടിന്റെ സ്വാധീനംകൊണ്ടോ സംഭവിക്കുന്നതാണ്. ഇങ്ങനെ മറ്റൊന്നിലും ആശ്രിതമല്ലാതെ സ്വയം നിലനിൽപുള്ളതായിരിക്കണം പ്രപഞ്ചങ്ങളുടെ മൂലകാരണം എന്ന് നാം മനസ്സിലാക്കി. അതിനാൽ ഇത് മാറ്റങ്ങൾക്ക് അതീതമാണ്.**

**മനുഷ്യനെ സംബന്ധിച്ച് സമ്പൂർണമായ ഇച്ഛാസ്വാതന്ത്ര്യം സാധ്യമല്ലെന്നു പറയുന്നത് ചുറ്റുപാടിന്റെയും സാഹചര്യങ്ങളുടെയും സ്വാധീനം ഭൗതികമായി മനുഷ്യനിൽ ഉണ്ടാകുന്നുണ്ട് എന്നതുകൊണ്ടാണ്. മസ്തിഷ്കവും ജീനുകളും ജീവിത സാഹചര്യങ്ങളും ന്യൂറോൺ ഘടകങ്ങളുമൊക്കെ മനുഷ്യനെ തീരുമാനങ്ങളെടുക്കുന്നതിൽ സ്വാധീനിക്കാം. അപ്പോൾ മറ്റൊന്നിന്റെയും ആശ്രയമില്ലാതെ നിലനിൽപുള്ള ഒന്നിനുമേൽ മാത്രമെ സമ്പൂർണമായ ഇച്ഛാസ്വാതന്ത്ര്യം ആരോപിക്കാൻ കഴിയൂ. ഇങ്ങനെ മറ്റൊന്നിനെയും ആശ്രയിച്ചല്ലാതെ നിലനിൽക്കുന്ന ഒന്ന് പ്രപഞ്ചത്തിന്റെ മൂലകാരണവും സ്വയം നിലനിൽപുള്ളതുമായ ആദിഹേതുവാണെന്ന് നാം കണ്ടതാണ്.**

അടിസ്ഥാനത്തിൽ സംഗ്രഹിക്കാം.

*1. ഏകമായിരിക്കുക*

അനിവാര്യമായ നിലനിൽപുള്ള രണ്ട് അസ്തിത്വങ്ങൾ ഉണ്ടെന്നുവന്നാൽ അവ രണ്ടിനെയും പരസ്പരം വേർതിരിക്കുന്ന ചില പരിമിതമായ ഗുണങ്ങൾ അവയ്ക്കുണ്ടെന്നു വരും. പരിമിതമായ ഒരു ഭൗതിക ഗുണവും ഇല്ലാത്തതിനെയാണ് ആദിഹേതുവായി കാണുക എന്ന് നമ്മൾ മനസ്സിലാക്കിയതാണ്. അപ്പോൾ സകലതിന്റെയും മൂലകാരണം ഏകമാണ്.

*2. ഭൗതികേതരമാവുക*

ഭൗതികമായതെന്തിനും ഒരു ബാഹ്യവിശദീകരണമോ കാരണമോ വേണ്ടി വരുന്നുവെന്നതിൽ നിന്നാണ് ഈ ആദികാരണത്തിലേക്ക് എത്തിയത്. സ്വാഭാവികമായും അത് ഭൗതികമായ ഒന്നിനെയും ആശ്രയിക്കാത്തതും സമയത്തിനും കാലത്തിനും അതീതവുമായിരിക്കണം. അത്തരത്തിലൊന്ന് അഭൗതികമാണ്.

*3. അനാദിയാവുക*

ഭൗതിക വസ്തുക്കൾക്കോ പ്രതിഭാസങ്ങൾക്കോ ഒന്നും അനന്തമാവാൻ കഴിയില്ലെന്നാണ് കഴിഞ്ഞ ഭാഗങ്ങളിൽ നാം കണ്ടത്. ഭൗതികമായതെന്തിനും ഒരു തുടക്കമുള്ളതിനാൽ അവ സനാദിയാണ്. അപ്പോൾ അവയ്ക്കെല്ലാം വിശദീകരണമായി നിലനിൽക്കുന്ന മൂലകാരണം അനാദിയായതും സ്വയംതന്നെ അനിവാര്യമായ അസ്തിത്വമുള്ളതും സമയത്തിനും കാലത്തിനും അതീതമായി അനന്തമായി നിലനിൽക്കുന്നതുമായിരിക്കണം.

*4. പ്രപഞ്ചേതരമായിരിക്കുക*


പ്രപഞ്ചത്തിനുതന്നെ അസ്തിത്വമില്ലാത്ത അവസ്ഥയിൽ അതിനെ സൃഷ്ടിക്കാൻ കാരണമായത് സ്വാഭാവികമായും പ്രപഞ്ചേതരവും ആയിരിക്കണം.

*5. സ്വയം മാറ്റമില്ലാത്തതായിരിക്കു ക*

മാറ്റം എന്ന ഗുണം ഭൗതികമാണ്. ഏതൊരു മാറ്റവും അതിന്റേതായ സ്വന്തം ഘടകങ്ങളുടെ സ്വാധീനം കൊണ്ടോ ചുറ്റുപാടിന്റെ സ്വാധീനംകൊണ്ടോ സംഭവിക്കുന്നതാണ്. ഇങ്ങനെ മറ്റൊന്നിലും ആശ്രിതമ ല്ലാതെ സ്വയം നിലനിൽപുള്ളതായിരിക്കണം പ്രപഞ്ചങ്ങളുടെ മൂലകാരണം എന്ന് നാം മനസ്സിലാക്കി. അതിനാൽ ഇത് മാറ്റങ്ങൾക്ക് അതീതമാണ്.

*6. ഇച്ഛാസ്വാതന്ത്ര്യം ഉള്ളതാവുക*

മനുഷ്യനെ സംബന്ധിച്ച് സമ്പൂർണമായ ഇച്ഛാസ്വാതന്ത്ര്യം സാധ്യമല്ലെന്നു പറയുന്നത് ചുറ്റുപാടിന്റെയും സാഹചര്യങ്ങളുടെയും സ്വാധീനം ഭൗതികമായി മനുഷ്യനിൽ ഉണ്ടാകുന്നുണ്ട് എന്നതുകൊണ്ടാണ്. മസ്തിഷ്കവും ജീനുകളും ജീവിത സാഹചര്യങ്ങളും ന്യൂറോൺ ഘടകങ്ങളുമൊക്കെ മനുഷ്യനെ തീരുമാനങ്ങളെടുക്കുന്നതിൽ സ്വാധീനിക്കാം. അപ്പോൾ മറ്റൊന്നിന്റെയും ആശ്രയമില്ലാതെ നിലനിൽപുള്ള ഒന്നിനുമേൽ മാത്രമെ സമ്പൂർണമായ



**സകലതിന്റെയും സൃഷ്ടിപ്പിനും സംവിധാനത്തിനും കാരണമായ, ഏകമായ, അനാദിയായ, പരാശ്രയരഹിതമായ, ബൗദ്ധിക ഗുണങ്ങളുള്ള, സർവശക്തനും സർവജ്ഞനുമായ ഒരസ്തിത്വം എന്നത് ദൈവത്തിനു മാത്രം യോജിക്കുന്ന നിർവചനമാണ്. അപ്പോൾ ദൈവത്തിനു മാത്രം യോജിച്ച ഗുണങ്ങളും നിർവചനങ്ങളുമുള്ള ഒരു അസ്തിത്വമുണ്ട്. ആയതിനാൽ ദൈവമുണ്ട്.**

ഇച്ഛാസ്വാതന്ത്ര്യം ആരോപിക്കാൻ കഴിയൂ. ഇങ്ങനെ മറ്റൊന്നിനെയും ആശ്രയിച്ചല്ലാതെ നിലനിൽക്കുന്ന ഒന്ന് പ്രപഞ്ചത്തിന്റെ മൂലകാരണവും സ്വയം നിലനിൽപുള്ളതുമായ ആദിഹേതുവാണെന്ന് നാം കണ്ടതാണ്. അപ്പോൾ സമ്പൂർണമായ ഇച്ഛാസ്വാതന്ത്ര്യമുണ്ടെന്ന് വാദിക്കാൻ കഴിയുക ഈ ആദികാരണത്തിനുമേൽ മാത്രമാണ്.

*7. ബൗദ്ധിക ഗുണങ്ങൾ ഉണ്ടാവുക*

സകല ലോകങ്ങളുടെയും കാരണം പരാശ്രയമുക്തമായ, മാറ്റങ്ങൾക്കതീതമായ, അനാദിയിൽ സ്വയം നിലനിൽപുള്ള ഒരു അനിവാര്യമായ അസ്തിത്വമാണെന്ന അവലോകനത്തിൽ നാം എത്തി. അപ്പോൾ അനാദിയായി നിലനിന്ന ഒരു കാരണത്തിൽനിന്നും സനാദിയായ/തുടക്കമുള്ള ഒരു ഫലം എങ്ങനെയാണ് ഉണ്ടാവുക? ഈ ആദിഹേതു പരാശ്രയമുക്തമായതുകൊണ്ട് തന്നെ ഇതിൻ മറ്റൊന്നിന്റെയും സ്വാധീനമോ മാറ്റങ്ങളോ ബാധകമല്ലതാനും. അനാദികാലമായി മറ്റൊന്നിന്റെയും സ്വാധീനം കൂടാതെ നിലനിന്ന ഒരു ഹേതുവിൽനിന്നും ഒരു നിശ്ചിത സമയത്ത് ഒരു ഫലം സൃഷ്ടിക്കപ്പെട്ടു എങ്കിൽ അത് ആ അസ്തിത്വത്തിൽ സ്വന്തം തീരുമാനത്തിന്റെ ഭാഗമായി മാത്രം സംഭവിക്കാൻ ഇടയുള്ളതാണ്.

അപ്പോൾ അനാദിയിൽ നിന്നും സനാദിയായ തീരുമാനം ഉണ്ടാകുന്നതിൻ സ്വന്തമായ ഇച്ഛയും, ബൗദ്ധികമായ തീരുമാനവുമാണ് കാരണമായിട്ടുള്ളത്. ഇതിനെ ഏജന്റ് കോസേഷൻ(Agent causation) എന്നു വിളിക്കുന്നു. മറ്റൊന്നിന്റെയും സ്വാധീനമില്ലെങ്കിൽ മാറ്റമില്ലാത്ത ഒരു അസ്തിത്വത്തിൽനിന്നും ഫലം (effect)ഉണ്ടാകുന്നതിൻ സ്വന്തത്തിൽനിന്നും സ്വയം തീരുമാനം ഉണ്ടാകണം. പ്രത്യേകിച്ച് അനാദിയായി നിലനിൽക്കുന്ന ഒരു ഹേതുവിൽനിന്നും ഒരു പ്രത്യേക സമയത്ത് ഒരു പ്രത്യേകമായ ഇടപെടൽ ഉണ്ടായിയെങ്കിൽ ആ അവസ്ഥയെ അതിന്റെ ബൗദ്ധികമായ തീരുമാനമായേ കണക്കാക്കാൻ കഴിയൂ.

*8. സർവശക്തൻ*

നിലനിൽക്കുന്നതെല്ലാം ഇത് കാരണമായി മാത്രം ഉണ്ടായതാണ്. അതിന്റെ കഴിവിനപ്പുറമുള്ള യാതൊന്നും നിലനിൽക്കുന്നില്ല. അതിനാൽ പ്രപഞ്ചത്തിന്റെ മൂലകാരണമായി വർത്തിച്ച ഉണ്മ സർവശക്തമാണ്.

*9. സർവജ്ഞൻ*

നിലനിൽക്കുന്നവയെല്ലാം ഇതിന്റെ ബോധപൂർവമായ ഇടപെടൽകൊണ്ട് ഉണ്ടായവയാണ്. അത് സൃഷ്ടിച്ചതല്ലാതെ യാതൊന്നും നിലനിൽക്കുന്നില്ല. ആയതിനാൽ പ്രപഞ്ചത്തിന്റെ മൂലകാരണം സർവജ്ഞമായതാണ്.

*10. ദൈവമായിരിക്കുക*

സകലതിന്റെയും സൃഷ്ടിപ്പിനും സംവിധാനത്തിനും കാരണമായ, ഏകമായ, അനാദിയായ, പരാശ്രയരഹിതമായ, ബൗദ്ധിക ഗുണങ്ങളുള്ള, സർവശക്തനും സർവജ്ഞനുമായ ഒരസ്തിത്വം എന്നത് ദൈവത്തിനു മാത്രം യോജിക്കുന്ന നിർവചനമാണ്. അപ്പോൾ ദൈവത്തിനു മാത്രം യോജിച്ച ഗുണങ്ങളും നിർവചനങ്ങളുമുള്ള ഒരു അസ്തിത്വമുണ്ട്. ആയതിനാൽ ദൈവമുണ്ട്.

**കുറിപ്പുകൾ:**


1. https://www.washingtonpost.com/national/on-faith/richard-dawkins-says-hes-not-entirely-sure-god-doesnt-exist/2012/02/24/gIQA7496XR story.html
2. "Cosmological Argument". Stanford Encyclopedia of Philosophy. 11 October 2017. Retried 15 May 2018.
3. Bridge, Mark (Director) (30 July 2014). First Second of the Big Bang. How The Universe Works. Silver Spring, MD. Science Channel.
4. Partridge 1995, p. xv
5. "5.2 Axiomatic Statements of the Laws of Thermodynamics". www.web.mit.edu. Massachusetts Institute of Technology.
6. "5.2 Axiomatic Statements of the Laws of Thermodynamics". www.web.mit.edu. Massachusetts Institute of Technology.
7. The Definitive Glossary of Higher Mathematical Jargon — Infinite". Math Vault. 2019-08-01. Retried 2019-11-15.

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം 41

# സൂറ: ഫുസ്സിലത്

## (വിശദീകരിക്കപ്പെട്ട)

(മക്കയിൽ അവതരിച്ചത്)

وَمَا يُلَقَّىٰهَآ إِلَّا ٱلَّذِينَ صَبَرُواْ وَمَا يُلَقَّىٰهَآ إِلَّا ذُو حَظٍّ عَظِيمٖ ٣٥

وَإِمَّا يَنزَغَنَّكَ مِنَ ٱلشَّيۡطَٰنِ نَزۡغٞ فَٱسۡتَعِذۡ بِٱللَّهِۖ إِنَّهُۥ هُوَ ٱلسَّمِيعُ ٱلۡعَلِيمُ ٣٦

وَمِنۡ ءَايَٰتِهِ ٱلَّيۡلُ وَٱلنَّهَارُ وَٱلشَّمۡسُ وَٱلۡقَمَرُۚ لَا تَسۡجُدُواْ لِلشَّمۡسِ وَلَا لِلۡقَمَرِ وَٱسۡجُدُواْۤ لِلَّهِ ٱلَّذِي خَلَقَهُنَّ إِن كُنتُمۡ إِيَّاهُ تَعۡبُدُونَ ٣٧

فَإِنِ ٱسۡتَكۡبَرُواْ فَٱلَّذِينَ عِندَ رَبِّكَ يُسَبِّحُونَ لَهُۥ بِٱلَّيۡلِ وَٱلنَّهَارِ وَهُمۡ لَا يَسۡـَٔمُونَ ٣٨ ۩

وَمِنۡ ءَايَٰتِهِۦٓ أَنَّكَ تَرَى ٱلۡأَرۡضَ خَٰشِعَةٗ فَإِذَآ أَنزَلۡنَا عَلَيۡهَا ٱلۡمَآءَ ٱهۡتَزَّتۡ وَرَبَتۡۚ إِنَّ ٱلَّذِيٓ أَحۡيَاهَا لَمُحۡيِ ٱلۡمَوۡتَىٰٓۚ إِنَّهُۥ عَلَىٰ كُلِّ شَيۡءٖ قَدِيرٌ ٣٩

35. ക്ഷമ കൈക്കൊണ്ടവർക്കല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല. വമ്പിച്ച ഭാഗ്യമുള്ളവന്നല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല.

36. പിശാചിൽനിന്നുള്ള വല്ല ദുഷ്പ്രേരണയും നിന്നെ വ്യതിചലിപ്പിച്ചുകളയുന്ന പക്ഷം അല്ലാഹുവോട് നീ ശരണം തേടിക്കൊള്ളുക. തീർച്ചയായും അവൻതന്നെയാകുന്നു എല്ലാം കേൾക്കുന്നവനും അറിയുന്നവനും.

37. അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ രാവും പകലും സൂര്യനും ചന്ദ്രനും. സൂര്യന്നോ, ചന്ദ്രന്നോ നിങ്ങൾ പ്രണാമം ചെയ്യരുത്. അവയെ സൃഷ്ടിച്ചവനായ അല്ലാഹുവിന്ന് നിങ്ങൾ പ്രണാമം ചെയ്യുക; നിങ്ങൾ അവനെയാണ് ആരാധിക്കുന്നതെങ്കിൽ.

38. ഇനി അവർ അഹംഭാവം നടിക്കുകയാണെങ്കിൽ നിന്റെ രക്ഷിതാവിന്റെ അടുക്കലുള്ളവർ (മലക്കുകൾ) രാവും പകലും അവനെ പ്രകീർത്തിക്കുന്നുണ്ട്. അവർക്ക് മടുപ്പ് തോന്നുകയില്ല.

39. നീ ഭൂമിയെ വരണ്ടുണങ്ങിയതായി കാണുന്നു. എന്നിട്ട് അതിൽ നാം വെള്ളം വർഷിച്ചാൽ അതിന് ചലനമുണ്ടാവുകയും അത് വളരുകയും ചെയ്യുന്നു. ഇതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. അതിന് ജീവൻ നൽകിയവൻ തീർച്ചയായും മരിച്ചവർക്കും ജീവൻ നൽകുന്നവനാകുന്നു. തീർച്ചയായും അവൻ ഏതുകാര്യത്തിനും കഴിവുള്ളവനാകുന്നു.

إِنَّ ٱلَّذِينَ يُلْحِدُونَ فِيٓ ءَايَٰتِنَا لَا يَخْفَوْنَ عَلَيْنَآ ۗ أَفَمَن يُلْقَىٰ فِى ٱلنَّارِ خَيْرٌ أَم مَّن يَأْتِىٓ ءَامِنًا يَوْمَ ٱلْقِيَٰمَةِ ۚ ٱعْمَلُوا۟ مَا شِئْتُمْ ۖ إِنَّهُۥ بِمَا تَعْمَلُونَ بَصِيرٌ ﴿٤٠﴾

إِنَّ ٱلَّذِينَ كَفَرُوا۟ بِٱلذِّكْرِ لَمَّا جَآءَهُمْ ۖ وَإِنَّهُۥ لَكِتَٰبٌ عَزِيزٌ ﴿٤١﴾

40. നമ്മുടെ ദൃഷ്ടാന്തങ്ങളുടെ നേരെ വക്രത കാണിക്കുന്നവരാരോ അവർ നമ്മുടെ ദൃഷ്ടിയിൽനിന്ന് മറഞ്ഞുപോകുകയില്ല; തീർച്ച. അപ്പോൾ നരകത്തിലെറിയപ്പെടുന്നവനാണോ ഉത്തമൻ അതല്ല ഉയിർത്തെഴുന്നേൽപിന്റെ നാളിൽ നിർഭയനായിട്ട് വരുന്നവനോ? നിങ്ങൾ ഉദ്ദേശിച്ചത് നിങ്ങൾ ചെയ്തുകൊള്ളുക. തീർച്ചയായും അവൻ നിങ്ങൾ പ്രവർത്തിക്കുന്നത് കണ്ടറിയുന്നവനാകുന്നു.

41. തീർച്ചയായും ഈ ഉൽബോധനം തങ്ങൾക്കു വന്നുകിട്ടിയപ്പോൾ അതിൽ അവിശ്വസിച്ചവർ (നഷ്ടംപറ്റിയവർ തന്നെ) തീർച്ചയായും അത് പ്രതാപമുള്ള ഒരു ഗ്രന്ഥം തന്നെയാകുന്നു.

35). (അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല) മഹനീയമായ ഈ കാര്യത്തിന് അനുഗ്രഹം ലഭിക്കില്ല. (ക്ഷമ കൈക്കൊണ്ടവർക്കല്ലാതെ) ഇഷ്ടമില്ലാത്തവയിൽ മനസ്സ് സഹിക്കണം. അല്ലാഹു ഇഷ്ടപ്പെടുന്ന കാര്യങ്ങളിൽ മനസ്സിനെ അധീനപ്പെടുത്തുകയും ചെയ്യുന്ന വർ. മനസ്സുകൾ എപ്പോഴും തിന്മയെ തിന്മ കൊണ്ടും വിട്ടുവീഴ്ചയില്ലാതെയും നേരിടാനാണ് നിർബന്ധിക്കുക. അപ്പോൾ എങ്ങനെ നന്മ ചെയ്യാനാകും?

എന്നാൽ മനുഷ്യൻ തന്റെ മനസ്സിനെ നിയന്ത്രിക്കുകയും തന്റെ രക്ഷിതാവിന്റെ കൽപന സ്വീകരിക്കുകയും അതിനുള്ള മഹത്തായ പ്രതിഫലം അറിയുകയും തിന്മയെ തിന്മകൊണ്ടുതന്നെ നേരിടുന്നതുകൊണ്ട് പ്രയോജനമില്ലെന്ന് മനസ്സിലാക്കുകയും ശത്രുത കാഠിന്യത്തെയല്ലാതെ അധികരിപ്പിക്കുകയില്ലന്നും, നന്മ ചെയ്യൽ തന്റെ മഹത്വത്തെ കുറക്കില്ലെന്നും മറിച്ച് അല്ലാഹുവിനുള്ള വിനയം തന്നെ ഉയർത്തുമെന്നും വിചാരിച്ചാൽ കാര്യം അവന് വളരെ എളുപ്പമാകും. ആ കാര്യം അവൻ ആസ്വദിച്ചും തനിക്കൊരു അലങ്കാരമായും പ്രവർത്തിക്കും.

(വമ്പിച്ച ഭാഗ്യമുള്ളവനല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല) പടപ്പുകളിൽ ചില പ്രത്യേകം ആളുകൾക്ക് മാത്രം കഴിയുന്നതാണിത്. അതിലൂടെ ഒരു ദാസൻ ഇഹത്തിലും പരത്തിലും ഉയർച്ചനേടുന്നു. സൽസ്വഭാവങ്ങളിലെ ഏറ്റവും വലിയ കാര്യമാണത്.

36). മനുഷ്യരിൽനിന്നുള്ള ശത്രുവിനെ നേരിടാൻ അല്ലാഹു പറഞ്ഞത് തിന്മയെ നന്മകൊണ്ട് നേരിടാനാണ്. ജിന്നിൽനിന്നുള്ള ശത്രുവിനെ നേരിടാൻ അല്ലാഹുവിൽ അഭയം തേടാനാണ് പറഞ്ഞത്. അവന്റെ തിന്മയിൽനിന്ന് സുരക്ഷ സ്വീകരിക്കുക. (പിശാചിൽ നിന്നുള്ള വല്ല ദുഷ്പ്രേരണയും നിന്നെ വ്യതിചലിപ്പിച്ചുകളയുന്നപക്ഷം അല്ലാഹുവോട് നീ ശരണം തേടിക്കൊള്ളുക) ഏത് സമയത്തും പിശാചിന്റെ ഏതെങ്കിലും തരത്തിലുള്ള പ്രേരണകൾ; ദുർമന്ത്രണങ്ങളാകാം, തിന്മയെ അലങ്കാരമായി കാണിക്കലാകാം, നന്മ ചെയ്യാൻ മടിയുണ്ടാക്കലാകാം, ചില തെറ്റുകൾ സംഭവിപ്പിക്കലുമാകാം. അതുമല്ലെങ്കിൽ അവൻ കൽപിക്കുന്ന ചില കാര്യങ്ങൾക്ക് വഴിപ്പെടലുമാകാം. (അല്ലാഹുവോട് നീ ശരണം തേടിക്കൊള്ളുക) ചോദിക്കുക; അവനിലേക്ക് ആവശ്യമുള്ളവനായി, നിന്നെ രക്ഷിക്കാനും സംരക്ഷിക്കാനും വേണ്ടി. (അവൻ തന്നെയാകുന്നു എല്ലാം കേൾക്കുന്നവനും അറിയുന്നവനും) നിന്റെ വിനയവും വാക്കും അവൻ കേൾക്കും. നിന്റെ സാഹചര്യവും തിന്മയിൽനിന്നുള്ള സംരക്ഷണവും സുരക്ഷയും നൽകേണ്ടതിന്റെ ആവശ്യകതയും അവനറിയാം.

37). തുടർന്ന് അല്ലാഹു പറയുന്നു: (അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ) അവന്റെ കഴിവിന്റെ പരിപൂർണതയെയും അവന്റെ ഉദ്ദേശ്യം, ശക്തി, വിശാലത, ആധിപത്യം, ദാസന്മാരോടുള്ള കരുണ എന്നിവയെയും, തീർച്ചയായും അല്ലാഹു, അവനേകനാണ്, അവന് പങ്കുകാരില്ല എന്നതിനെയും അറിയിക്കുന്നത്. (രാവും പകലും) ഒന്നിന്റെ പ്രയോജനം അതിന്റെ വെളിച്ചംകൊണ്ടാണ്. അതിലവർ കൈകാര്യങ്ങൾ നടത്തുന്നു. മറ്റൊന്നിന്റെ പ്രയോജനം അതിന്റെ ഇരുട്ടാണ്. അതിൽ പടപ്പുകൾ ശാന്തമാകുന്നു. (സൂര്യനും ചന്ദ്രനും) ഇവ രണ്ടുംകൊണ്ടല്ലാതെ സൃഷ്ടികളുടെ ജീവിതം ശരിയായി നിലനിൽക്കില്ല. അവരുടെ ശരീരങ്ങളാകട്ടെ, ഇവ രണ്ടുംകൊണ്ടല്ലാതെ നിലനിൽക്കില്ല. എണ്ണിക്കണക്കാക്കാനാവാത്ത ധാരാളം നന്മകൾ അവ രണ്ടുംകൊണ്ടുണ്ട്.

(സൂര്യനോ ചന്ദ്രനോ നിങ്ങൾ പ്രണാമം ചെയ്യരുത്) അവ രണ്ടും നിയന്ത്രിക്കപ്പെടുന്നതും കീഴ്പെടുത്തപ്പെട്ട

തും സൃഷ്ടിക്കപ്പെട്ടതുമാണ്. (അവയെ സൃഷ്ടിച്ചവനായ അല്ലാഹുവിന് നിങ്ങൾ പ്രണാമം ചെയ്യുക) അവനാണ് മഹാനായ സ്രഷ്ടാവ്. അവനെ മാത്രം ആരാധിക്കുക. അവന് പുറമെയുള്ളവർക്കുള്ള ആരാധന ഉപേക്ഷിക്കുക, മറ്റേത് സൃഷ്ടികളാണെങ്കിലും അതിന്റെ രൂപമെത്ര വലുതാണെങ്കിലും അതിന്റെ ഗുണങ്ങൾ എത്ര അധികരിച്ചതാണെങ്കിലും. കാരണം അതൊന്നും അവയിൽനിന്നുള്ളതല്ല. എല്ലാം അവയുടെ സ്രഷ്ടാവിൽനിന്ന് മാത്രമാണ്. അവൻ ഉന്നതനും അനുഗ്രഹപൂർണനുമാണ്. (നിങ്ങൾ അവനെയാണ് ആരാധിക്കുന്നതെങ്കിൽ) കീഴ്‌വണക്കം അവന് മാത്രമാക്കുകയും ആരാധന അവന് പ്രത്യേകമാക്കുകയും ചെയ്യുക.

38) (ഇനി അവർ അഹംഭാവം നടിക്കുകയാണെങ്കിൽ) അല്ലാഹുവിനെ ആരാധിക്കുന്നതിൽ. അതിനവർ കീഴ്പ്പെട്ടിട്ടുമില്ല. അതുകൊണ്ട് അവർ അല്ലാഹുവിന് യാതൊരു ഉപദ്രവവും വരുത്തുകയില്ല. അല്ലാഹു അവരിൽനിന്ന് ധന്യനാണ്. അവന് ആദരണീയരായ അടിമകളുണ്ട്. അവർ അവന്റെ കൽപനകൾക്ക് എതിര് പ്രവർത്തിക്കുകയില്ല. അവൻ കൽപിച്ചത് അവർ പ്രവർത്തിക്കുകയും ചെയ്യും.

അതാണ് അല്ലാഹു പറഞ്ഞത്: (നിന്റെ രക്ഷിതാവിന്റെ അടുക്കലുള്ളവർ) അതായത് സാമീപ്യം സിദ്ധിച്ച മലക്കുകൾ. (രാവും പകലും അവനെ പ്രകീർത്തിക്കുന്നുണ്ട്. അവർക്ക് മടുപ്പ് തോന്നുകയില്ല) അവനെ ആരാധിക്കുന്നതിൽ അവർക്ക് മടുപ്പുണ്ടാകുന്നില്ല. അവരുടെ ശക്തിയാലും അവരെ അതിലേക്ക് ക്ഷണിക്കുന്നവന്റെ ശക്തിയാലും.

39). (അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ) അവന്റെ പരിപൂർണ കഴിവും ആധിപത്യവും നിയന്ത്രണത്തിലുമുള്ള ഏകത്വവും എന്നിവയെ തെളിയിക്കുന്ന ദൃഷ്ടാന്തം. (നീ ഭൂമിയെ വരണ്ടുണങ്ങിയതായി കാണുന്നു). അതിൽ സസ്യങ്ങളില്ലാതെ (എന്നിട്ട് അതിൽ നാം വെള്ളം വർഷിച്ചാൽ) മഴ(അതിന് ചലമുണ്ടാവുകയും) ചെടികളെക്കൊണ്ട് ഇളകുന്നു. (അത് വളരുകയും ചെയ്യുന്നു).

കൗതുകമുള്ള എല്ലാ സസ്യവർഗങ്ങളും അതിൽ മുളച്ചുണ്ടായി. നാടുകളും ജനങ്ങളും അതുമൂലം ജീവിക്കുന്നു. (അതിന് ജീവൻ നൽകിയവൻ) അതിന്റെ നിർജീവതക്കും നിശ്ചലാവസ്ഥയ്ക്കുംശേഷം മരിച്ചവർക്കും ജീവൻ നൽകുന്നവനാകുന്നു) ഖബ്റുകളിൽനിന്നും ഉയർത്തെഴുന്നേൽപ് ദിനത്തിലേക്ക്. അതാണവരുടെ പുനരുത്ഥാനം. (തീർച്ചയായും അവനെല്ലാറ്റിനും കഴിവുള്ളവനാകുന്നു). ഭൂമിയെ നിർജീവതയ്ക്കുശേഷം ഭൂമിയെ ജീവിപ്പിക്കാൻ കഴിയുന്നതിൽ അശക്തനായിട്ടില്ലാത്തവൻ മരിച്ചവരെ ജീവിപ്പിക്കാനും അശക്തനാവുകയില്ല.

40) അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിലുള്ള നിഷേധം ശരിയിൽനിന്നും തെറ്റിപ്പോകലാണ്. അത് ഏത് രൂപത്തിലായാലും ശരി; അതിനെ എതിർക്കലാകാം, നിഷേധിക്കലുമാകാം. അതു കൊണ്ടുവന്നവനെ കളവാക്കലുമാകാം. അതുമല്ലെങ്കിൽ അതിൽ മാറ്റത്തിരുത്തലുകൾ വരുത്തലും യഥാർഥ അർഥത്തിൽനിന്ന് തെറ്റിക്കലുമാകാം. അല്ലാഹു ഉദ്ദേശിക്കാത്ത അർഥം സ്ഥാപിക്കലുമാകാം.

അതിൽ നിഷേധം കാണിക്കുന്നവനെ അല്ലാഹു താക്കീത് ചെയ്യുന്നു. അത് അറിയാതെ പോകുന്നില്ല. അവന്റെ ഉള്ളും പുറവുമെല്ലാം അവൻ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നു. അവൻ ചെയ്തതനുസരിച്ച് അവന്റെ നിഷേധത്തിന് അവൻ പ്രതിഫലം നൽകും. അതാണ് അല്ലാഹു പറഞ്ഞത്: (അപ്പോൾ നരകത്തിൽ എറിയപ്പെടുന്നവനാണോ) അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുന്നവനെപ്പോലെ. (ഉത്തമൻ, അതല്ല ഉയിർത്തെഴുന്നേൽപിന്റെ നാളിൽ നിർഭയനായിട്ട് വരുന്നവനോ?) അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന്, പ്രതിഫലത്തിന്നർഹനായി. ഇതാണ് നന്മയെന്ന് അംഗീകരിക്കപ്പെട്ടതാണ്.

അസത്യത്തിൽനിന്ന് സത്യം വ്യക്തമായപ്പോൾ; നാശത്തിന്റെ വഴിയിൽനിന്നും ശിക്ഷയിൽനിന്ന് രക്ഷപ്പെടുന്ന വഴിയും. അല്ലാഹു പറഞ്ഞു: (നിങ്ങൾ ഉദ്ദേശിച്ചത് നിങ്ങൾ ചെയ്തുകൊള്ളുക) നിങ്ങൾ ഉദ്ദേശിക്കുന്നുവെങ്കിൽ ശരിയുടെ മാർഗത്തിൽ നിങ്ങൾ പ്രവേശിക്കുക; നിങ്ങളുടെ രക്ഷിതാവിന്റെ തൃപ്തിയിലേക്കും സ്വർഗത്തിലേക്കും എത്തിക്കുന്ന. നിങ്ങൾ ഉദ്ദേശിക്കുന്നുവെങ്കിൽ വിഫല വഴിയിൽ നിങ്ങൾ പ്രവേശിച്ചുകൊള്ളുക; നിങ്ങളുടെ രക്ഷിതാവിന്റെ കോപമുണ്ടാക്കുന്നതും കഷ്ടതയുടെ ഭവനത്തിലെത്തിക്കുന്നതും

(തീർച്ചയായും അവൻ നിങ്ങൾ പ്രവർത്തിക്കുന്നത് കണ്ടറിയുന്നവനാകുന്നു) നിങ്ങളുടെ പ്രവർത്തനങ്ങൾക്കും സാഹചര്യങ്ങൾക്കും അനുസരിച്ച പ്രതിഫലം നിങ്ങൾക്ക് അവൻ നൽകും. അല്ലാഹു പറയുന്നു:

وَقُلِ ٱلْحَقُّ مِن رَّبِّكُمْ ۖ فَمَن شَآءَ فَلْيُؤْمِن وَمَن شَآءَ فَلْيَكْفُرْ ۚ

"പറയുക: സത്യം നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ളതാകുന്നു. അതിനാൽ ഇഷ്ടമുള്ളവർ വിശ്വസിക്കട്ടെ. ഇഷ്ടമുള്ളവർ അവിശ്വസിക്കട്ടെ..." (18:29).

41) തുടർന്ന് അല്ലാഹു പറയുന്നു: (തീർച്ചയായും ഈ ഉദ്ബോധനത്തിൽ അവിശ്വസിച്ചവർ) ജനങ്ങൾക്കുവേണ്ട ഭൗതികവും പാരത്രികവും മതപരവുമായ എല്ലാ നന്മകളും ഉദ്ബോധിപ്പിക്കുന്ന ക്വുർആനിനെ നിഷേധിക്കുന്നവർ. അതിനെ പിൻപറ്റുന്നവരുടെ നില ഉയർത്തുകകൂടി ചെയ്യുന്നു ക്വുർആൻ. (അതവർക്ക് വന്നപ്പോൾ) പടപ്പുകളിൽ ശ്രേഷ്ഠനും പൂർണനുമായവന്റെ കൈകളിലൂടെ ആ അനുഗ്രഹം. അതാവട്ടെ (തീർച്ചയായും ഒരു ഗ്രന്ഥം തന്നെയാകുന്നു). പൂർണതയുടെ എല്ലാ വിശേഷണങ്ങളുമൊത്ത. (പ്രതാപമുള്ള) അതിൽ വ്യത്യാസം വരുത്താനും മോശമായ ഉദ്ദേശ്യത്തോടെയും വരുന്ന എല്ലാവരെയും പ്രതിരോധിക്കുന്നത്.

"സത്യവിശ്വാസികളേ, നിങ്ങളുടെ സ്വത്തുക്കളും സന്താനങ്ങളും അല്ലാഹുവെപ്പറ്റിയുള്ള സ്മരണയിൽ നിന്ന് നിങ്ങളുടെ ശ്രദ്ധതിരിച്ചു വിടാതിരിക്കട്ടെ. ആർ അങ്ങനെ ചെയ്യുന്നുവോ അവർ തന്നെയാണ് നഷ്ടക്കാർ''(63:9).

# ദിക്റിന്റെ വഴിയിലെ തടസ്സങ്ങൾ

ശമീർ മദീനി
:9048 221 212

ദിക്റിന്റെ പ്രധാന്യവും മഹത്ത്വങ്ങളും അതിലൂടെ കിട്ടാവുന്ന നേട്ടങ്ങളുമൊക്കെ അനവധിയുണ്ടെന്ന് നമുക്കറിയാമെങ്കിലും കൃത്യവും നിത്യവുമായി ദിക്റുകൾ നമ്മുടെ ഒരു ശീലമാക്കി മാറ്റുന്നിടത്ത് പലവിധ തടസ്സങ്ങളും നേരിടേണ്ടിവരാറുണ്ട്. ബോധപൂർവം, കുറച്ചൊരു ത്യാഗമനഃസ്ഥിതിയോടെ അത്തരം പ്രതിബന്ധങ്ങളെ നമുക്ക് മറികടക്കാൻ സാധിക്കണം. അല്ലാഹു തൗഫീക് ചെയ്യട്ടെ!

### പിശാചിന്റെ ഇടപെടൽ

അല്ലാഹുവിനെ സ്മരിക്കുന്നതിൽനിന്ന് തടയാൻ പലരൂപത്തിൽ പിശാച് പരിശ്രമിക്കുമെന്ന് പ്രമാണങ്ങൾ പഠിപ്പിക്കുന്നു. മദ്യവും ചൂതാട്ടവും മുഖേന നിങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷവും ഉളവാക്കുവാനും അല്ലാഹുവെ ഓർമിക്കുന്നതിൽനിന്നും തടയാനുമാണ് പിശാച് ഉദ്ദേശിക്കുന്നതെന്ന് ക്വുർആൻ ഓർമിപ്പിക്കുന്നു:

"പിശാച് ഉദ്ദേശിക്കുന്നത് മദ്യത്തിലൂടെയും ചൂതാട്ടത്തിലൂടെയും നിങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷവും ഉളവാക്കുവാനും അല്ലാഹുവെ ഓർമിക്കുന്നതിൽനിന്നും നമസ്കാരത്തിൽനിന്നും നിങ്ങളെ തടയുവാനും മാത്രമാകുന്നു. അതിനാൽ നിങ്ങൾ (അവയിൽനിന്ന്) വിരമിക്കുവാനൊരുക്കമുണ്ടോ?" (5:91).

നമസ്കരിക്കാൻ നിൽക്കുന്ന വ്യക്തിയുടെ അടുക്കൽ ചെന്ന് പലതും ഓർമിപ്പിച്ച് നമസ്കാരത്തിന്റെ കാതലായ ദിക്റിൽനിന്ന് പിശാച് ശ്രദ്ധതിരിക്കാൻ പരിശ്രമിക്കുമെന്ന് സ്വഹീഹായ ഹദീസുകളിൽ കാണാം. നമസ്കാര ശേഷം ദിക്ർ ചൊല്ലാനായി ഇരിക്കുന്നയാളെ പിശാച് അതിൽനിന്ന് പലവിധത്തിലും പിന്തിരിപ്പിക്കാൻ ശ്രമിക്കുമെന്നതും നബി(സ്വ) മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

അബ്ദുല്ലാഹിബ്നു അംറ്(റ) പറയുന്നു, നബി(സ്വ) പറഞ്ഞു: "രണ്ട് കാര്യങ്ങൾ, ഏതൊരു സത്യവിശ്വാസി അവ ശ്രദ്ധിക്കിന്നുവോ സ്വർഗ പ്രവേശനം അയാൾക്ക് എളുപ്പമാകും. അവ ലളിതമാണെങ്കിലും ചെയ്യുന്നവർ വിരളമാണ്. ഓരോ നമസ്കാര ശേഷവും പത്ത്



തവണവീതം 'സുബ്ഹാനല്ലാഹ്,' 'അൽഹംദുലില്ലാഹ്', 'അല്ലാഹു അക്ബർ' എന്ന് പറയുക. അത് നാവിൽ 150 ആണെങ്കിലും മീസാനിൽ 1500 ആണ്. അപ്രകാരം തന്നെ ഉറങ്ങാൻ കിടക്കുമ്പോൾ 34 പ്രാവശ്യം 'അല്ലാഹു അക്ബർ' എന്നും 33 പ്രാവശ്യം 'അൽഹംദുലില്ലാഹ്' എന്നും 33 പ്രാവശ്യം 'സുബ്ഹാനല്ലാഹ്' എന്നും



പറയുക. അത് നാവിൽ 100 ആണെങ്കിലും മീസാനിൽ 1000മാണ്." നബി (സ്വ) അവ എണ്ണം പിടിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. സ്വഹാബത്ത് ചോദിച്ചു: 'എങ്ങനെയാണ് റസൂലേ, അവ ലളിതവും പ്രവർത്തിക്കുന്നവർ വിരളവും എന്ന് പറഞ്ഞത്?' നബി (സ്വ) പറഞ്ഞു: '(ഉറങ്ങാൻ കിടക്കുമ്പോൾ) നിങ്ങൾ അത് പറയേണ്ട സമയത്ത്, അത് പറയുന്നതിന് മുമ്പായി പിശാച് വന്ന് നിങ്ങളെ ഉറക്കിക്കളയും. അപ്രകാരംതന്നെ നമസ്കാര സമയത്തും അത് ചൊല്ലുന്നതിന് മുമ്പായി പിശാച് ഓരോ ആവശ്യങ്ങൾ നിങ്ങളെ ഓർപ്പിച്ചുകൊണ്ട് അതിൽനിന്ന് നിങ്ങളെ തടയും" (അബൂദാവൂദ്, തിർമുദി, നസാഈ, ഇബ്നു ഹിബ്ബാൻ).

**ചിലപ്പോൾ ദിക്റുകൾ അടക്കമുള്ള ആരാധനകൾക്ക് തടസ്സം ഇഹലോകത്തിലെ നമ്മുടെ ഇടപാടുകളും ക്രയവിക്രയങ്ങളുമായിരിക്കും. സത്യത്തിൽ അവയൊന്നും അതിന് തടസ്സമായിക്കൂടാ. നമുക്ക് ഈ സൗകര്യങ്ങൾ നൽകിയതും അവയൊക്കെ സുഗമമായി നടക്കുന്നതും റബ്ബിന്റെ ഔദാര്യം കൊണ്ടാണെന്നും ആ റബ്ബ് വിചാരിച്ചാൽ ഇവയെല്ലാം ഏത് നിമിഷവും തകിടം മറിയും എന്നുമുള്ള ചിന്ത നമ്മുടെ മനസ്സിൽ സജീവമായാൽ ഇബാദതുകൾക്കൊന്നും അത് യാതൊരു തടസ്സവുമാവുകയില്ല. ആരാധനകൾതന്നെ അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണ നിലനിർത്താൻ വേണ്ടിയാണ് എന്നാണല്ലോ നബി(സ്വ) പഠിപ്പിച്ചത്.**

ഇബ്നു ഹിബ്ബാന്റെ റിപ്പോർട്ടിൽ ഇത്ര കൂടിയുണ്ട്: "നബി(സ്വ) പറഞ്ഞു: അത് മീസാനിൽ 1500 ആണ്. നിങ്ങളിൽ ആരാണ് ഒരു ദിവസം 2500 തിൻമകൾ പ്രവർത്തിക്കുന്നത്?"

അബദ്ധത്തിൽ ചെയ്തുപോകുന്ന തിന്മയെക്കാൾ ഇത്തരം ദിക്റുകളിലൂടെ പുണ്യം നേടാനും അവയെ മറികടക്കാനും കഴിയുമെന്ന് സാരം. പക്ഷേ, പിശാച് അതിനു മുന്നിൽ തടസ്സങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കും. അതിനാൽ പിശാചിനെ ആട്ടിയകറ്റാനും നമുക്ക് സുരക്ഷയുറപ്പിക്കാനും പറ്റുന്ന ദുആകൾ, ദിക്റുകൾ, ക്വുർആൻ പാരായണം തുടങ്ങിയ കാര്യങ്ങൾ ചെയ്യാൻ നാം പ്രത്യേകം ശ്രദ്ധിക്കുകയും അവ ശീലമാക്കുകയും ചെയ്യണം.

### ഭൗതിക വിഭവങ്ങളോടുള്ള അമിത താൽപര്യം

ചിലപ്പോൾ ദിക്റുകൾ അടക്കമുള്ള ആരാധനകൾക്ക് തടസ്സം ഇഹലോകത്തിലെ നമ്മുടെ ഇടപാടുകളും ക്രയവിക്രയങ്ങളുമായിരിക്കും. സത്യത്തിൽ അവയൊന്നും അതിന് തടസ്സമായിക്കൂടാ. നമുക്ക് ഈ സൗകര്യങ്ങൾ നൽകിയതും അവയൊക്കെ സുഗമമായി നടക്കുന്നതും റബ്ബിന്റെ ഔദാര്യം കൊണ്ടാണെന്നും ആ റബ്ബ് വിചാരിച്ചാൽ ഇവയെല്ലാം ഏത് നിമിഷവും തകിടം മറിയും എന്നുമുള്ള ചിന്ത നമ്മുടെ മനസ്സിൽ സജീവമായാൽ ഇബാദതുകൾക്കൊന്നും അത് യാതൊരു തടസ്സവുമാവുകയില്ല. ആരാധനകൾതന്നെ അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണ നിലനിർത്താൻ വേണ്ടിയാണ് എന്നാണല്ലോ നബി(സ്വ) പഠിപ്പിച്ചത്. അല്ലാഹു വിശ്വാസികളെ ഓർമിപ്പിക്കുന്നത് കാണുക:

"സത്യവിശ്വാസികളേ, നിങ്ങളുടെ സ്വത്തുക്കളും സന്താനങ്ങളും അല്ലാഹുവെപ്പറ്റിയുള്ള സ്മരണയിൽ നിന്ന് നിങ്ങളുടെ ശ്രദ്ധതിരിച്ചുവിടാതിരിക്കട്ടെ. ആർ അങ്ങനെ ചെയ്യുന്നുവോ അവർ തന്നെയാണ് നഷ്ടക്കാർ"(63:9).

**ദേഹേച്ഛകൾ**

പടച്ചവനെക്കുറിച്ചുള്ള സ്മരണയിൽനിന്ന് മനുഷ്യനെ തടയുന്ന മറ്റൊന്ന് ദേഹേച്ഛയാണ്. കളിയും വിനോദങ്ങളും മറ്റു സുഖാസ്വാദനങ്ങളുമൊക്കെ ഒരു ഭാഗത്തുനിന്ന് നമ്മെ മാടിവിളിക്കുമ്പോൾ അതിനെക്കാളേറെ മികച്ചതും ഗുണകരമായിട്ടുള്ളതും റബ്ബ് വിളിക്കുന്നിടത്താണ് എന്ന് തിരിച്ചറിയാൻ സാധിക്കണം. അതിനു ശേഷം മാത്രം മതി റബ്ബ് വിലക്കാത്ത കളിയും വിനോദങ്ങളും എന്ന് തീരുമാനിക്കാൻ കഴിയുന്നെങ്കിൽ മാത്രമാണ് വിജയപാതയിൽ നമുക്ക് പാദമുറപ്പിക്കാൻ സാധിക്കുക. അല്ലാഹുവിന്റെ വാക്കുകൾ ശ്രദ്ധിക്കുക:

"സത്യവിശ്വാസികളേ, വെള്ളിയാഴ്ച നമസ്കാരത്തിന് വിളിക്കപ്പെട്ടാൽ അല്ലാഹുവെ പറ്റിയുള്ള സ്മരണയിലേക്ക് നിങ്ങൾ വേഗത്തിൽ വരികയും വ്യാപാരം ഒഴിവാക്കുകയും ചെയ്യുക. അതാണ് നിങ്ങൾക്ക് ഉത്തമം; നിങ്ങൾ കാര്യം മനസ്സിലാക്കുന്നുവെങ്കിൽ. അങ്ങനെ നമസ്കാരം നിർവഹിക്കപ്പെട്ടു കഴിഞ്ഞാൽ നിങ്ങൾ ഭൂമിയിൽ വ്യാപിച്ചുകൊള്ളുകയും അല്ലാഹുവിന്റെ അനുഗ്രഹത്തിൽനിന്ന് തേടിക്കൊള്ളുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ ധാരാളമായി ഓർക്കുകയും ചെയ്യുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം. അവർ ഒരു കച്ചവടമോ വിനോദമോ കണ്ടാൽ അവയുടെ അടുത്തേക്ക് പിരിഞ്ഞ് പോകുകയും നിന്നനിൽപിൽ നിന്നെ വിട്ടേക്കുകയും ചെയ്യുന്നതാണ്. നീ പറയുക: അല്ലാഹുവിന്റെ അടുക്കലുള്ളത് വിനോദത്തെക്കാളും കച്ചവടത്തെക്കാളും ഉത്തമമാകുന്നു. അല്ലാഹു ഉപജീവനം നൽകുന്നവരിൽ ഏറ്റവും ഉത്തമനാകുന്നു" (62: 9-11).

അഹങ്കാരത്തോടെ അത്തരം ദേഹേച്ഛകളുടെ പിന്നാലെ പോകുന്നവരെ വരാനിരിക്കുന്ന ദുരന്തത്തെ കുറിച്ച് ഖുർആൻ ഓർമിപ്പിക്കുന്നത് ഇതാണ്:

"യാതൊരു അറിവുമില്ലാതെ ദൈവമാർഗത്തിൽനിന്ന് ജനങ്ങളെ തെറ്റിച്ചുകളയുവാനും, അതിനെ പരിഹാസ്യമാക്കിത്തീർക്കുവാനും വേണ്ടി വിനോദവാർത്തകൾ വിലയ്ക്കു വാങ്ങുന്ന ചിലർ മനുഷ്യരുടെ കൂട്ടത്തിലുണ്ട്. അത്തരക്കാർക്കാണ് അപമാനകരമായ ശിക്ഷയുള്ളത്. അത്തരം ഒരാൾക്ക് നമ്മുടെ വചനങ്ങൾ ഓതിക്കേൾപിക്കപ്പെടുകയാണെങ്കിൽ അവൻ അഹങ്കരിച്ചുകൊണ്ട് തിരിഞ്ഞുകളയുന്നതാണ്. അവനത് കേട്ടിട്ടില്ലാത്തപോലെ. അവന്റെ ഇരുകാതുകളിലും അടപ്പുള്ളതുപോലെ. ആകയാൽ നീ അവന്ന് വേദനയേറിയ ശിക്ഷയെപ്പറ്റി സന്തോഷവാർത്തയറിയിക്കുക" (31:6,7)

**മറവി**

നൻമകളെ മറന്നുപോകുന്നത് വലിയ ദുരന്തമാണ്. അതിനെയോർത്ത് പിന്നീട് ഖേദിക്കുകയും സങ്കടപ്പെടുകയുമൊക്കെ ചെയ്യേണ്ടിവരാറുണ്ട്. നമ്മുടെ മനസ്സിൽ ഒരു കാര്യത്തിന് എത്രകണ്ട് മുന്തിയ സ്ഥാനവും പരിഗണനയും ഉണ്ടോ അതനുസരിച്ചായിരിക്കും അതിനെക്കുറിച്ചുള്ള ശ്രദ്ധയും ഓർമയും സജീവമാവുക. അതിനാൽ ദിക്റിന്റെ മഹത്ത്വങ്ങളും അതിലൂടെ കൈവരിക്കാവുന്ന നേട്ടങ്ങളും ശരിയായ വിധത്തിൽ മനസ്സിനെ ബോധ്യപ്പെടുത്തുക. എങ്കിൽ ഒരു പരിധിവരെ ദിക്റുകൾ മറക്കാതിരിക്കാൻ കഴിയും. അത്തരം ആളുകളെ കീഴ്പ്പെടുത്താൻ പിശാചിന് പ്രയാസമായിരിക്കും. പൈശാചികതകൾക്ക് വശംവദരായി നിന്ന് കൊടുക്കുമ്പോൾ പിശാചുക്കൾ നമ്മുടെ മനസ്സിലും മസ്തിഷ്കത്തിലും കൂട് കെട്ടി മുട്ടയിട്ട് അടയിരിക്കും. അത് വലിയ നഷ്ടവും പരാജയവുമായിരിക്കും സമ്മാനിക്കുക എന്ന് പ്രത്യേകം പറയേണ്ടതില്ലോ.

> എല്ലാറ്റിനുമുപരി ഏത് നൻമയ്ക്കും അത്യന്തികമായി നമുക്ക് വേണ്ടത് റബ്ബിന്റെ സഹായവും തൗഫീഖുമാണ്. അതിനാൽ നിരന്തരമായി അല്ലാഹുവിനോട് അതിന് വേണ്ടി ചോദിച്ചുകൊണ്ടിരിക്കുക. നബി (സ്വ)യുടെ ഉപദേശവും അതാണ്. 'അല്ലാഹുവേ, നിന്നെ സ്മരിക്കുവാനും നിനക്ക് നന്ദി കാണിക്കുവാനും നിനക്ക് നല്ലരൂപത്തിൽ ആരാധനകളനുഷ്ഠിക്കുവാനും നീ എന്നെ സഹായിക്കേണമേ.

അതിനാൽ അത്തരം മറവിയിൽ നിന്നും അതുവഴിയുണ്ടാകുന്ന ദുരന്തങ്ങളിൽനിന്നും റബ്ബിനോട് രക്ഷതേടുക. നൻമയ്ക്ക് പ്രേരണയും പ്രചോദനവുമാകുന്ന സദ്വൃത്തരുമായി ചങ്ങാത്തം കൂടുവാനും സമയം ചെലവഴിക്കുവാനും പ്രത്യേകം ശ്രദ്ധിക്കുക. അല്ലാഹു പറയുന്നു:

"പിശാച് അവരെ കീഴടക്കിവെക്കുകയും അങ്ങനെ അല്ലാഹുവെ പറ്റിയുള്ള ഉൽബോധനം അവർക്ക് വിസ്മരിപ്പിച്ചു കളയുകയും ചെയ്തിരിക്കുന്നു. അക്കൂട്ടരാകുന്നു പിശാചിന്റെ കക്ഷി. അറിയുക; തീർച്ചയായും പിശാചിന്റെ കക്ഷി തന്നെയാകുന്നു നഷ്ടക്കാർ" (58:19).

എല്ലാറ്റിനുമുപരി ഏത് നൻമയ്ക്കും അത്യന്തികമായി നമുക്ക് വേണ്ടത് റബ്ബിന്റെ സഹായവും തൗഫീഖുമാണ്. അതിനാൽ നിരന്തരമായി അല്ലാഹുവിനോട് അതിന് വേണ്ടി ചോദിച്ചുകൊണ്ടിരിക്കുക. നബി (സ്വ)യുടെ ഉപദേശവും അതാണ്.

മുആദ്(റ) പറയുന്നു: "നബി (സ്വ) എന്റെ കൈ പിടിച്ചുകൊണ്ട് പറഞ്ഞു: 'മുആദേ, അല്ലാഹുവാണെ ഞാൻ നിന്നെ സ്നേഹിക്കുന്നു. മുആദേ, ഞാൻ നിന്നോട് വസ്വിയ്യത്ത് ചെയ്യുന്നു; ഒരു നമസ്കാരശേഷവും ഇപ്രകാരം പറയാൻ നീ വിട്ടുപോകരുത്: 'അല്ലാഹുവേ, നിന്നെ സ്മരിക്കുവാനും നിനക്ക് നന്ദി കാണിക്കുവാനും നിനക്ക് നല്ലരൂപത്തിൽ ആരാധനകളനുഷ്ഠിക്കുവാനും നീ എന്നെ സഹായിക്കേണമേ. (അബൂദാവൂദ്, നസാഈ, അഹ്മദ്). ■

ലേഖനം



ഖാദിയാനി വേദപുസ്തകം
'തദ്കിറ'യിലൂടെ ഒരു യാത്ര 17

# അർഥം തേടി അലയുന്ന 'പ്രവാചകൻ!'

പി പി അബ്ദുർറഹ്മാൻ
കൊടിയത്തൂർ
: 9447 701 741

**കുർആൻ എന്റെ വായിൽനിന്ന്**

1883ൽ അവതരിച്ച ചില ഇംഗ്ലീഷ് 'വഹ്‌യു'കളുടെ ആമുഖം ഉർദു പേർഷ്യൻ ഭാഷകളിലാണ്. "സന്തോഷിക്കുക, നിന്റെ സമയം അടുത്തിരിക്കുന്നു. മുഹമ്മദീയരുടെ കാലടികൾ ഒരു ഉയർന്ന മിനാരത്തിൽ ഉറച്ചുനിൽക്കുന്നു. പരിശുദ്ധ നബി മുഹമ്മദ് (സ്വ) പ്രവാചകന്മാരുടെ നേതാവ്. ദൈവം നിന്റെ എല്ലാ കാര്യങ്ങളും ശരിയാക്കും. നീ ഉദ്ദേശിച്ചതെല്ലാം നിനക്ക് നൽകും. വിശുദ്ധ കുർആൻ അല്ലാഹുവിന്റെ ഗ്രന്ഥവും എന്റെ വായിലെ വചനങ്ങളുമാണ് എന്നാണ് അടയാളത്തിന്റെ താൽപര്യം. അല്ലാഹു തന്റെ നന്മയുടെ കവാടങ്ങൾ തുറന്നിരിക്കുന്നു. അവന്റെ നിർമലമായ കരുണാകടാക്ഷം അവരിലേക്ക് ശ്രദ്ധ ചെലുത്തിയിരുന്നു. The days shall come, when God shall help you. Glory be to the Lord. God maker of earth and heaven.." (പേജ് 77).

ലഭിക്കുന്ന ആൾക്ക് അറിയാത്ത ഭാഷയിൽ സന്ദേശം നൽകുന്നത് വളരെയേറെ പ്രയാസങ്ങൾ സൃഷ്ടിക്കുമെന്ന് മിർസാ ഖാദിയാനിതന്നെ പറഞ്ഞിട്ടുണ്ടല്ലോ. അത്

എത്രമാത്രം ശരിയാണെന്ന് തെളിയിക്കുന്ന ഒരു സംഭവത്തെക്കുറിച്ചാണ് ഇനി പറയുന്നത്.

**അർഥം തേടി അലയുന്ന 'പ്രവാചകൻ!'**

പത്തു വർഷത്തിലേറെക്കാലം തന്റെ ശിഷ്യനും സഹായിയുമായിരുന്ന ലുധിയാന സ്വദേശി മീർ അബ്ബാസ് അലി ഷാക്ക് 1883 ഡിസംബർ 12ന് മിർസാ ഖാദിയാനി ഒരു കത്തയച്ചു.

"ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളിൽ ഈ ആഴ്ച എനിക്ക് അവതരിച്ച കുറെ ഇൽഹാമുകൾ ഇങ്ങനെയാണ്: 'പ്രഷ്യൻ ഉമർ പിറാത്തൂസ് അല്ലെങ്കിൽ പിലാത്തോസ്.' അവതരണത്തിന്റെ ശീഘ്രത മൂലം എന്താണെന്ന് മനസ്സിലായിട്ടില്ല. ഉമർ അറബി വാക്കാണ്. മറ്റ് രണ്ടിന്റെയും അർഥവും അവ ഏത് ഭാഷയാണെന്നും അറിയിക്കണം."

'ഹുവ ശഅ്നാ നഅ്സൻ' ഏതു ഭാഷയാണ് എന്നറിയില്ല. ഹിബ്രു ആണെന്ന് തോന്നുന്നു. പിന്നെ അറബിയിൽ 'അല്ലയോ ദാവൂദ്, ജനങ്ങളോട് ഗുണകാംക്ഷയോടും നിർമല ഹൃദയത്തോടും കൂടി പെരുമാറുക' എന്ന് പറഞ്ഞു. പിന്നെ You must do what I told you ഞാൻ പറഞ്ഞത് നീ ചെയ്തുകൊള്ളുക' എന്ന് തർജമ സഹിതം അവതരിച്ചു. തുടർന്ന് "Though all men should be angry, but God is with you. He shall help you. Words of God cannot be exchange' എന്ന് പറഞ്ഞു. പിന്നെ പറഞ്ഞത് അൽപം മാത്രമെ ഓർമയുള്ളൂ. I shall help you. You have to go Amirtsar.' തുടർന്ന് പറഞ്ഞതിന്റെ അർഥം മനസ്സിലായിട്ടില്ല."He halts in zilla Peshawar"(പേജ് 91-92).

ഇംഗ്ലീഷ് വഹ്യുകളുടെ അർഥവും തേടി ഒരു ഹിന്ദു പയ്യന്റെ പിറകെ പോയതും 'കാലഹരണപ്പെട്ട ഭാഷാപ്രയോഗങ്ങൾ മനസ്സിലായില്ല' എന്ന അവന്റെ മറുപടിയുമൊക്കെ തുടർന്ന് എഴുതിയിട്ടുണ്ട്. ഒടുവിൽ പ്രവാചകന്റെ ഗതികേടും വിഷയത്തിലെ പന്തികേടും മനസ്സിലാക്കി മീർ അബ്ബാസ് അലി മിർസാ ഖാദിയാനിയുമായുള്ള എല്ലാ ബന്ധങ്ങളും വിച്ഛേദിച്ചു.

> **ഇംഗ്ലീഷ് വഹ്യുകളുടെ അർഥവും തേടി ഒരു ഹിന്ദു പയ്യന്റെ പിറകെ പോയതും 'കാലഹരണപ്പെട്ട ഭാഷാപ്രയോഗങ്ങൾ മനസ്സിലായില്ല' എന്ന അവന്റെ മറുപടിയുമൊക്കെ തുടർന്ന് എഴുതിയിട്ടുണ്ട്. ഒടുവിൽ പ്രവാചകന്റെ ഗതികേടും വിഷയത്തിലെ പന്തികേടും മനസ്സിലാക്കി മീർ അബ്ബാസ് അലി മിർസാ ഖാദിയാനിയുമായുള്ള എല്ലാ ബന്ധങ്ങളും വിച്ഛേദിച്ചു. മിർ അബ്ബാസലി ഷാ ഖാദിയാനി മതം ഉപേക്ഷിച്ചപ്പോൾ നേരത്തെ അദ്ദേഹത്തെക്കുറിച്ച് വഹ്യ് അവതരിച്ച കാര്യം ആരോ മിർസയെ ഓർമപ്പെടുത്തി. ഈമാനിന്റെ കരുത്തും വേരുറപ്പും ആകാശം മുട്ടുന്ന ശിഖരങ്ങളും മിർസയെ അലോസരപ്പെടുത്തിയെന്നും ഉത്തരം മുട്ടിയെന്നും നിങ്ങൾ കരുതിയോ?**

**വഹ്യുകളുടെ ഇലാസ്തികത**

1882 ഡിസംബർ 30ന് മിർസാ ഖാദിയാനിക്ക് ലഭിച്ച വഹ്യിൽ അല്ലാഹു അബ്ബാസലിയെ വളരെയേറെ പ്രശംസിച്ചതായി അറിയിച്ചുകൊണ്ട് എഴുതിയ കത്ത് കൂടി വായിക്കുക:

"വളരെ അത്ഭുതകരമായ ഒരു ജാഗ്രദ് ദർശനമാണ് ഇന്നുണ്ടായത്. അതിൽ താങ്കളുടെ പട്ടണവും കാണാനായി. ലുധിയാനക്കാരനായ പേരറിയാത്ത ഒരാളുടെ സ്വദേശത്തെ പറ്റിയാണ് വെളിപ്പെടുത്തിയത്. അയാളുടെ പേരും വിലാസവും താമസസ്ഥലവും അടയാളങ്ങളും ഒക്കെ പറഞ്ഞുതന്നു. ഇപ്പോൾ പ്രത്യേകമായി താമസം ലുധിയാന ആണെന്ന് മാത്രമെ ഓർമയുള്ളൂ. ഒപ്പം അദ്ദേഹത്തിന്റെ സവിശേഷ ഗുണങ്ങൾ എഴുതി കാണിച്ചു. 'സോദ്ദേശ്യമുള്ളവൻ, വേരുകൾ ഭൂമിയിൽ ഉറച്ചവനും ആകാശത്ത് ശാഖകളുള്ളവനും' എന്നുവച്ചാൽ ഉദ്ദേശ്യത്തിൽ കരുത്തും പൂർണതയുമുണ്ട്, ചാഞ്ചാട്ടമോ പോരായ്മകളോ ഇല്ല എന്ന്. പിന്നീട് പ്രഭാത സമയത്ത് കാണിച്ച കടലാസിൽ 'ഉദ്ദേശ്യശുദ്ധിയുള്ള ഒരാൾ ലുധിയാനയിൽ ഉണ്ട്' എന്ന് എഴുതിയിരിക്കുന്നു. പേരും വിലാസവും പറഞ്ഞിരുന്നെങ്കിലും ഓർമിക്കുന്നില്ല" (പേജ് 45).

കത്തുകളുടെ സമാഹാരമായ 'മക്തൂബാതെ അഹ്മദിയ്യ' ഒന്നാം വാല്യം പേജ് നാലിലും നമുക്കിത് വായിക്കാവുന്നതാണ്. കത്തെഴുതി വിവരമറിയിച്ച സ്ഥിതിക്ക് ആ 'വഹ്യ്' തന്നെപ്പറ്റിയാണെന്ന് ആ സാധു വിചാരിച്ചുകാണും. പക്ഷേ, മിർസയുടെ കാപട്യം മനസ്സിലാക്കാൻ അടുത്ത നമ്പറിലുള്ളത് വായിച്ചാൽ മതി. ദിവസങ്ങൾക്കു ശേഷം 1883 ജനുവരി 18ന് നവാബ് അലി മുഹമ്മദ് ഝജറിന് മിർസ


9. The days shall come when God shall help you.
10. Glory be to this Lord God Maker of earth and heaven.

*ഖുർആൻ എന്റെ വായിൽ നിന്ന്*

എഴുതിയത് ഇങ്ങനെ:

"ഇന്ന് സുബ്ഹിനോടടുത്ത് ഒരു ജാഗ്രദ് ദർശനത്തിൽ ഒരു കടലാസ് എന്റെ നേരെ നീട്ടുന്നതായി ഞാൻ കണ്ടു. അതിൽ എഴുതിയിരുന്നത് 'സദുദ്ദേശ്യമുള്ള ഒരാൾ ലുധിയാനയിൽ ഉണ്ട്' എന്നായിരുന്നു. പിന്നെ അയാളുടെ വീടിന്റെ അഡ്രസ്സ് എനിക്ക് പറഞ്ഞുതന്നു. പേരും പറഞ്ഞുവെങ്കിലും ഓർമയിലില്ല. പിന്നീട് ഉദ്ദേശ്യ ശുദ്ധിയെയും വിശ്വാസദാർഢ്യതയെയും പ്രശംസിച്ചുകൊണ്ട് കടലാസിൽ എഴുതിക്കാണിച്ചു; 'ഭൂമിയിൽ വേരുറച്ചവനും ആകാശത്ത് ശാഖയുള്ളവനും' എന്ന്. ഈ വ്യക്തി ആരാണെന്ന് എനിക്കറിയില്ല. താങ്കളെയാണ് അല്ലാഹു ഉദ്ദേശിച്ചത് എന്ന് ഞാൻ സംശയിക്കുന്നു" (പേജ് 59).

രണ്ട് കത്തുകളിലെയും വഹ്‌യുകളിലെയും വാക്കുകളിൽ ഒരു വ്യത്യാസവുമില്ല. തീയതിയും അഡ്രസ്സും മാത്രമെ മാറ്റമുള്ളൂ. ഒരേ വഹ്‌യ് തന്നെ രണ്ടുപേർക്കും ചാർത്തിക്കൊടുക്കുകയാണ് ഈ 'പ്രവാചകൻ!'

മിർസാ ഖാദിയാനി, അബ്ബാസലി ഷാക്ക് 200ലേറെ കത്തുകൾ എഴുതിയിട്ടുണ്ട്. കത്തുകളുടെ സമാഹാരമായ മക്തൂബാത് ഒന്നാം വാല്യത്തിലെ മുഴുവൻ കത്തുകളും അദ്ദേഹത്തിന് എഴുതിയതാണ്.

1883 ഡിസംബർ 12ന് എഴുതിയ കത്തിലെ, തങ്ങൾക്ക് ആവശ്യമുള്ളതെന്ന് തോന്നിയ ഭാഗം മാത്രമാണ് തദ്കിറയിൽ എടുത്തെഴുതിയിട്ടുള്ളത്.

**സ്ത്രീവിരുദ്ധ വഹ്‌യ്**

മിർ അബ്ബാസലി ഷാ ഖാദിയാനി മതം ഉപേക്ഷിച്ചപ്പോൾ നേരത്തെ അദ്ദേഹത്തെക്കുറിച്ച് വഹ്‌യവതരിച്ച കാര്യം ആരോ മിർസയെ ഓർമപ്പെടുത്തി. ഈമാനിന്റെ കരുത്തും വേരുറപ്പും ആകാശം മുട്ടുന്ന ശിഖരങ്ങളും മിർസയെ അലോസരപ്പെടുത്തിയെന്നും ഉത്തരം മുട്ടിയെന്നും നിങ്ങൾ കരുതിയോ? ഈ മറുപടി വായിച്ചു നോക്കുക:

"മീർ സാഹിബിന്റെ തലയിലെഴുത്തിൽ തന്നെ ഈ ചാഞ്ചാട്ടം രേഖപ്പെടുത്തിയിരുന്നു എന്നാണ് ഇൽഹാമിലെ സ്ത്രീലിംഗ പ്രയോഗത്തിൽനിന്ന് മനസ്സിലാവുക. എങ്കിലും ഈസാ മസീഹിനോട് തന്റെ അരുമശിഷ്യൻ യൂദാസ്കറിയോത്തി ചെയ്തതിന് അപ്പുറമല്ലല്ലോ ഇയാൾ എന്നോട് ചെയ്തത്. ഞാൻ ഒരിക്കൽ കൂടി മസീഹിനോട് സമരസപ്പെട്ടു എന്നതാണ് ആത്യന്തികഫലം" (ആസ്മാനീ ഫൈസല, പേജ് 36).

പൂച്ച വീണ പോലെ അയാൾ നാലുകാലിൽ തന്നെ! പക്ഷേ, കാര്യം നിസ്സാരമല്ല. 'അസ്‌ലുഹാ' എന്ന് വഹ്‌യിൽ സ്ത്രീലിംഗ സർവനാമം പ്രയോഗിച്ചത്, അദ്ദേഹത്തിന്റെ കാലുമാറ്റത്തിന്റെ സൂചനയായിരുന്നു എന്നാണ് മിർസയുടെ മറുപടി. സ്ത്രീസമൂഹത്തെ അങ്ങേയറ്റം ഇകഴ്ത്തുന്ന ഒരു പ്രസ്താവനയാണ് 'കാലത്തിന്റെ പരിഷ്കർത്താവ്' ഇവിടെ നടത്തിയിട്ടുള്ളത്.

> **സ്ത്രീവിരുദ്ധത മിർസയെ നിയോഗിച്ച യലാശുവിന്റെ സ്വഭാവമാണെന്ന് തന്നെയാണ് അടുത്ത വഹ്‌യ് വായിച്ചാൽ മനസ്സിലാക്കുക.**
> 1906 **മാർച്ച്** 13: **'ആണുങ്ങളെ എത്രവേണമെങ്കിലും കൂടെ കൊണ്ടുപോവുക; എന്നാൽ പെണ്ണുങ്ങൾ പോകേണ്ട' (പേജ്** 514**) എന്ന് വഹ്‌യ് വന്നു.**
> **ഖാദിയാനി പ്രവാചകനോ ക്രോഡീകരിച്ചയാളോ ഒരു വിശദീകരണവും ഇതിന് നൽകിയിട്ടില്ല. അനുയായികളാകട്ടെ, ഏത് കാലത്തും ഇതിന്റെയൊക്കെ മറുപടി നൽകുക തങ്ങളുടെ ബാധ്യതയായി കരുതുന്നുമില്ല. കരുതിയിട്ടും കാര്യമില്ല. അവർക്കതിന് സാധിക്കില്ലല്ലോ.**

**സ്ത്രീകൾ വേണ്ട**

സ്ത്രീവിരുദ്ധത മിർസയെ നിയോഗിച്ച യലാശുവിന്റെ സ്വഭാവമാണെന്ന് തന്നെയാണ് അടുത്ത വഹ്‌യ് വായിച്ചാൽ മനസ്സിലാക്കുക.

1906 മാർച്ച് 13: 'ആണുങ്ങളെ എത്രവേണമെങ്കിലും കൂടെ കൊണ്ടുപോവുക; എന്നാൽ പെണ്ണുങ്ങൾ പോകേണ്ട' (പേജ് 514) എന്ന് വഹ്‌യ് വന്നു.

ഖാദിയാനി പ്രവാചകനോ ക്രോഡീകരിച്ചയാളോ ഒരു വിശദീകരണവും ഇതിന് നൽകിയിട്ടില്ല. അനുയായികളാകട്ടെ, ഏത് കാലത്തും ഇതിന്റെയൊക്കെ മറുപടി നൽകുക തങ്ങളുടെ ബാധ്യതയായി കരുതുന്നുമില്ല. കരുതിയിട്ടും കാര്യമില്ല. അവർക്കതിന് സാധിക്കില്ലല്ലോ.

"അതിനിടെ മറ്റൊരു സംഭവമുണ്ടായി. നന്നായി ഇംഗ്ലീഷ് സംസാരിക്കുന്ന ഒരു വിദ്യാർഥി എന്നെ കാണാൻ വന്നു. അവരുടെ മുമ്പിൽ വച്ച് എനിക്കൊരു ഇൽഹാം അവതരിച്ചു.. 'This is my enemy' ഇവനെന്റെ ശത്രുവാകുന്നു.' ഇത് ഇവനെപ്പറ്റിയാണെന്ന് മനസ്സിലായെങ്കിലും അക്കാര്യം വെളിപ്പെടുത്താതെ അവനോട് തന്നെ അതിന്റെ അർഥം ചോദിച്ചു. ഒടുവിൽ അവൻ ഉള്ളുനിറയെ കാപട്യവും മറ്റു പല ദൂഷ്യങ്ങളുമുള്ള ആളാണെന്ന് തെളിഞ്ഞു" (പേജ് 25).

A word and two girls

"ഒരു ഇംഗ്ലീഷുകാരൻ ഇതു തന്നെ പറഞ്ഞുകൊണ്ടിരിക്കുന്നതായി സ്വപ്നം കണ്ടു. ശ്രദ്ധിച്ചു നോക്കിയപ്പോൾ ഇംഗ്ലീഷുകാരനല്ല, മൗലവി മുഹമ്മദലി എം.എ ആണ് ഈ വാക്കുകൾ ഉരുവിട്ടു കൊണ്ടിരിക്കുന്നത് എന്ന്

കാണാൻ സാധിച്ചു. പിന്നീട് ഇംഗ്ലീഷിൽ ഇൽഹാം അവതരിച്ചു. A word and two girls- ഒരു വാക്കും രണ്ടു പെൺകുട്ടികളും" (പേജ് 505).

ഇതിന് യാതൊരു വിശദീകരണവും നൽകാൻ അന്ന് കഴിഞ്ഞില്ലെങ്കിലും മാസങ്ങൾക്ക് ശേഷം ഇക്കാര്യം വിശദീകരിക്കുന്നുണ്ട് മിർസാ ഖാദിയാനി.

"മിയാൻ മൻസൂർ മുഹമ്മദിനും ഭാര്യ മുഹമ്മദീ ബീഗത്തിനും ഒരു ആൺകുട്ടി ജനിച്ചു. കുട്ടിക്ക് പേരിടാൻ വഹ്‌യ് അവതരിച്ചു; ആദ്യം രണ്ടെണ്ണം-ബഷീറുദ്ദൗല എന്നും ആലമേ കബാബ് എന്നും. അവൻ ജനിക്കുന്നതോടെ ഭൂകമ്പം പോലുള്ള നിരവധി പ്രവചനങ്ങൾ പുലരുമെന്നും നിരവധിപേർ ജമാഅത്തിൽ ചേരുമെന്നും നമ്മുടെ സമ്പത്തും സൗഭാഗ്യവും വർധിക്കുമെന്നുമാണ് ബഷീറുദ്ദൗല എന്നതിന്റെ വിവക്ഷ. അതേസമയം എതിരാളികളിൽ അങ്കലാപ്പും ദൗർഭാഗ്യവും വർധിച്ചു, ഖിയാമത്തിന്റെ മാതൃക ഉണ്ടാകുമെന്നാണ് താൽപര്യമെന്നും വിശദീകരിക്കുന്നു" (പേജ് 533-534).

'പ്രവാചക'ന്റെ ആരുമല്ലാത്ത ഒരു സ്ത്രീക്ക് മകൻ ജനിച്ചപ്പോൾ അവന് പേര് നിർദേശിച്ചുകൊണ്ട് വഹ്‌യ് അവതരിക്കുന്നു! ആ പേരിന്റെ വിവക്ഷപ്രകാരം ഖാദിയാനി പ്രവാചകന്റെ നിരവധി പ്രവചനങ്ങൾ പുലരുമെന്നും അതു കണ്ട് ആളുകൾ ജമാഅത്തിൽ ചേരുമെന്നും സമ്പത്തും സൗഭാഗ്യവും വർധിക്കുമെന്നും വ്യാഖ്യാനിക്കുന്നു! വല്ലാത്തൊരു ഗതികേടു തന്നെ.

അടുത്ത നമ്പറിൽ വീണ്ടും അതേ കുട്ടിക്ക് രണ്ടു പേരുകൾ കൂടി വഹ്‌യായി വന്നതിന്റെ വിവരണമാണ്. "ശാദീഖാൻ, കലിമതുല്ലാഖാൻ എന്നിവയാണ് ആ മഹദ് നാമങ്ങൾ. കലിമത്തുല്ലാഖാൻ എന്നാൽ അല്ലാഹുവിന്റെ കലാം അഥവാ a word എന്നർഥം. മൻസൂർ മുഹമ്മദ് ഖാന് രണ്ട് പെൺകുട്ടികളുമുണ്ട്. A word and two girls എന്ന പ്രവചനം എത്ര ഭംഗിയായി പുലർന്നു!" (പേജ് 534).

> **1882ൽ അവതരിച്ചതെന്നു പറയുന്ന സുദീർഘമായ ഒരു സൂക്താവലിയിലെ 32,33 സൂക്തങ്ങൾ ഇങ്ങനെയാണ്: 'ഏലീ ഏലീ ലമ്മാ സിബഖ്തനീ ഏലി ഓസ്.' എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്? ഇൽഹാമിന്റെ രണ്ടാം വാക്യം 'ഏലി ഓസ്' അവതരിച്ചതിന്റെ വേഗതകൊണ്ട് വ്യക്തമായിട്ടില്ല, അർഥവും മനസ്സിലായിട്ടില്ല''(പേജ് 71). ഒരുപാട് വചനങ്ങൾ വിശുദ്ധഖുർആനിൽനിന്ന് ഇയാൾ പകർത്തിയെഴുതിയത് നാം കണ്ടിട്ടുണ്ട്. ഈ വാക്യങ്ങൾ യേശുക്രിസ്തു കുരിശിൽ വച്ച് പറഞ്ഞതാണെന്ന് ബൈബിളിൽ കാണുന്നു. അവ തന്റേതാക്കി അവതരിപ്പിച്ചതാണ് ഖാദിയാനി പ്രവാചകൻ. സ്വന്തമായി ഒന്നും ഇല്ലാത്തവന്റെ ഗതികേട്!**

എന്നാൽ അതേ പേജിന്റെ അടിക്കുറിപ്പിൽ ഈ ഇൽഹാമിനെപ്പറ്റി രണ്ടാം ഖലീഫ ബഷീർ മഹ്മൂദ് അഹമ്മദിന്റെ ഒരു വിവരണമുണ്ട്.

'ഒരു കലിമ കൊണ്ട് ഉദ്ദേശിച്ചത്, വാഗദത്ത പരിഷ്കർത്താവിനെക്കുറിച്ച് (അത് രണ്ടാം ഖലീഫ തന്നെയാണ്) മൻസൂർ മുഹമ്മദ് എഴുതിയ പുസ്തകമാകുന്നു. അദ്ദേഹമാണ് ആദ്യമായി എന്നെപ്പറ്റി പുസ്തകം എഴുതിയത്. അദ്ദേഹത്തിന് രണ്ട് പെൺമക്കളുണ്ട്. അത് മൂന്നുമാണ് അദ്ദേഹത്തിന്റെ സ്മാരകങ്ങൾ! ഇൽഹാമിൽ നിന്ന് വ്യക്തമാകുന്നത്, അവർക്ക് ആൺകുട്ടികൾ ഉണ്ടാവുകയില്ല എന്നാണ് " (പേജ് 534, അടിക്കുറിപ്പ്)

### ഇല്ലാത്ത കുട്ടിക്ക് പേരുകൾ ഒമ്പത്!

ഇൽഹാം ലഭിച്ചുവെന്ന് വാദിക്കുന്നയാൾ പറയുന്നു മൻസൂർ മുഹമ്മദിന് കലിമത്തുല്ലാഖാൻ എന്ന ആൺകുട്ടിയും രണ്ടു പെൺകുട്ടികളും ആണുള്ളത് എന്ന്. ഈ ആൺകുട്ടിക്ക് മൊത്തം 9 പേരുകൾ അല്ലാഹു നിർദേശിച്ചിട്ടുണ്ട് എന്നും വിശദീകരിക്കുന്നു. അവ താഴെ പറയുന്നു:

1. കലിമതുൽ അസീസ് 2. കലിമത്തുല്ലാഖാൻ 3. Word 4. ബഷീറുദ്ദൗല 5. ശാദി ഖാൻ 6. ആലമെ കബാബ് 7. നാസിറുദ്ദീൻ 8. ഫാതിഹുദ്ദീൻ 9. അനുഗൃഹീത ദിനം! (പേജ് 537)

എന്നാൽ മകൻ ഖലീഫ പറയുന്നു; അല്ല, അയാൾക്ക് ആൺകുട്ടികൾ ഇല്ല. എന്നെക്കുറിച്ച് അയാൾ എഴുതിയ പുസ്തകമാണ് കലിമ. പിന്നെ രണ്ട് പെൺമക്കളും.

മേൽപറഞ്ഞ ഒമ്പത് പേരുകളുടെ ഇൽഹാം ഖലീഫ കണ്ടിട്ടില്ലേ? അതോ ബാപ്പ കളവു പറയുകയാണെന്നാണോ മകൻ ഖലീഫയുടെ വിശ്വാസം? അതുമല്ലെങ്കിൽ അവയൊക്കെയും തന്നെക്കുറിച്ച് എഴുതിയ പുസ്തകത്തിന്റെ പേരുകളോ?

### പേർഷ്യൻ വഹ്‌യുകൾ

മിർസാ ഖാദിയാനിയുടെ വഹ്‌യുകൾ അധികവും അറബി, ഉർദു ഭാഷകളിലാണ് അവതരിച്ചത്. പിന്നെ താരതമ്യേന അധികമുള്ളത് പേർഷ്യൻ ഭാഷയിലാണ്. ചില ഉദാഹരണങ്ങൾ കാണുക:

'നീ എന്റെ സന്നിധാനത്തേക്കു വീണ്ടും വീണ്ടും വരുന്നുണ്ടല്ലോ. അതുകൊണ്ട് ദൈവം അനുഗ്രഹത്തിന്റെ മഴ നിന്നിലേക്ക് വർഷിക്കുന്നുവോ ഇല്ലേയെന്ന് നീ സ്വയം നിരീക്ഷിക്കുക. പാമരന്റെ പര്യവസാനം നരകത്തിലായിരിക്കും, വിഡ്ഢികളുടെ പരിണതി അപൂർവമായി മാത്രമെ നന്മയിലായിരിക്കൂ' (പേജ് 560).

### ഹിബ്രു വഹ്‌യുകൾ

മീർ അബ്ബാസ് അലിഷാക്കെഴുതിയ കത്തിലെ ഹിബ്രുവാണെന്ന് സംശയിക്കുന്ന 'ഹുവ ശഅ്നാ നഅ്സൻ' എന്നതിനു പുറമെ വേറെയും ചില ഹിബ്രു



۹۱

میرے اُس لڑکے کو اس کی موت کا صدمہ پہنچا" (حقیقۃ الوحی صفحہ ۲۲۳۔ روحانی خزائن جلد ۲۲ صفحہ ۲۳۲)

سنہ ۱۸۸۳ء

"ہمارے بھائی مرزا غلام قادر صاحب مرحوم کی وفات سے ایک دن پہلے الہام ہوا:۔

"جنازہ"

اور مَیں نے اِس الہام کی بہت لوگوں کو خبر دے دی چنانچہ دوسرے روز بھائی صاحب فوت ہوئے"

(نزول المسیح صفحہ ۲۲۵۔ روحانی خزائن جلد ۱۸ صفحہ ۶۰۳)

دسمبر سنہ ۱۸۸۳ء

"اِس ہفتہ میں بعض کلمات انگریزی وغیرہ الہام ہوئے ہیں ...... اور وہ کلمات یہ ہیں:۔

پریشن۔ عمر۔ براطوس یا پلاطوس

یعنے پڑطوس لفظ ہے یا پلاطوس لفظ ہے بباعث سُرعت الہام دریافت نہیں ہوا اور عمر عربی لفظ ہے۔ اِس جگہ براطوس اور پریشن کے معنے دریافت کرنے ہیں کہ کیا ہیں اور کس زبان کے یہ لفظ ہیں؟ پھر دو لفظ اور ہیں۔

ھُوْشَعْنَا نَعْسَا

معلوم نہیں کس زبان کے ہیں اور انگریزی یہ ہیں۔ اوّل عربی فقرہ ہے۔

یَا دَاوُدُ عَامِلْ بِالنَّاسِ رِفْقًا وَّ اِحْسَانًا

یُو مَسْٹ ڈُو وہاٹ آئی ٹولڈ یُو۔ تم کو وہ کرنا چاہیئے جو مَیں نے فرمایا ہے۔

خاکسار مرتب کے عرض کرنے پر حضرت صاحبزادہ مرزا بشیر احمد صاحب نے حضرت اُمّ المؤمنین سے دریافت کیا کہ مرزا غلام قادر صاحب کی وفات کس سنہ میں ہوئی تھی تو آپ نے فرمایا کہ میری شادی سے (جو ۱۸۸۴ء میں ہوئی تھی) ایک سال قبل اُن کی وفات ہو چکی تھی۔ نیز کتاب پنجاب چیفس میں بھی سنہ وفات ۱۸۸۳ء ہی لکھا ہے۔

(ا) "یہ ایک عبرانی لفظ ہے جس کے معنے ہیں نجات دے۔ فرمایا کہ یا مسیح الخلق عدوانا کا مضمون اس سے ملتا جلتا ہے۔ (البدر جلد ۲ نمبر ۱۶ پرچہ ۸ مئی ۱۹۰۳ء صفحہ ۱۲۲ کالم نمبر ۳) (ب) "چونکہ یہ غیر زبان میں الہام ہے اور الہام الٰہی میں ایک سُرعت ہوتی ہے اِسلئے ممکن ہے کہ بعض الفاظ کے ادا کرنے میں کچھ فرق ہو اور یہ بھی دیکھا گیا ہے کہ بعض جگہ خدا تعالیٰ انسانی محاورات کا پابند نہیں ہوتا یا کسی اور زمانہ کے متروکہ محاورہ کو اختیار کرتا ہے اور یہ بھی دیکھا گیا ہے کہ وہ بعض جگہ انسانی گریمر یعنی صرف و نحو کے ماتحت نہیں چلتا۔ اس کی نظیریں قرآن شریف میں بہت پائی جاتی ہیں مثلاً یہ آیت اِنْ هٰذٰنِ لَسٰحِرٰنِ انسانی نحو کی رُو سے اِنْ هٰذَیْنِ چاہیئے۔" (حقیقۃ الوحی صفحہ ۱۰۴ حاشیہ۔ روحانی خزائن جلد ۲۲ صفحہ ۱۰۶ حاشیہ)

You must do what I told you.

*ഇംഗ്ലീഷ് വഹ്‌യുകളുടെ അർത്ഥം അന്വേഷിച്ച് അബ്ബാസ് അലിക്ക് എഴുതിയ കത്ത്*

വഹ്‌യുകൾ തദ്കിറയിൽ കാണാം. 1882ൽ അവതരിച്ചതെന്നു പറയുന്ന സുദീർഘമായ ഒരു സൂക്താവലിയിലെ 32,33 സൂക്തങ്ങൾ ഇങ്ങനെയാണ്: 'ഏലീ ഏലീ ലമ്മാ സിബഖ്തനീ ഏലി ഓസ്.' എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്? ഇൽഹാമിന്റെ രണ്ടാം വാക്യം 'ഏലി ഓസ്' അവതരിച്ചതിന്റെ വേഗതകൊണ്ട് വ്യക്തമായിട്ടില്ല, അർഥവും മനസ്സിലായിട്ടില്ല''(പേജ് 71).

ഒരുപാട് വചനങ്ങൾ വിശുദ്ധ ഖുർആനിൽനിന്ന് ഇയാൾ പകർത്തിയെഴുതിയത് നാം കണ്ടിട്ടുണ്ട്. ഈ വാക്യങ്ങൾ യേശുക്രിസ്തു കുരിശിൽ വച്ച് പറഞ്ഞതാണെന്ന് ബൈബിളിൽ കാണുന്നു. അവ തന്റേതാക്കി അവതരിപ്പിച്ചതാണ് ഖാദിയാനി പ്രവാചകൻ. സ്വന്തമായി ഒന്നും ഇല്ലാത്തവന്റെ ഗതികേട്!

"1897 ജൂലൈ 28ന് ഇൽഹാം അവതരിച്ചു. തോപ്പ എന്നോ തപ്പോ എന്നോ ആണ് അവതരിച്ചത്. ഹിബ്രു ആണെന്ന് തോന്നുന്നു. ഒരു ഹിബ്രു നിഘണ്ടു കിട്ടിയാൽ അറിയാം. അന്വേഷിച്ചു നോക്കുക"(പേജ് 658). എന്ത് കോപ്പായാലും അത് അന്വേഷിച്ചറിയേണ്ട ബാധ്യത പാവങ്ങളായ അനുയായികൾക്കാണ്!

**സമുദായത്തിന്റെ ഭാഷയിൽ**

ഇനിയുള്ള ചില വഹ്‌യുകൾ പ്രവാചകന്റെ സമുദായത്തിന്റെ ഭാഷയായ പഞ്ചാബിയിൽ ആണുള്ളത്.

''1899 മാർച്ച് 10ന് ഒരു ഇൽഹാം അവതരിച്ചു: ഏറെ ദുർഘടമായ പാതകൾ താണ്ടിയാണ് വന്നതെന്ന് ആർക്കും പറയാനാവില്ല'' (പേജ് 277).

സ്വപ്നത്തിൽ ഖാദിയാനി പ്രവാചകന്റെ മകൾ മുബാറക ബീഗം പഞ്ചാബി ഭാഷയിൽ പറയുന്ന ഒരു വാക്യമായാണ് ഈ വഹ്‌യ് അവതരിപ്പിച്ചിട്ടുള്ളത്.

1903ലെ ഒരു ഇൽഹാമിനെക്കുറിച്ച് മിർസാ ഗുലാം എഴുതുന്നു: 'പഞ്ചാബി കവിതാ വരികൾ ഇൽഹാമുകളായി രണ്ടുതവണ എനിക്ക് അവതരിച്ചിട്ടുണ്ട്. ലൗകികമായ എല്ലാ ആസ്വാദനങ്ങളിലും സ്വാർഥതയുടെ പങ്കാണ് കൂടുതൽ ഉണ്ടാവുക. ഇത് ഏറ്റവും ഭംഗിയായി സാക്ഷ്യപ്പെടുത്തിയ ഒരു പഞ്ചാബി കവിത ഇതാ: 'നിന്റെ ലോകം മുഴുവൻ എന്റെ സ്വന്തമായിരുന്നെങ്കിൽ!''

''മറ്റൊരിക്കൽ ഞാൻ കണ്ടത്, ഒരു വിശാലമായ മൈതാനം, ഋഷിവര്യനെപ്പോലെ ഒരാൾ എന്റെ അടുത്തേക്ക് വരികയാണ്. അടുത്തെത്തിയപ്പോൾ അദ്ദേഹം പറഞ്ഞു: 'ആരുടെ വായിലാണോ ഇലാഹിനോടുള്ള സ്നേഹഗീതം തുളുമ്പുന്നത് അതാണ് ദർവേശുകളുടെ അടയാളം'' (പേജ് 390).

1907 മാർച്ച് 28ന് പകുതി ഉർദുവിലും പകുതി പഞ്ചാബിയിലുമായി അവതരിച്ചതെന്ന് പറയുന്ന വഹ്‌യ് കാണുക: 'എന്റെ ശത്രു നാശമടഞ്ഞു. ഇനി അവൻ ഇടപാടുകൾ നടത്തേണ്ടത് പടച്ചവനോട് തന്നെയാണ്'(പേജ് 599).

പഞ്ചാബുകാരനായ മിർസാ ഗുലാം അഹ്മദിന് 20 ജുസ്ഉള്ള ഗ്രന്ഥത്തിൽ 1600നടുത്ത് 'വഹ്‌യുകൾ നൽകിയിട്ടും' സ്വന്തം സമുദായത്തിന്റെ ഭാഷയിൽ അവതരിച്ചത് മേൽപറഞ്ഞ രണ്ടര എണ്ണം മാത്രമാണ്. കുർആൻ അവതരിപ്പിച്ച അല്ലാഹുവല്ല മിർസാ ഖാദിയാനിക്ക് വഹ്‌യ് നൽകുന്നത് എന്ന് ഇതിൽനിന്നും വ്യക്തമാണല്ലോ.

**1907 മാർച്ച് 28ന് പകുതി ഉർദുവിലും പകുതി പഞ്ചാബിയിലുമായി അവതരിച്ചതെന്ന് പറയുന്ന വഹ്‌യ് കാണുക: 'എന്റെ ശത്രു നാശമടഞ്ഞു. ഇനി അവൻ ഇടപാടുകൾ നടത്തേണ്ടത് പടച്ചവനോട് തന്നെയാണ്'(പേജ് 599). പഞ്ചാബുകാരനായ മിർസാ ഗുലാം അഹ്മദിന് 20 ജുസ്ഉള്ള ഗ്രന്ഥത്തിൽ 1600നടുത്ത് 'വഹ്‌യുകൾ നൽകിയിട്ടും' സ്വന്തം സമുദായത്തിന്റെ ഭാഷയിൽ അവതരിച്ചത് മേൽപറഞ്ഞ രണ്ടര എണ്ണം മാത്രമാണ്. കുർആൻ അവതരിപ്പിച്ച അല്ലാഹുവല്ല മിർസാ ഖാദിയാനിക്ക് വഹ്‌യ് നൽകുന്നത് എന്ന് ഇതിൽനിന്നും വ്യക്തമാണല്ലോ.**



# അവധിക്കാലവും വിരുന്നുയാത്രയും

**ഉസ്മാൻ പാലക്കാഴി**
: 9656292244

ഉപ്പ വീട്ടിൽനിന്നും പുറത്തുപോകാനൊരുങ്ങിയ നേരം നജ്‌വ മോൾ അടുത്തേക്ക് ഓടിച്ചെന്നുകൊണ്ട് ചോദിച്ചു: "ഉപ്പാ ഞാനും കൂടെ വരട്ടേ?"

പുഞ്ചിരിച്ചുകൊണ്ട് ഉപ്പ പറഞ്ഞു: "പോന്നോളൂ. ഞാൻ അങ്ങാടിയിലേക്കാ."

അതു കേട്ടപ്പോൾ അകത്തുനിന്നും ഓടിവന്നുകൊണ്ട് ഫൈസൽ പറഞ്ഞു: "ഉപ്പാ ഇത് അവധിക്കാലമല്ലേ. നമുക്ക് എങ്ങോട്ടെങ്കിലും ടൂർ പോയാലോ?"

"ഏതായാലും സ്‌കൂളും മദ്‌റസയും അവധിയാണ്. നമുക്ക് വിരുന്നു പോകാം" ഉമ്മയും ഇടപെട്ടു.

"എങ്കിൽ മക്കളേ, നമുക്കിന്ന് നിങ്ങളുടെ അമ്മാവന്റെ വീട് സന്ദർശിക്കാം" ഉപ്പ അഭിപ്രായപ്പെട്ടു.

"നമുക്ക് ടൂർ പോകാം ഉപ്പാ. ഊട്ടിയിൽ പുഷ്പമേള നടക്കുകയാണെന്ന് എന്റെ കൂട്ടുകാരൻ ഫയാസ് പറഞ്ഞു. നല്ല രസമാണത്രെ കാണാൻ" ഫൈസൽ തന്റെ ആഗ്രഹം വീണ്ടും പ്രകടിപ്പിച്ചു.

"മക്കളേ, അതിനൊക്കെ കുറെ കാശ് ചെലവാണ്. കാശിന് വലിയ ചെലവില്ലാത്തതും അല്ലാഹുവിൽനിന്ന് പ്രതിഫലം കിട്ടുന്നതുമായ കാര്യമാണ് ഞാൻ നിങ്ങളോട് പറഞ്ഞത്. സ്‌കൂളിൽനിന്ന് നിങ്ങൾ ടൂർ പോകാറുണ്ടല്ലോ" ഉപ്പ പറഞ്ഞു.

"ഉപ്പാ, ഇടയ്ക്കിടെ നിങ്ങൾ കുടുംബങ്ങളിലേക്ക് പോകുന്നുണ്ടല്ലോ. എന്തിനാ എപ്പഴും ഇങ്ങനെ പോകുന്നത്?" നജ്‌വമോൾ തന്റെ സംശയം പ്രകടിപ്പിച്ചു.

ചിരിച്ചുകൊണ്ട് ഉപ്പ പറഞ്ഞു: "അതിനെന്താ? കുടുംബസന്ദർശനം അല്ലാഹുവിന്റെ മതം കൽപിക്കുന്ന കാര്യമാണെന്ന് മോൾക്കറിയില്ലേ?"

"അടുത്ത കുടുംബക്കാരെ സന്ദർശിക്കാൻ കൽപിച്ചിട്ടുണ്ടെന്നോ?"

"അതെ മോളേ, കുടുംബ ബന്ധം ചേർക്കാൻ നമ്മോട് കൽപനയുണ്ട്. പതിവായി സന്ദർശിക്കണം. അങ്ങനെ അവർക്കും നമുക്കുമിടയിലുള്ള ബന്ധം മുറിയാതെ നോക്കണം" ഉപ്പ വിശദീകരിച്ചു.

"എങ്കിൽ ഇനി ഉപ്പ പോകുമ്പോഴൊക്കെ ഞാനും കൂടെ വരും" നജ്‌വ പറഞ്ഞു.

"ഞാനും വരും" ഫൈസൽ വിട്ടുകൊടുത്തില്ല.

അങ്ങനെ അവർ അമ്മാവന്റെ വീട്ടിലേക്ക് പുറപ്പെട്ടു. അമ്മാവനും കുടുംബവും അവരെ സന്തോഷത്തോടെ സ്വീകരിച്ചു. ചെന്നയുടൻ രുചികരമായ ജ്യൂസ് അവർക്ക് കുടിക്കാൻ കൊടുത്തു. അമ്മാവന്റെ മകൾ ഒരു പെട്ടി ചോക്കലേറ്റ് നജ്‌വക്ക് നൽകിക്കൊണ്ട് പറഞ്ഞു: "നല്ല രസമുള്ള ചോക്കലേറ്റാ. നിനക്കും ഫൈസലിനും ഞങ്ങളെ കാണാൻ വന്നതിനുള്ള സമ്മാനം."

നജ്‌വ അത് ഫൈസലിന്റെ കൈയിൽ കൊടുത്തു. പെട്ടി തുറന്ന് അതിൽനിന്ന് ഒരു ചോക്കലേറ്റ് കഷ്ണം വായിലിട്ടുകൊണ്ട് നജ്‌വ പറഞ്ഞു: "അമ്മായീ, ഞാനിനി ഉപ്പാന്റെ കൂടെ ഇടയ്ക്കൊക്കെ ഇവിടെ വരും. കുടുംബബന്ധങ്ങൾ ചേർക്കുന്നതിന്റെ പ്രാധാന്യം ഉപ്പ എനിക്ക് പറഞ്ഞുതന്നിട്ടുണ്ട്."

"നല്ല കുട്ടി. എല്ലാ കുടുംബ വീടുകളിലും പോകണം. അടുത്ത കുടുംബങ്ങൾ തമ്മിൽ ബന്ധം ചേർക്കൽ പരസ്പരമുള്ള സ്നേഹം വർധിപ്പിക്കും. ബന്ധം ചേർക്കുന്നവരോട് അല്ലാഹുവും ബന്ധം ചേർക്കും. ബന്ധം മുറിക്കുന്നവരോട് അല്ലാഹുവും ബന്ധം മുറിക്കും" അമ്മായി പറഞ്ഞു.

ഉച്ചഭക്ഷണം കഴിഞ്ഞശേഷം മടങ്ങുമ്പോൾ നജ്‌വയും ഫൈസലും വളരെ സന്തോഷത്തിലായിരുന്നു. അവധിക്കാലം അവസാനിക്കുമ്പോഴേക്കും എല്ലാ കുടുംബവീടുകളിലേക്കും കൊണ്ടുപോകാമെന്ന് ഉപ്പ പറഞ്ഞപ്പോൾ അവരുടെ സന്തോഷം വർധിച്ചു.




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

Google Pay Paytm

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
27 MAY 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

“അക്ഷര വെളിച്ചത്തിനൊരു കൈത്താങ്ങ്”

WISDOM students

# വിദ്യാനിധി
## സ്കൂൾ കിറ്റ്



ഒരു കുട്ടിക്ക്
₹800

- ഇല്ലായ്മ പഠനത്തിന് തടസ്സം സൃഷ്ടിക്കാതിരിക്കാൻ, ഒരുമിച്ചൊരു കൈത്താങ്ങ്.
- അക്ഷര മുറ്റത്ത് അവർ തോളോട് തോൾ ചേർന്ന് പഠിക്കട്ടെ.

**പണം അയക്കേണ്ട അക്കൗണ്ട് വിവരങ്ങൾ:**

**Account** AXIS BANK

Customer Name : WISDOM ISLAMIC ORGANIZATION EDIFICE
Account Number : 921010054119382
Branch Name : Kozhikode
Branch IFSC : UTIB0000136

**UPI ID** fcbizfibefc@freecharge

SCAN AND PAY

Collect Your Reciept
7560 902 902

*For Queries : 8281 083568, 9072 542 542*

Wisdom Islamic Students Organization
CV Complex, PV Sami Road, Kozhikode